# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**


പുസ്തകം 78
ലക്കം 5
മെയ് 2006
ഹിജ്റത്ത് 1385
റ. ആഖിർ - ജ. അവ്വൽ 1427



**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) / 95495 (Land) } 5520733
ഫാക്സ് : **0495 - 2721609**
e-mail: sathyadoothan@ahmadiyya.com



**സ്ഥാപിതം**
**1925**



4 *യുഗശബ്ദം*

5 *മുഖക്കുറിപ്പ്*

**ലേഖനം**

6 *മുസ്‌ലിംകളുടെ ജീർണ്ണത*
ഹദ്റത്ത് അഹ്മദ് *(അ)*

7 *ഖലീഫയുടെ പദവിയും ഖിലാഫത്തിന്റെ വ്യതിയാനവും*
ശൈഖ് മുബാറക് അഹ്മദ്

11 *ഇസ്‌ലാമിലെ സ്പാനിഷ് ചിന്താസരണി*
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

14 *"ഇന്നീ മഅക്ക യാ മസ്‌റൂർ"*
*അഞ്ചാം ഖിലാഫത്തിന്റെ മഹനീയാനുഗ്രഹങ്ങൾ*
മുഹമ്മദ് ഉമർ

18 *ഖിലാഫത്ത് വ്യവസ്ഥിതിയുടെ അനുഗ്രഹങ്ങളും*
*നമ്മുടെ ഉത്തരവാദിത്തങ്ങളും*
റാവീൽ ബുഖാറോവ്, റഷ്യ

22 *ശാസ്ത്രപുരോഗതിയും മുസ്‌ലിം സമൂഹവും*
പ്രൊ. അബ്ദുസ്സലാം

24 *രാഷ്ട്രം, സമൂഹം, ഖിലാഫത്ത്*
എ.എം. മുഹമ്മദ് സലീം

29 *ദൈവം സർവ്വ വ്യാപിയല്ലേ?*
എൻ. അബ്ദുർറഹീം

31 *മതസ്വാതന്ത്ര്യവും ശിക്ഷാ നിയമവും*
എ.പി. കുഞ്ഞാമു

35 *അഹ്മദികളും പാകിസ്താൻ സമൂഹവും*
ബി. അബ്ദുല്ലാഹ് എഷ്. എ.

38 *കുറിപ്പുകൾ - മുത്വലാഖും സുപ്രീംകോടതി വിധിയും വിശുദ്ധഖുർആനും*

42 *അനുസ്മരണം, വാർത്തകൾ.*


*മുഖചിത്രം :*
**ഡൽഹി ചെങ്കോട്ടയിലെ മോത്തി മസ്ജിദ്, ക്രി. വ. 1662 ൽ പണിതത്.**


Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, CLT - 1.

## ഖുർആനിൽ നിന്ന്


**'നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോടു, അവരെ അവർക്കു മുമ്പു ണ്ടായിരുന്നവരെ ഖലീഫമാർ ആക്കിയ ത്പോലെ തീർച്ചയായും ഭൂമിയിൽ ഖലീഫ മാരാക്കുകയും. അവർക്കായിട്ടു താൻ തൃപ്തിപ്പെട്ട മതത്തെ അവർക്കു ബലപ്പെ ടുത്തിക്കൊടുക്കുകയും, അവരുടെ ഭയ ത്തിനുശേഷം അവരെ സമാധാനത്തിലാക്കു കയും ചെയ്യുമെന്നു അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു.' (24:56)**

## നബിവചനം

ഹ: ഹുദൈഫ (റ)യിൽ നിന്നു നിവേദനം: (മുസ്‌ലിം ജീർണ്ണതയുടെ കാലത്തെ മതനേ താക്കൾ) നമ്മിൽപ്പെട്ട നമ്മുടെ ഭാഷ സംസാ രിക്കുന്ന ഒരു കൂട്ടം ആളുകളായിരിക്കും അവർ. ഞാൻ അതിന് സാക്ഷിയായാൽ അങ്ങ് എന്നോട് എന്താണ് കല്പിക്കുന്നത്? അവിടുന്ന് പറഞ്ഞു: നീ ഇസ്‌ലാമിക ജമാ അത്തിനെയും അവരുടെ ഇമാമിനെയും പിൻപറ്റുക. ജമാഅത്തും ഇമാമുമില്ലെങ്കിൽ എല്ലാ കക്ഷികളെയും വെടിഞ്ഞ് ഏതെ ങ്കിലും മരപ്പൊത്തിൽ ശിഷ്ട ജീവിതം കഴി ച്ചുകൊള്ളുക. ***(മുസ്‌ലിം അന്നവവി)***

**യുഗശബ്ദം**

# അല്ലാഹു വളർത്തുന്ന ജമാഅത്ത്



**വാഗ്ദത്ത മസീഹ്**

നിങ്ങൾ ദൃഢമായി അറിഞ്ഞുകൊൾവിൻ; ഇതു ദൈവത്തിന്റെ കൈയ്യാൽ നടപ്പെട്ട ചെടിയാണ്. ദൈവം ഒരിക്കലും ഇതിനെ വ്യർത്ഥമാക്കികളയുകയില്ല. ഇതിനെ അതിന്റെ വിജയപൂർണി മയിലെത്തിക്കുന്നതു വരെ അവൻ തൃപ്തിപ്പെടുകയില്ല. അവൻ ഇതിനുമേൽ വെള്ളം ചൊരിയുകയും ഇതിനെ വളർത്തുകയും ഇതിന്റെ ചുറ്റും രക്ഷാവേലി കെട്ടികയും ചെയ്യും.

***(അഞ്ചാമെ ആദം)***

മുഖക്കുറിപ്പ്

# മുസ്‌ലിംകൾക്ക് രക്ഷാമാർഗ്ഗം ഇതൊന്നുമാത്രം

***'നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോടു അവരെ അവർക്കു മുമ്പുണ്ടായിരുന്നവരെ ഖലീഫമാർ ആക്കിയത്പോലെ തീർച്ചയായും ഭൂമിയിൽ ഖലീഫമാരാക്കുകയും. അവർക്കായിട്ടു താൻ തൃപ്തിപ്പെട്ട മതത്തെ അവർക്കു ബലപ്പെടുത്തിക്കൊടുക്കുകയും, അവരുടെ ഭയത്തിനുശേഷം അവരെ സമാധാനത്തിലാക്കുകയും ചെയ്യുമെന്നു അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു.' (24:56)***

മുസ്‌ലിംകൾക്ക് ഖലീഫയും ഖിലാഫത്തും ഉണ്ടാകുമെന്ന് അല്ലാഹു നൽകിയ ഈ വാഗ്ദാനം കഴിഞ്ഞ ആയിരത്തി മുന്നൂറു വർഷക്കാലം വാഗ്ദാനപാലകനായ അല്ലാഹു പാലിക്കുകയുണ്ടായി. സുദീർഘമായ ആ ഖിലാഫത്തിനു കീഴിലായിരുന്നു മുസ്‌ലിംകൾ അനുഗ്രഹീതപൂർണ്ണവും അത്യുജ്ജ്വലവുമായ ചരിത്രങ്ങൾ സൃഷ്ടിച്ചത്. കൃത്യമായി പറഞ്ഞാൽ 83 വർഷങ്ങൾക്ക് മുമ്പ് ഹി:വ: 1344ൽ തുർക്കി ഖിലാഫത്തിന്റെ പതനത്തോടെ ഖിലാഫത്ത് തിരോഭവിച്ചതായി മുസ്‌ലിംകൾക്ക് കണക്കാക്കി. ഖിലാഫത്ത് നേതൃത്വം മുസ്‌ലിംകൾക്ക് ഏറ്റവും ആവശ്യമായ ഈ കാലഘട്ടത്തിൽ എന്തുകൊണ്ട് അത് അസ്തമിച്ചുപോയി? അല്ലാഹു വാഗ്ദാനം ചെയ്യുകയും നൂറ്റാണ്ടുകളോളം നിലനിൽക്കുകയും വെള്ളിയാഴ്ച ജുമാകളിൽ അനുസ്മരിക്കുകയും ചെയ്തിരുന്ന മുസ്‌ലിംകളുടെ എല്ലാമെല്ലാമായിരുന്ന അനുഗൃഹീത സ്ഥാപനമായിരുന്നല്ലോ ഖിലാഫത്ത്! ഏറ്റവും മൗലികവും അതീവ പ്രാധാന്യമുള്ളതുമായ ഈ പ്രശ്നത്തെ മുസ്‌ലിം ഉലമാക്കന്മാർ അടുത്തകാലത്തായി അഭിമുഖീകരിക്കാറില്ല. അവർ അവരുണ്ടാക്കിയ കൊച്ചുകൊച്ചു സംഘടനകളിലേക്ക് ആളെ കൂട്ടുന്ന തിരക്കിലാണ്. ഉലമാക്കൾ നയിക്കുന്ന ഇത്തരം അനേകം സംഘടനകളിൽ ഓരോന്നിന്റേയും ഏറ്റവും വലിയ പ്രതിയോഗി മറ്റാരുമല്ല. മറ്റൊരു മുസ്‌ലിം സംഘടന തന്നെ!! ലജ്ജാകരമായ ഈ വസ്തുതയോർക്കുമ്പോൾ 'എന്റെ ഉമ്മത്ത് 72 കക്ഷികളായി പിരിയുമെന്നും അതിലൊന്നൊഴികെ മറ്റെല്ലാം നരകത്തിലായിരിക്കുമെന്നും ഉള്ള റസൂൽ തിരുമേനി(സ)യുടെ വചനമാണ് നമ്മെ ആശ്വസിപ്പിക്കുന്നത്. മുസ്‌ലിം ഉമ്മത്തിന്റെ ഐക്യത്തെ പ്രതിനിധാനം ചെയ്യുന്ന ആഗോള ഖിലാഫത്തിന് പകരം പരസ്പര വിദ്വേഷം പ്രചരിപ്പിക്കുകയും ശൈഥില്യം പരത്തുകയും ചെയ്യുന്ന മുസ്‌ലിം കക്ഷികൾ മതി എന്ന മട്ടിൽ പ്രവർത്തിക്കുന്ന ഈ കക്ഷി പ്രതികക്ഷികളെപ്പറ്റി നരകത്തിൽ പതിക്കുമെന്ന് തിരുമേനി (സ) പറഞ്ഞത് എത്ര വാസ്തവം!

ഖിലാഫത്ത് ഇല്ലാത്ത മുസ്‌ലിം ഉമ്മത്തിന്റെ നേതൃശൂന്യമായ ഇന്നത്തെ അവസ്ഥയെ സംബന്ധിച്ചും, മുസ്‌ലിം ഖിലാഫത്തിന് നേരിടുന്ന ഗതിവ്യതിയാനങ്ങളെ സംബന്ധിച്ചും അതിന്നുണ്ടാകുന്ന ഭാവപ്പകർച്ചയെ സംബന്ധിച്ചും ഭാവിയിലെ ഖിലാഫത്തിന്റെ പുനരുജ്ജീവനത്തെ കുറിച്ചും അത്ഭുതകരമായ കണിശതയോടെ ഏതാനും വചനങ്ങളിൽ റസൂൽ തിരുമേനി (സ) സംക്ഷേപിച്ചത് നമ്മുടെ ഉലമാക്കന്മാർ അവഗണിക്കുകയും അവരുടെ സ്ഥാപിതതാൽപര്യത്തിൽ പണിത സംഘടനകളുടെ വക്താക്കളായി അവർ മാറുകയും ചെയ്തിരിക്കയാണ്. സുപ്രധാനമായ ആ ഹദീസ് വിശ്വപ്രശസ്ത ഇസ്‌ലാമിക പണ്ഡിതനായ യൂസുഫുൽ ഖർളാവി തന്റെ 'പ്രബോധകന്റെ സംസ്കാരം' എന്ന പുസ്തകത്തിൽ ഉദ്ധരിച്ച് വ്യാഖ്യാനിച്ചത് ഇപ്രകാരമാണ്:

*'അല്ലാഹു ഉദ്ദേശിക്കുന്നിടത്തോളം നിങ്ങളിൽ പ്രവാചകത്വം അവശേഷിക്കും പിന്നീട് അവർ ഉദ്ദേശിക്കുമ്പോൾ പ്രവാചകത്വത്തെ ഉയർത്തുകയും തുടർന്ന് പ്രവാചകത്വ മാതൃകയിൽ (മിൻഹാജൻ നുബുവ്വ:) ഖിലാഫത്ത് നിലവിൽ വരുകയും ചെയ്യും. അല്ലാഹു ഉദ്ദേശിക്കും കാലം വരേയും അത് നിങ്ങൾക്കിടയിൽ അവശേഷിക്കുകയും പിന്നീടവൻ ഉദ്ദേശിക്കുമ്പോൾ നിങ്ങളിൽ നിന്ന് ഉയർത്തിക്കളയുകയും ചെയ്യും. തുടർന്ന് പരുക്കൻ രാജാധിപത്യവും നിലവിൽ വരും. അല്ലാഹു ഉദ്ദേശിക്കും കാലംവരേ അത് അവശേഷിക്കും. പിന്നീട് അവൻ ഉദ്ദേശിക്കുമ്പോൾ അതും നീക്കും. തുടർന്ന് തദടിസ്ഥാനത്തിൽ സ്വേച്ഛാധിപത്യ മർദകഭരണകൂടം നിലവിൽ വരും അല്ലാഹു നിങ്ങളിൽ നിന്ന് നീക്കം ചെയ്യുന്നത് വരെ അത് നിലനിൽക്കും. പിന്നീട് **വീണ്ടും പ്രവാചകത്വത്തിന്റെ***

*(ശേഷം 13-ാം പേജിൽ)*

# ലേഖനം

# മുസ്‌ലിംകളുടെ ജീർണ്ണത

ഹദ്റത്ത് അഹ്മദ് (അ)

## ഇക്കാലത്തെ മുസ്‌ലിംകൾക്ക് പൂർവ്വകാല സമുദായത്തോടുണ്ടായിരുന്ന സാദൃശ്യം വിശദീകരിക്കുന്നു

ഇ പ്രകാരം തന്നെ 'സഹീഹാ' യഹദീസുകളിലും അവസാന കാലത്തെ ഭൂരിഭാഗം മുസ്‌ലിം കളും യഹൂദികളോടു സാദൃശ്യം പുലർത്തുന്നവരായിരിക്കുമെന്നും പറയപ്പെട്ടിരിക്കുന്നു. സൂറ ഫാതിഹായും ഇതിലേക്ക് തന്നെയാണ് സൂചന നൽകുന്നത്. എന്തെന്നാൽ, 'ഹദ്റത്ത് ഈസാ (അ) യുടെ കാലത്തുണ്ടായിരുന്നവരായ യഹൂദികളെപ്പോലെ ആവുന്നതിൽനിന്നു 'ഓ ദൈവമേ നമ്മെ രക്ഷിക്കേണമേ' എന്ന പ്രാർത്ഥന പഠിപ്പിച്ചു തന്നിരിക്കുന്നു. അവരുടെമേൽ അല്ലാഹുവിന്റെ ക്രോധം ഈ ലോകത്ത് തന്നെ ഇറങ്ങിയിട്ടുണ്ടായിരുന്നു. അല്ലാഹു ഏതെങ്കിലും ജനതയ്ക്ക് ഏതെങ്കിലും കൽപന നൽകുമ്പോൾ അല്ലെങ്കിൽ അവർക്ക് ഏതെങ്കിലും പ്രാർത്ഥന പഠിപ്പിക്കുമ്പോൾ അവരിൽ ചിലർ അത്തരം വിരോധിക്കപ്പെട്ട കുറ്റകൃത്യങ്ങൾ ചെയ്യുന്നവരായിത്തീരുമെന്നും ആണ് അതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. ചുരുക്കത്തിൽ.

**ഗയ്‌രിൽ മഗ്ളൂബി അലയ്ഹിം**

എന്ന് പറഞ്ഞതിന്റെ അർത്ഥം മൂസവി ഉമ്മത്തിന്റെ അവസാന കാലത്ത് അതായതു ഈസാ മസീഹിന്റെ കാലത്ത് ഹദ്റത്ത് മസീഹിനെ കൈക്കൊള്ളാത്തതുകാരണം ദൈവിക ക്രോധത്തിന്നു അവർ ഇരയായിത്തീർന്നിട്ടുണ്ടായിരുന്നു. ആകയാൽ, ഈ ആയത്തനുസരിച്ച് മേൽ സുന്നത്ത് പ്രകാരം, ഉമ്മത്തെ മുഹമ്മദിയ്യയുടെ അവസാനകാലത്തു ഈ ഉമ്മത്തിലും വാഗ്ദത്തമസീഹ്പ്രത്യക്ഷപ്പെടുന്നതാണ്. മുസ്‌ലിംകളായവർ അദ്ദേഹത്തെ എതിർത്തുകൊണ്ടു മസീഹിന്റെ കാലത്തുണ്ടായിരുന്ന ആ പൂർവ്വയഹൂദികളോടുള്ള സാദൃശ്യം പുലർത്തുന്നതാണ്. വരാനുള്ള മസീഹ് ഇതേ ഉമ്മത്തിൽ ഉള്ള ആളായിരുന്നെങ്കിൽ ഹദീസുകളിൽ അദ്ദേഹത്തിനു ഈസാ എന്ന പേർ എന്തിനു വച്ചു എന്ന ആക്ഷേപത്തിന്നു സ്ഥാനമില്ല. ചിലർക്ക് മറ്റു ചിലരുടെ പേരുകൾ നൽകുന്നു എന്നുള്ളതാണ് ദൈവത്തിന്റെ രീതി എന്നു സംഭവം തെളിയിച്ചുകാട്ടുന്നു. അബൂജഹലിന്റെ പേർ ഫിർഔൻ എന്നും ഹദ്റത്ത് നൂഹിന്റെ പേർ ആദം രണ്ടാമൻ എന്നും ഹദീസുകളിൽ പറയപ്പെട്ടിട്ടുള്ളതുപോലെ യോഹന്നാന്റെ പേർ ഏലിയാ എന്നും ഇപ്രകാരംതന്നെ പറയപ്പെട്ടിട്ടുണ്ട്. ഈ ദൈവിക രീതിയെ ആരും നിഷേധിക്കുന്നില്ല. വരുവാനിരുന്ന മസീഹിന്നു ആദ്യ ത്തെ മസീഹിനോടുള്ള ഒരു സാദൃശ്യം ആദ്യത്തെ മസീഹ് അതായത് ഹദ്റത്ത് ഈസാ (അ) ഹദ്റത്ത് മൂസായുടെ കാലം കഴിഞ്ഞു പതിനാല് നൂറ്റാണ്ട് പൂർത്തിയായപ്പോൾ ആണ് പ്രത്യക്ഷപ്പെട്ടത് എന്നതാണ്. അതുപോലെതന്നെ അവസാനത്തെ മസീഹ് തിരുനബി (സ) ക്കുശേഷം പതിനാലാം നൂറ്റാണ്ടിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ഇപ്രകാരം തന്നെ ഇന്ത്യയിൽ ഇസ്‌ലാമിക രാജാധികാരം നഷ്ടപ്പെട്ടു. ഇംഗ്ലീഷു ഭരണാധികാരം ശക്തി പ്രാപിച്ചുതുടങ്ങിയ കാലത്തായിരുന്നു മസീഹ് വെളിപ്പെട്ടത്. ഇസ്രായീലി സാമ്രാജ്യം തകർച്ചയിലാകയും യഹൂദർ റോമാസാമ്രാജ്യത്തിന്റെ കീഴിലാകയും ചെയ്ത കാലവുമായിരുന്നു അത്. ഈ ഉമ്മത്തിന്നുള്ള വാഗ്ദത്ത മസീഹിന്നു ഈ സാനബിയോട് മറ്റൊരു സാദൃശ്യം കൂടിയുണ്ട്. ഈസാ (അ) പൂർണ്ണനിലയിൽ ബനീ ഇസ്റായീലിൽപ്പെട്ട ആളായിരുന്നില്ല. മാതാവു മുഖേനയാണ് അദ്ദേഹം ഇസ്രായീല്യനെന്നു അറിയപ്പെട്ടിരുന്നത്. ഇതേപ്രകാരംതന്നെ ഈ വിനീതന്റെ പ്രപിതാമഹികളിൽ ചിലർ സാദാത്ത്മാരാണെങ്കിലും പിതാവ് സയ്യിദ് വംശജനല്ല. ഈസാനബിയെ (അ) സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന് ഒരു ഇസ്റായീല്യനും പിതാവല്ലാതിരിക്കണം എന്നതാണ് ദൈവം ഇഷ്ടപ്പെട്ടത്. ബനീ ഇസ്റായീല്യരുടെ പാപാധിക്യം നിമിത്തം ദൈവം അവരോട് കടുത്ത നിലയിൽ ക്രുദ്ധിച്ചിരുന്നു എന്നതിനാൽ അവർക്കതൊരു താക്കീതെന്നോണം അവരിൽപെട്ട ഒരു കുട്ടിയെ പിതാവിന്റെ ബന്ധമില്ലാത്തനിലയിൽ മാതാവിൽ നിന്നു മാത്രമായി അല്ലാഹു ജനിപ്പി

*(ശേഷം 13-ാം പേജിൽ)*

## ലേഖനം

# ഖലീഫയുടെ പദവിയും ഖിലാഫത്തിന്റെ വ്യതിയാനവും

ശൈഖ്മുബാറക് അഹ്മദ്

### അല്ലാഹുവാണ് ഖലീഫയെ തിരഞ്ഞെടുക്കുന്നത് മനുഷ്യരുടെ തിരഞ്ഞെടുപ്പ് അതിനുള്ള നിമിത്തം മാത്രമാണ്.

നാസ്തികരുടെയും കപടവിശ്വാസികളുടെയും ഉപജാപങ്ങളും സംഘടിത പ്രവർത്തനങ്ങളും പ്രതിവിധിയില്ലാത്ത നാശനനഷ്ടങ്ങളും ശിഥിലീകരണവും ഇസ്ലാമിക ചരിത്രത്തിലെ നൂറ്റാണ്ടുകളോളം നീണ്ടുനിന്ന ദുരന്തകഥകളുടെ അദ്ധ്യായമായി ഇന്നും അവശേഷിക്കുന്നു. മിക്കവാറും സകല മുസ്ലിംരാജ്യങ്ങളും പല കാലങ്ങളിലായി ഈ ഉപജാപ പ്രവർത്തനങ്ങളുടെ തിക്തഫലങ്ങൾക്ക് വിധേയമാവേണ്ടിവന്നിട്ടുണ്ട്. ഈ ചരിത്രസംഭവത്തിന്റെ ചില പ്രധാനസവിശേഷതകൾ മാത്രമേ ഇവിടെ ചർച്ച ചെയ്യപ്പെടുന്നുള്ളൂ.

ഒരുസംഘം ആളുകളുടെ നിഗൂഢ പ്രവർത്തനങ്ങൾ ഇസ്ലാമിക ലോകത്തിന്റെ ഐക്യദാർഢ്യതക്ക് കനത്ത പ്രഹരമേൽപ്പിക്കുകയുണ്ടായി. മൂന്ന് ഖലീഫമാർ വധിക്കപ്പെട്ടു. രണ്ട് തീവ്രവാദിസംഘടനകൾ ഉടലെടുത്തു. അതിലൊന്ന് അലി(റ)യോട് അതിരുകവിഞ്ഞ ബഹുമാനദാരങ്ങളും കൂറും പ്രഖ്യാപിച്ചു. മറ്റെ സംഘം അലി (റ)യെ വെറുക്കുന്നതിൽ മുന്നിട്ട് നിന്നു. രണ്ടുകക്ഷികൾക്കുമിടയിൽ തീരാത്ത കുടിപ്പക ആളിപ്പടർന്നു. തിരുനബി (സ) യുടെ പുത്രീസൂതൻ അടക്കം പലർക്കും വിലപ്പെട്ട ജീവിതം നഷ്ടപ്പെട്ടു. അഭിപ്രായനൈക്യത്തെ തുടർന്ന് പല ദിവ്യാത്മാക്കളും സാത്വികരും കദനഭാരവും പേറി ജീവിതമൊടുക്കുകയുണ്ടായി. അലി(റ)യും മുആവിയയും തമ്മിലുള്ള രഞ്ജിപ്പിക്കാനാവാത്ത വിപ്രതിപത്തി, തൽഹ (റ), സുബൈർ(റ), ആയിശ (റ) എന്നിവരുടെ അലിയുമായുള്ള സംഘട്ടനങ്ങൾ, ഒട്ടക യുദ്ധം, 45,000 സിറിയക്കാരും 25,000 ഇറാക്കികളും നശിച്ചൊടുങ്ങിയ 'സിഫിൻ'യുദ്ധം എന്നിവ ഇസ്ലാമിന്റെ വൈരികളുടെ നിഗൂഢ പ്രവർത്തനങ്ങളുടെ ആദ്യ തിക്ത ഫലങ്ങളായിരുന്നു. മുസ്ലിം സഹോദരൻമാർ മുസ്ലിമിനെ കൊന്നൊടുക്കിയ ബസ്റ യുദ്ധം, കർബല യുദ്ധം, ദറാബ് യുദ്ധം, അൽപം വൈകിവന്ന മക്ക യുദ്ധം എന്നിവ ഇസ്ലാമിന്റെ ആദർശ ഐക്യം തകർക്കുന്നതിനും സച്ചരിതാരായ ഖലീഫമാരുടെ മാർഗ്ഗത്തിൽ തടസ്സങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടി, അവിശ്വാസികളുടെ കരാളഹസ്തങ്ങൾ മെനഞ്ഞെടുത്തവയായിരുന്നു. ഈ ദു:ഖനിർഭര സംഭവ പരമ്പരകൾ ഇസ്ലാമിക സാമ്രാജ്യത്തിന്റെ തകർച്ചക്കും വിഭാഗീയ ചിന്താഗതികൾക്കും കക്ഷി പ്രതികക്ഷി രൂപീകരണങ്ങൾക്കും ഇടം നൽകി.

മുസ്ലിംകൾക്ക് ഖലീഫമാരോടുണ്ടായിരുന്ന വിശ്വാസ്യതക്കും മതിപ്പിനും ബഹുമാനാദര മനോഭാവങ്ങൾക്കും നേരിട്ട ക്ഷതമായിരുന്നു ഈ ക്ഷുദ്ര പ്രവർത്തനങ്ങൾ വരുത്തിവച്ച ദ്വിതീയ ഹാനി. ജനങ്ങൾ തിരഞ്ഞെടുക്കുന്ന ഖലീഫയെ സ്ഥാനഭ്രഷ്ടനാക്കാൻ ജനങ്ങൾക്കവകാശമുണ്ടെന്ന് അവർ അവകാശപ്പെടാൻ തുടങ്ങി. ജനങ്ങളുടെ അഭിപ്രായ്യെ ക്യമനുസരിച്ചുള്ള ഖലീഫാനിയമം ഒരു ദൈവിക മറ മാത്രമാണെന്നും, മറ്റൊരു വിധത്തിൽ പറഞ്ഞാൽ ദൈവം താൻ തന്നെയാണ് തന്റെ ഖലീഫയെ തിരഞ്ഞെടുക്കുന്നതെന്നുമുള്ള കാര്യം അവർ വിസ്മരിക്കുവാൻ തുടങ്ങി. ദൈവം തൃപ്തിപ്പെട്ട ഒരു വ്യക്തിയെ തിരഞ്ഞെടുക്കുവാൻ ജനഹൃദയങ്ങളിൽ അവൻ പ്രേരണ ചെലുത്തുന്നു എന്നതാണ് യഥാർത്ഥ്യം. ഇതിന് പിന്നിൽ പ്രവർത്തിക്കുന്നത് ദൈവഹസ്തങ്ങൾ തന്നെയാണ്. അല്ലാഹു മുസ്ലിംകൾക്ക് നൽകിയ വാഗ്ദാനവും ഇത് തന്നെയാണ്.

*"നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠി*

*ക്കുകയും ചെയ്യുന്നവരോട്, അവർക്കു മുമ്പുള്ളവരെ ഖലീഫ മാരാക്കിയത് പോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാ ക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും, അവരുടെ ഭയത്തിന് ശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നൽകുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരി ക്കുന്നു. അവർ എന്നെ മാത്രം ആരാ ധിക്കുന്നതാണ്. എന്നോട് മറ്റൊന്നി നേയും അവർ പങ്ക് ചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നിഷേ ധിക്കുകയാണെങ്കിൽ അവർ തന്നെ യാണ് ധിക്കാരികൾ. " (24:56)*

## അബൂബക്കർ (റ). പ്രവാചകൻ തിരഞ്ഞെടുത്ത വ്യക്തി

നബിതിരുമേനി (സ) പറഞ്ഞതാ യി ആയിശ (റ) നിവേദനം ചെയ്യുന്നു. "എന്റെ ശേഷം മറ്റുള്ളവർ എന്റെ അനന്തരഗാമിയാവാൻ ആഗ്രഹിക്കാ തിരിക്കുന്നതിനും, അബൂബക്കറിനേ ക്കാൾ ആ സ്ഥാനത്തിനർഹർ തങ്ങ ളാണെന്നവകാശപ്പെടാതിരിക്കുന്ന തിനും അബൂബക്കറിനെ വിളിച്ച് വരുത്തി എന്റെ ആദ്യ പിൻഗാമി അബൂബക്കറായിരിക്കണമെന്ന എ ന്റെ ഇംഗിതം എഴുതിക്കൊടുക്കാൻ ഞാനാഗ്രഹിക്കുന്നു. എന്നാൽ, അല്ലാഹു മറ്റൊരാളെ അദ്ദേഹത്തിന്റെ സ്ഥാനത്തേക്ക് ഇഷ്ടപ്പെടുകയില്ലെ ന്നത്കൊണ്ടും വിശ്വാസികൾ തങ്ങ ളുടെ പ്രതിജ്ഞയർപ്പിക്കാൻ മറ്റൊ രാളെ ഇഷ്ടപ്പെടുകയില്ലെന്നതു കൊണ്ടും ഞാൻ ആ ആഗ്രഹം ഉപേ ക്ഷിക്കുന്നു."

തിരുനബി (സ) തന്റെ ഭാര്യയായ ഹഫ്സ(റ)യോട് പറഞ്ഞതായി ശി യാക്കളുടെ ഗ്രന്ഥമായ 'തഫ്സീറി ഖുമ്മിയ'ൽ ഇപ്രകാരം രേഖപ്പെട്ടുകി ടക്കുന്നുണ്ട്.

"തീർച്ചയായും എന്റെ പിൻഗാമി അബൂബക്കറിനായിരിക്കും നിന്റെ പിതാവ് അദ്ദേഹത്തിന്റെ പിൻഗാമിയു മായിരിക്കും." ഇത് കേട്ടപ്പോൾ ഹഫ്സ ചോദിച്ചു.'അങ്ങയോട് ഇതാ രാണ് പറഞ്ഞത്?' അതിനുത്തരമായി 'സർവജ്ഞനും എല്ലാം അറിയുന്നവ നുമായ അല്ലാഹുവാണ് ഇതെന്നോട് പറഞ്ഞത്" എന്നു പറഞ്ഞു.

തിരുനബി ഒരിക്കൽ ഉസ്മാൻ (റ) നോട് പറഞ്ഞതായി ഇപ്രകാരം രേഖ പ്പെട്ടുകിടക്കുന്നുണ്ട്. "അല്ലാഹു താങ്കളെ ഒരു വസ്ത്രം അണിയിക്കു ന്നതതായിരിക്കും. എന്നാൽ ജന ങ്ങൾ താങ്കളിൽ നിന്ന് അതെടുത്തു മാറ്റുവാൻ ശ്രമിക്കുന്നതാണ്. ഒരു കാരണവശാലും അതെടുത്തുമാറ്റു വാൻ താങ്കൾ അനുവദിക്കരുത്. " (തിർമിദി - വാള്യം 2 - ഉസ്മാന്റെ സ്വഭാവം)

കപടവിശ്വാസികൾ പിൽകാലത്ത് അദ്ദേഹത്തോട് സ്ഥാനത്യാഗം ചെയ്യാനാവശ്യപ്പെട്ടപ്പോൾ നിർഭയനാ യിക്കൊണ്ട് ഉസ്മാൻ (റ) പറയുകയു ണ്ടായി. "അല്ലാഹു താൻ തന്നെ കനി ഞ്ഞണിയിച്ചിരിക്കുന്ന ഈ വസ്ത്രം എനിക്കെങ്ങനെ എടുത്ത് കളയാൻ പറ്റും?" തുടർന്നുകൊണ്ട് പറഞ്ഞു. "അല്ലാഹു എനിക്കു നൽകിയ ഇരി പ്പിടം ഉപേക്ഷിക്കുന്നതിനേക്കാൾ എന്നെ തൂക്കി കൊല്ലുന്നതാണ് എനി ക്കിഷ്ടം?" (തബരി)

## ഖലീഫയെ നിയമിക്കുന്നത് അല്ലാഹു

അല്ലാഹുവിന്റെ കിത്താബായ ഖുർആനിൽ നിന്നും തിരുമൊഴിക ളിൽ നിന്നും ഖലീഫയുടെ തിരഞ്ഞെ ടുപ്പ് യഥാർത്ഥത്തിൽ അല്ലാഹുവാൽ തിരഞ്ഞെടുക്കപ്പെട്ട വ്യക്തിക്ക് വോട്ട് ചെയ്യുവാനുള്ള നിഗൂഢമായൊരു പ്രേരണ അല്ലാഹു ജനഹൃദയങ്ങളിൽ ചെലുത്തപ്പെടാനുള്ള വഴിയാണെ ന്നാണ് മനസ്സിലാകുന്നത്. വാഗ്ദത്ത മസീഹിന്റെ രണ്ടാമത്തെ പുത്രനായ മിർസാ ബശീർ അഹ്മദ് (റ) ഈ ഹദീസുകളെകുറിച്ച് വളരെ വിജ്ഞേ യമായൊരു വിവരണക്കുറിപ്പ് തയ്യാറാ ക്കിയിട്ടുണ്ട്. അദ്ദേഹം എഴുതുന്നു. "അബൂബക്കറി(റ)നെ നബി (സ)യുടെ അനന്തരഗാമിയായി തിര ഞ്ഞെടുക്കുന്നത് ബാഹ്യമായി മുസ്ലിം ഭൂരിപക്ഷമായിരിക്കുമെ ങ്കിലും അതിന്ന് പിന്നിൽ പ്രവർ ത്തിക്കുന്നത് ദൈവേച്ഛയുടെ നിഗൂഢ ഹസ്തങ്ങളായിരിക്കുമെന്നും അന്തി മമായി വിജയിക്കുന്നത് ദൈവിക വിധിയല്ലാതെ മറ്റൊന്നുമായിരിക്കില്ലെ ന്നുമാണ് ഈ സുന്ദരപദപ്രയോഗങ്ങ ളിലൂടെ നബിതിരുമേനി (സ) സ്പഷ്ടമായും നമുക്ക് മനസ്സിലാക്കി തരുന്നത്. അൻസാരീങ്ങൾ അവരിൽ നിന്നുള്ള ഒരാളെ രഹസ്യമായി പിന്തു ണച്ചിട്ടും കൂടാരവാസികളായ അറബി ഗോത്രങ്ങൾ ഖിലാഫത്തിനെ ഉന്മൂ ലനം ചെയ്യുവാനുള്ള കർക്കശ നടപ ടികൾ കൈകൊണ്ടിട്ടും മുകൾപര പ്പിൽ അടിഞ്ഞുകൂടുന്ന നുരകളെ ഒറ്റ യടിക്ക് കടൽ തൂത്ത് വാരുന്നതു പോലെ സകല പ്രതിബന്ധങ്ങളേയും തട്ടിനീക്കി വിജയം കൈവരിക്കാൻ അബൂബക്കറി(റ)നും അദ്ദേഹത്തിന്റെ കൊച്ചു അനുചരസംഘത്തിനും സാധിച്ചു. നബിതിരുമേനി (സ) ഉസ്മാൻ (റ) നോട് പറഞ്ഞ "അല്ലാ ഹു താങ്കൾക്കൊരു വസ്ത്രം അണി യിക്കുന്നതായിരിക്കും. ജനങ്ങൾ അത് താങ്കളിൽ നിന്ന് എടുത്തുമാ റ്റാൻ ശ്രമിക്കും. എന്നാൽ താങ്കൾ അതിന്നവരെ അനുവദിക്കരുത്" എന്ന തിരുമൊഴിയിൽ നിന്ന് ഖലീ ഫയെ തിരഞ്ഞെടുക്കുന്നത് യഥാർത്ഥത്തിൽ അല്ലാഹു താൻ തന്നെയാണെന്നും തിരഞ്ഞെടുപ്പ് ഒരു നിമിത്തമാണെന്നും തങ്ങളുടെ സമിതി രേഖപ്പെടുത്തുന്ന ജനങ്ങൾ അല്ലാഹുവിന്റെ കൈകളിലെ ഉപക രണങ്ങളാണെന്നുമാണ് സൂചിപ്പിക്കു ന്നത്. വിജ്ഞാനം തുളുമ്പുന്ന ഈ തിരുമൊഴികളെക്കുറിച്ച് തെല്ലൊന്ന് ചിന്തി ച്ചു നോക്കൂ. തിരഞ്ഞെടുപ്പ് പ്രക്രിയ ജനങ്ങളിലുമായി ആരോപി ക്കപ്പെട്ടിരിക്കുന്നു. ഇത് സാധാരണ വ്യവസ്ഥിതിക്ക് വിപരീതമാണ്. ഖലീ ഫയെ തിരഞ്ഞെടുക്കുന്നത് ജനങ്ങ ളാണെങ്കിലും ഖലീഫയെ നിശ്ചയി ക്കുന്നത് അല്ലാഹുവാണെന്നാണ് തിരുനബി (സ) ഊന്നിപ്പറയുന്നത്." (ഇസ്ലാ മിലെ ഖിലാഫത്ത് വ്യവ സ്ഥിതി)

## ഖലീഫയുടെ പദവി

ഖലീഫയെ തിരഞ്ഞെടുക്കുന്നത് ജനങ്ങളാണെന്ന അബദ്ധധാരണ അടിത്തറയാക്കിക്കൊണ്ട് അവർ ഒരുകോട്ടകെട്ടിപ്പടുത്തു. ഖലീഫയോട് ഇഷ്ടാനുസരണം പെരുമാറാമെന്നും ഖലീഫയോട് കലഹിക്കുകയും വാഗ്വാദം നടത്തുകയും ഖലീഫമാരെ നിശിത വിമർശനങ്ങൾക്ക് വിധേയരാക്കുകയും ചെയ്യാമെന്ന് അവർ ധരിച്ചുവെച്ചു. തികച്ചും അബദ്ധജടിലമായ വിശ്വാസമാണിത്. ഖലീഫ സമുദായത്തിന്റെ ദൈവനിയുക്തനായ അധിപനാണ്. അടിപതറാത്ത വിശ്വാസവും അചഞ്ചലഭക്തിയും ചോദ്യം ചെയ്യപ്പെടാത്ത അനുസരണവും ഖലീഫക്ക് നൽകേണ്ടതുണ്ട്. അതുകൊണ്ടാണ് അല്ലാഹു വിശ്വാസികളോട് വിശ്വസിച്ചവരേ അല്ലാഹുവിനെ അനുസരിക്കുക, അവന്റെ ദൂതനേയും നിങ്ങളിൽ നിന്നുള്ള അധികാരസ്ഥരേയും അനുസരിക്കുക' എന്ന് പറഞ്ഞിരിക്കുന്നത്.

അല്ലാഹുവിനെയും റസൂലിനെയും കാര്യനിർവ്വഹണം നടത്തുന്ന അധികാരികളെയും അനുസരിക്കൽ ഓരോ മുസ്‌ലിമിന്റെയും കടമയാക്കപ്പെട്ടിരിക്കുകയാണ്. ഈ കൽപന നിരസിക്കന്നവർ ധിക്കാരികളാണെന്ന സൂചനയും ഇതിലടങ്ങിയിരിക്കുന്നു. അതിനാൽ ഖലീഫയെ നിഷേധിക്കുന്നവനെ ധിക്കാരിയായും വിപ്ലവകാരിയായും ഗണിക്കേണ്ടതാണ്. “എന്റെ കാലടികളെയും സച്ചരിതരായ എന്റെ സഹാബിമാരുടെ ചര്യകളെയും പിൻപറ്റേണ്ടത് നിങ്ങളുടെ കർത്തവ്യമാണ്. ” എന്ന് തിരുനബി (സ) അരുളിയതും അതുകൊണ്ട് തന്നെയാണ്.

മുസ്നദ് അഹ്മദ് ബിൻഹംബലിന്റെ 14-ാം വാള്യത്തിൽ 127-ാം പേജിൽ ഇപ്രകാരം ഒരു ഹദീസ് രേഖപ്പെട്ടുകിടക്കുന്നുണ്ട്. അർബസ്ബിൻ സര്യ നിവേദനം ചെയ്യുന്നു. “ഒരിക്കൽ നബിതിരുമേനി(സ) പ്രഭാത നമസ്ക്കാരാനന്തരം നടത്തിയ പ്രബോധന ഭാഷണം ഞങ്ങളെ വല്ലാതെ ആകർഷിച്ചു. കണ്ണുകളെ നനയിച്ചു. അപ്പോൾ ഞങ്ങളിൽ നിന്ന് ഒരാൾ എഴുന്നേറ്റ് നിന്നുകൊണ്ട് “ അല്ലാഹുവിന്റെ റസൂലേ ഇതൊരു വിട പറച്ചിലാണെന്ന് തോന്നുന്നുവല്ലോ. അതിനാൽ താങ്കൾ ഞങ്ങൾക്കായി ഒരു അന്ത്യോപദേശം നൽകിയാലും” എന്ന് പറഞ്ഞു. “എന്റെ ഒസ്യത്ത് ഇതാണ്. അല്ലാഹുവിനെ ഭയപ്പെടുക. നിങ്ങളുടെ നേതാവിനെ - അദ്ദേഹം ആരായിരുന്നാലും നിരുപാധികമായി സർവ്വഥാ അനുസരിക്കുന്ന ശീലം വളർത്തുക. നിങ്ങളുടെ അധികാരി ഒരു നീഗ്രോ ആണെങ്കിൽ പോലും നിങ്ങൾ അദ്ദേഹത്തെ അനുസരിക്കേണ്ടതാണ്. കരുതിയിരിക്കുക. എനിക്ക് ശേഷം ജീവിച്ചിരിപ്പുള്ളവർ ധാരാളം ഭിന്നിപ്പിനും ഛിദ്രപ്രവർത്തനങ്ങൾക്കും സാക്ഷികളാകുന്നതായിരിക്കും. എന്റെ ഉപദേശമെന്തെന്നാൽ അത്തരം സന്ദർഭങ്ങളിൽ നിങ്ങൾ എന്റെ ചര്യകളേയും എനിക്ക് ശേഷം വരുന്ന നീതിനിഷ്ഠരായ ഖലീഫമാരുടെ ചര്യകളെയും പിൻപറ്റേണ്ടതാണ്.” നബിതിരുമേനി(സ) ഇതിന് വളരെ പ്രാധാന്യം കൽപ്പിച്ചിരുന്നു. പല്ലുകൾക്കിടയിൽ കടിച്ച് പിടിക്കുന്നതുപോലെ അത്രയും ബലമായി എന്റെ പാരമ്പര്യങ്ങളെ മുറുകെ പിടിക്കുക എന്നുദ്ബോധിപ്പിച്ചുകൊണ്ട് വീണ്ടും അരുളി. “നിങ്ങൾ എന്റെ ചര്യകളെ അള്ളിപ്പിടിക്കുക. എന്റെ പാതയിൽ നിന്നും സച്ചരിതരായ എന്റെ ഖലീഫമാരുടെ മാർഗ്ഗത്തിൽ നിന്നും ഒരിക്കലും വ്യതിചലിച്ച് പോകരുത്. നൂതനസരണികൾ അവലംബിക്കയുമരുത്. എന്റെയും എന്റെ ഖലീഫമാരുടെയും ചര്യകൾക്ക് എതിരായ സകലതും നൂതനരീതികളത്രെ. ഓർമ്മിക്കുക. നൂതനാവിഷ്ക്കാരങ്ങൾ മതപരിത്യാഗത്തിലേക്കും അവിശ്വാസത്തിലേക്കും മാത്രമേ നയിക്കുകയുള്ളൂ.

ചുരുക്കത്തിൽ ഖലീഫമാരോട് പുലർത്തുന്ന വിശ്വാസ്യത ആത്മവിശ്വാസത്തിന് തുല്യമാണെന്നും നീതിനിഷ്ഠരായ ഖലീഫമാരെ പിൻപറ്റുന്നത് നമ്മുടെ ബാദ്ധ്യതയാണെന്നുമാണ് തിരുനബി (സ) പ്രഖ്യാപിക്കുന്നത്. അവരോട് ആത്മാർത്ഥമായ സ്നേഹവും അചഞ്ചലമായ പ്രതിബദ്ധതയും പുലർത്താനുള്ള ഒരു മാനസികാവസ്ഥ ഉടലെടുക്കാത്തിടത്തോളം ഇത് സാദ്ധ്യമാവുകയില്ല.

ചുരുക്കത്തിൽ ഖലീഫമാരോട് പുലർത്തുന്ന വിശ്വാസ്യത ആത്മവിശ്വാസത്തിന് തുല്യമാണെന്നും നീതിനിഷ്ഠരായ ഖലീഫമാരെ പിൻപറ്റുന്നത് നമ്മുടെ ബാദ്ധ്യതയാണെന്നുമാണ് തിരുനബി (സ) പ്രഖ്യാപിക്കുന്നത്. അവരോട് ആത്മാർത്ഥമായ സ്നേഹവും അചഞ്ചലമായ പ്രതിബദ്ധതയും പുലർത്താനുള്ള ഒരു മാനസികാവസ്ഥ ഉടലെടുക്കാത്തിടത്തോളം കാലം ഇത് സാദ്ധ്യമാവുകയില്ല.

ഖിലാഫത്ത് ഒരു രാജവാഴ്ചയായി മാറ്റപ്പെട്ടു എന്നതാണ് ക്ഷുദ്ര പ്രവർത്തനങ്ങൾ വരുത്തിവെച്ച ഒന്നാമത്തെ വിന. ഖലീഫാസ്ഥാനം തന്നിലും തന്റെ സന്തതികളിലും മാത്രം ഒതുക്കി നിർത്തുവാനുള്ള ചെയ്തികളുടെ ഭാഗമായി മുആവിയ അന്നത്തെ ഖലീഫയെ ധിക്കരിക്കുകയും, തന്റെ ജീവിതകാലത്ത് തന്നെ, മകനായ യസീദിന്റെ കയ്യിൽ ബൈഅത്ത് ചെയ്യുവാൻ ജനങ്ങളെ ബലം പ്രയോഗിച്ച് നിർബന്ധിക്കുകയും ചെയ്തിരുന്നു. ഉമവിയ്യാ രാജവംശത്തിന്റെ രാജാധികാരം അബ്ബാസികൾ അവരെ പുറത്താക്കുന്നതുവരെ നിലനിന്നു. ഹിജ്റ 912 (ക്രി. വ. 1506) ഖലീഫ അൽമുതവക്കൽ അലല്ലായുടെ കാലം വരെ അത് തുടരുകയും ചെയ്തിരുന്നു. ഹിജ്റ 923-ൽ ഓട്ടോമൻ രാജവംശം അധികാരത്തിൽ വന്നു. സുൽത്താൻ മുഹമ്മദ്ഖാൻ അഞ്ചാമനെ ഒന്നാം ലോകമഹായുദ്ധ ശേഷം അതാതുർക്ക് പുറത്താക്കുന്നതുവരെ ആ ഖിലാഫത്ത് നീണ്ടുനിന്നു. മുഹമ്മദ് നബി(സ)യുടെ പ്രവാചകത്വത്തെ പ്രതിനിധീകരിച്ചിരുന്ന ഇസ്‌ലാമിക ഖിലാഫത്തിന്റെ മുഖമുദ്രയായിരുന്ന ആത്മീയചൈതന്യം ഇത്രയും കാലം നീണ്ടുനിന്ന ഖിലാഫത്ത് വ്യവസ്ഥിതിയിൽ ദർശിച്ചിരുന്നില്ലെന്നത് പ്രത്യേക സ്മരണീയ

മാണ്.

ഖലീഫയെ മുസ്ലിംകളുടെ പൊതു അഭിപ്രായ ഐക്യത്തിന്റെ അടിസ്ഥാനത്തിൽ തികച്ചും സ്വതന്ത്ര മായി, പക്ഷപാതരഹിതമായി വോട്ട് ചെയ്ത് തിരഞ്ഞെടുക്കേണ്ടതാണെന്ന കാര്യത്തിൽ ഖലീഫമാരും അവരുടെ ആദരണീയ സഹചരന്മാരും ഏകാഭിപ്രായക്കാരാണ്. ബലപ്രയോഗം കൊണ്ടോ, അനന്തരവകാശം കൊണ്ടോ ഉള്ള അധികാരലബ്ധി കേവലം രാജവാഴ്ചമാത്രമാണ്. അതിനെ ഖിലാഫത്ത് എന്ന് നാമകരണം ചെയ്തുകുടാത്തതുമാണ്.

## ഖിലാഫത്തും രാജവാഴ്ചയും

നബിതിരുമേനിയുടെ ആദരണീയനായ സഹാബിയായിരുന്ന അബുമൂസാഅശ്ഹരി ഖിലാഫത്തും രാജവാഴ്ചയും തമ്മിലുള്ള അന്തരങ്ങളെ വളരെ സ്പഷ്ടമായി വ്യക്തമാക്കിത്തന്നിട്ടുണ്ട്. ഖലീഫ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തിയാണ്. രാജാധിപൻ വാൾകൊണ്ട് അധികാരം സ്ഥാപിച്ചെടുക്കുന്നവനുമാണ്. ഖിലാഫത്തിന്റെ ശരിയായ സങ്കൽപത്തെക്കുറിച്ച് അമീർ മുആവിയക്ക് നല്ല ബോധമുണ്ടായിരുന്നു. പൂർമാണാധികാര ലബ്ധിക്ക് ശേഷം മദീനക്കാരെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു. '' ദൈവത്താണെ നിങ്ങളുടെ മേലുള്ള എന്റെ അധികാര സ്ഥാപനം നിങ്ങൾക്കൊട്ടും ഇഷ്ടപ്പെട്ടില്ലെന്ന് എനിക്ക് നന്നായി അറിയാം. നിങ്ങളുടെ ഹൃദയങ്ങളിലെ എന്നോടുള്ള പകയെക്കുറിച്ചും എനിക്ക് നന്നായി ബോധമുണ്ട്. ഞാൻ അധികാരം പിടിച്ച് പറ്റിയത് വാൾബലം കൊണ്ടാണ്. നിങ്ങളോടുള്ള കടമ നിറവേറ്റുവാൻ എനിക്ക് സാധിക്കാത്ത പക്ഷം ദയവ് ചെയ്ത് നൽകപ്പെട്ടത് കൊണ്ട് തൃപ്തിയടയുക.''

ഇസ്ലാമിന്റെ വിജയത്തിന്റെയും പുരോഗതിയുടെയും പാതയിൽ സൃഷ്ടിക്കപ്പെട്ട കനത്ത പ്രതിബന്ധങ്ങളായിരുന്നു ഈ കുഴപ്പങ്ങൾ സൃഷ്ടിച്ച നാലാമത്തെ പ്രഹരം. ആഭ്യന്തര കലഹങ്ങളും ഇസ്ലാമിന്റെ ശക്തിയെ ക്ഷയിപ്പിച്ചു.

ഗതകാലങ്ങളിൽ ഇസ്ലാമിന് മുന്നിൽ വിറച്ച് തലകുനിച്ച് നിന്നിരുന്ന രാഷ്ട്രങ്ങൾ രൗദ്രഭാവം കൈകൊണ്ട് വാളുയർത്തുന്നതിന്നു പ്രതികാരം ചെയ്യുവാനും ഇസ്ലാമിനെയും മുസ്ലിംകളെയും അപമാനിച്ചധിക്ഷേപിക്കാനും ലഭിച്ച സന്ദർഭങ്ങൾ ഒന്നും തന്നെ അവർ പാഴാക്കിയില്ല. ഇന്നും ആ പ്രക്രിയ തുടർന്നുകൊണ്ടേയിരിക്കുകയും ചെയ്യുന്നു. ലോകമുസ്ലിംകൾക്കെതിരിൽ ഗൂഢപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ ജൂതരും ക്രിസ്തീയരും ഇന്നും ജാഗരൂകരാണ്. ഇസ്ലാമിനെ ഹനിക്കുവാനുള്ള ഗൂഢപദ്ധതികൾ ആവിഷ്കരിക്കപ്പെട്ടിട്ടില്ലാത്ത മതപരവും സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ യാതൊരു വീഥികളും തന്നെയില്ല. ഖിലാഫത്ത് ശിഥിലീകരണമില്ലാതെ ശക്തമായി നിലനിന്നിരുന്നുവെങ്കിൽ ഇതിനകം യൂറോപ്പിലും അമേരിക്കയിലും ഇസ്ലാമിന്റെ വെന്നിക്കൊടി പാറിയേനെ.

ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ ശിഥിലീകരണം സൃഷ്ടിച്ച അഞ്ചാമത്തെ നഷ്ടം മതപ്രചാരണ രംഗത്തുണ്ടായ സ്തംഭനാവസ്ഥയാണ്. അക്കാലങ്ങളിൽ മതപരിവർത്തനം ചെയ്ത് പുതുതായി ഇസ്ലാമിലേക്ക് വന്നവർ മതപരിത്യാഗികളായി പഴയ വിശ്വാസത്തിലേക്ക് തന്നെ തിരിച്ചു പോയി. വിദ്യാഭ്യാസ പരിപാടികൾ നിശ്ചലമായി. മുസ്ലിംകൾക്കിടയിലെ ആഭ്യന്തര കക്ഷിപ്പോരുകൾ ആഗോളതലത്തിൽ മുസ്ലിംകൾക്കെതിരിൽ വെറുപ്പും വിദ്വേഷവും ജനിപ്പിച്ചു. വാഗ്ദത്ത മസീഹിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ഖിലാഫത്ത് വ്യവസ്ഥിതിയുടെ പ്രധാന്യത്തെക്കുറിച്ചുള്ള ചർച്ചയിൽ മതപ്രചാരണ പ്രവർത്തനങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകിയിരിക്കുന്നതും അതുകൊണ്ടുതന്നെയാണ്. അദ്ദേഹം പറഞ്ഞു. "ഇസ്ലാം മതപ്രചാരണ പ്രവർത്തനങ്ങളിൽ നാം വളരെ കർമ്മോത്സുകരായി മുഴുകിയിരിക്കുകയാണെന്ന് നിങ്ങൾക്കറിയാമല്ലോ. ഈ ഉത്തരവാദിത്വം നാമെങ്ങനെയാണ് നിറവേറ്റുകയെന്ന് നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ഇസ്ലാമിക ക്ഷേമം ജീവിത ലക്ഷ്യമായി കരുതുന്ന ഒരു പിടി ആളുകൾ ഇസ്ലാമിന്റെ പുനരുത്ഥാനത്തിനായി അതിവിദഗ്ദ്ധമായി തയ്യാറാക്കപ്പെട്ട പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്നതിനായി തങ്ങളുടെ കേന്ദ്രങ്ങളിൽ എത്തിയിട്ടുണ്ട്. ഒരു സാധാരണ നിരീക്ഷകന് അവർ മതഭ്രാന്തന്മാരാണെന്ന് തോന്നിയേക്കാം. എന്നാൽ മഹാത്ഭുതങ്ങൾ പ്രവർത്തിച്ച് കാണിക്കുവാനുതകുന്ന നിശ്ചയ ദാർഢ്യത മനസ്സിലൂട്ടിയിറപ്പിച്ചവരാണവർ. വീഴുന്ന ഓരോ മഴത്തുള്ളിയും ശേഖരിക്കപ്പെട്ട് നീർച്ചാലുകൾ ഉണ്ടാകുന്നത് നിങ്ങൾ കണ്ടിട്ടില്ലേ? ഈ ചാലുകളാണ് അരുവികളായും നദികളായും പരിണമിക്കുന്നത്. അതേപ്രകാരം നമ്മുടെ ചെറിയ ചെറിയ പ്രവർത്തനങ്ങൾ കരുത്താർജ്ജിക്കുന്നു. മറ്റുള്ളവർക്കില്ലാത്ത ഖിലാഫത്താകുന്ന ദൈവികാനുഗ്രഹം കൊണ്ട് അല്ലാഹു നിങ്ങളെ അനുഗ്രഹിച്ചിരിക്കുന്നു എന്നത് മാത്രമാണ് അതിന്റെ കാരണം. അല്ലാഹുവിന്റെ ഈ അനുഗ്രഹം ഒന്ന് കൊണ്ട് മാത്രമാണ് അഹ്മദികളുടെ ഈ കൊച്ചു സംഘങ്ങൾക്ക്, വ്യക്തിഗത പരിശ്രമങ്ങൾക്ക് ഒരിക്കലും നിർവ്വഹിക്കുവാൻ സാധിക്കാത്തത്രയും വലിയ മഹാത്ഭുതങ്ങൾ സഫലീകരിക്കുവാൻ സാധിച്ചത്" (അൽഫസൽ 25/3/52)

ഇസ്ലാമിക ഖിലാഫത്ത് കഴിഞ്ഞ നൂറ്റാണ്ടുകളിൽ തുടർന്നുവന്നിരുന്നുവെങ്കിൽ പ്രബലമായ ഒരേ ഒരു മതം ഇസ്ലാമും ഒരേ ഒരു പ്രവാചകൻ ഹദ്റത്ത് മുഹമ്മദ് നബി(സ) യും മാത്രമായിത്തീരുമായിരുന്നു. രാഷ്ട്രങ്ങൾ അദ്ദേഹത്തെ അംഗീകരിച്ചതായും ഭൂമിയിലുടനീളം അദ്ദേഹത്തിന്റെ അനുയായികൾ നിറഞ്ഞതായും നിങ്ങൾക്ക് കാണാമായിരുന്നു.

(വിവ. ഇ. കെ.)

# ഇസ്‌ലാമിലെ സ്പാനിഷ് ചിന്താസരണി

ഹദ്‌റത്ത് മിർസാ ത്വാഹിർ അഹ്മദ്

**സ്പെയിനിൽ മതവും ശാസ്ത്രവും വ്യത്യസ്ത സരണികളായിരുന്നു. വെളിപാടും യുക്തിയും രണ്ട് സമാന്തര യാഥാർത്ഥ്യങ്ങളാണ് എന്നായിരുന്നു വിഖ്യാത സ്പാനിഷ് പണ്ഡിതൻ ഇബ്നു റുഷ്ദിന്റെ നിലപാട്**

ചില ചിന്തകന്മാർ വെളിപാടു സത്യങ്ങൾക്ക് യുക്തിയേക്കാൾ പ്രാഥമ്യം നൽകുന്നു. മറ്റു ചിലർ നേരെ തിരിച്ച് യുക്തിക്കാണ് വെളിപാടിനേക്കാൾ പരിഗണന നൽകുന്നത്. മുസ്‌ലിം ലോകത്തെ എക്കാലത്തെയും മഹാനായ ചിന്തകൻ ഇബ്നു റുഷ്ദ് (അവറോസ് എന്നാണ് അദ്ദേഹം പാശ്ചാത്യ ലോകത്ത് അറിയപ്പെടുന്നത്) വെളിപാടിനേയും യുക്തിയേയും സംബന്ധിച്ച് മേൽ പ്രകടിപ്പിച്ച ആശയങ്ങൾ അതായത് സമാന്തര യാഥാർത്ഥ്യങ്ങളാണെന്ന ആശയം മുന്നോട്ടു വെക്കുകയുണ്ടായി. അത് രണ്ടും വ്യത്യസ്തമായി ത്തന്നെ കണക്കാക്കണമെന്നും അദ്ദേ ഹം അഭിപ്രായപ്പെട്ടു. വെളിപാട് സത്യങ്ങൾ അതേപോലെ തന്നെ സ്വീകരിക്കുകയാണ് വേണ്ടത്. അതുപോലെ നിരീക്ഷണത്തിലൂടെയും പരീക്ഷണത്തിലൂടെയും ലഭിക്കുന്ന വിജ്ഞാനങ്ങൾ തദനുസൃതമായും കണക്കാക്കണം. അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം വെളിപാട് സത്യങ്ങളും യുക്തി സത്യങ്ങളും തമ്മിൽ ഒരു സഹബന്ധം (Co-relation) തിരയേണ്ടുന്നതോ അവ തമ്മിൽ വൈരു ദ്ധ്യം (Contradiction) അന്വേഷിക്കേണ്ടതോ അത് പരിഹരിക്കേണ്ടതോ ആവശ്യമില്ല.

മുസ്‌ലിം ശാസ്ത്രജ്ഞന്മാർ ശാസ്ത്രീയ വിജ്ഞാനം ആർജിക്കുന്നതിൽ അതിശീഘ്രം പുരോഗമിച്ചിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. ചില യാഥാസ്ഥിതിക ചിന്താസരണിയിൽ പെട്ട പണ്ഡിതന്മാർ 'ഇൽഹാദ്' (നൂതനാശയങ്ങൾ മതത്തിൽ ചേർക്കൽ) ആരോപിച്ചുകൊണ്ടുള്ള മതശാസനകൾ പുറപ്പെടുവിച്ചിരുന്നിട്ടും അവർ തളരാതെ മുന്നോട്ടുപോയി. ശാസ്ത്രത്തിന്റെ പുരോഗതിയെ തടസ്സപ്പെടുത്തുമെന്നതുകൊണ്ട് ഇത്തരം വിവാദങ്ങളിൽ ഇടപെടേണ്ടതില്ല എന്ന് ഇബ്നു റുഷ്ദ് വിചാരിച്ചിരിക്കണം.

മതവും ശാസ്ത്രവും തമ്മിൽ വൈരുദ്ധ്യമുണ്ടെന്ന കണ്ടെത്തലിലെ അപകടം അദ്ദേഹം ഒഴിവാക്കുകയായിരുന്നു. ഒരു യാഥാർത്ഥ ഇസ്‌ലാംമത വിശ്വാസിയും ഒരു ശാസ്ത്രജ്ഞനും തന്റെ മുൻവിധികൾ ഒഴിവാക്കിക്കൊണ്ട് സത്യത്തിന് വേണ്ടി സമർപ്പിക്കുകയാണ് ചെയ്യുന്നത്. ഈയൊരു നയമായിരുന്നു പിൽക്കാലത്ത് പ്രശംസനീയമാംവിധം സ്പെയിനിലെ മതത്തിന്റേയും ശാസ്ത്രത്തിന്റേയും ഗതി നിയന്ത്രിച്ചത്. വെളിപാട് സത്യങ്ങളും നിരീക്ഷണ സത്യങ്ങളും തമ്മിലുള്ള വൈരുദ്ധ്യം ഒരിക്കലും നേരിട്ട് ഏറ്റുമുട്ടിയിരുന്നില്ല. അതുകൊണ്ട് ഏതിനാണ് മുൻഗണന എന്ന പ്രശ്നം ഗുരുതരമായി ഉയർന്നുവരുകയുണ്ടായില്ല. അനവധി നൂറ്റാണ്ടുകളോളം സംഘട്ടനരഹിതമായ ഈ നയം സ്പെ യിനിൽ പ്രാബല്യത്തിലുണ്ടായിരുന്നു. ഇതിന് ഇബ്നു റുഷ്ദിന്റെ വിവേചനബോധത്തിന് വളരെയധികം നന്ദി പറയേണ്ടതുണ്ട്.

ഒളിമങ്ങിയ പിന്നീടുള്ള കാലഘട്ടങ്ങളിലുണ്ടായ വിവാദ സാധ്യതയുള്ള വിഷയങ്ങൾ പുനഃപരിശോധിക്കുമ്പോൾ, ആ കാലഘട്ടം അത്തരത്തിലുള്ള വിവാദ വിഷയങ്ങൾ അഭിമുഖീകരിക്കാനുള്ള പക്വത പ്രാപിച്ചിട്ടില്ലായിരുന്നു എന്ന് നമുക്ക് നിസ്സംശയം പറയാനാവും. നിരീക്ഷിത വസ്തുതകളെ സംബന്ധിച്ച് അവർക്ക് വികലവും ഭാഗികവുമായ ധാരണകളായിരുന്നു ഉണ്ടായിരുന്നത്. ചിലപ്പോൾ പൂർണ്ണമായ തെറ്റിദ്ധാരണകൾക്കും സാധ്യതകളുണ്ടായിരുന്നു എന്ന കാര്യം നിഷേധിക്കാൻ സാധ്യമല്ല.

ഉദാഹരണത്തിന് മദ്ധ്യകാലഘട്ടത്തിൽ മുസ്‌ലിം ശാസ്ത്രജ്ഞന്മാർ കൈകൊണ്ട പ്രപഞ്ച സങ്കല്പം യഥാർത്ഥത്തിൽ ഖുർആന്റെയോ ഹദീസിന്റെയോ അടിസ്ഥാനത്തിലുള്ളതായിരുന്നില്ല. അവരുടെ അത്തരം അഭിപ്രായങ്ങളെ അക്കാലത്തെ അജ്ഞാനമായിരുന്നു സ്വാധീനിച്ചത്. മതപണ്ഡിതന്മാർ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങൾ എപ്പോഴും ഇസ്‌ലാമിന്റെ അഭിപ്രായമായും അവസാന വാക്കായും കണക്കാക്കപ്പെടുന്നു. എന്നാൽ അക്കാലത്ത് നിലവിലുള്ള

വിജ്ഞാനങ്ങളുടെ അടിസ്ഥാനത്തിൽ യഥാർത്ഥ ഖുർആനിക വീക്ഷണത്തിന്റെ അല്പം മാത്രമേ അവർക്ക് ഗ്രഹിക്കാൻ സാധിച്ചിരുന്നുള്ളൂ.

അത്തരം വിഷയങ്ങളിൽ സ്പെയിനിൽ മതപണ്ഡിതന്മാരും ശാസ്ത്രജ്ഞന്മാരും തമ്മിൽ യാതൊരു സംവാദങ്ങളും നടന്നതായി കാണുന്നില്ല. ഈ രണ്ടു ഗ്രൂപ്പുകൾ തമ്മിൽ വിജ്ഞാനം കൈമാറുന്നതിന് ഒരു പൊതുവേദി ഉണ്ടായിരുന്നില്ല. ഇരുകൂട്ടരുടെയും വിശ്വാസത്തിന്റെ യോഗ്യതയെ സംബന്ധിച്ച് താരതമ്യാത്മകമായ ഒരു സംവാദവും നടക്കുകയുണ്ടായില്ല. ഇതിന്റെ ഫലമായി ജീവിതമോ അതല്ല സത്യമോ ഇതിൽ എന്തെങ്കിലുമൊന്ന് തിരഞ്ഞെടുക്കേണ്ടിവന്ന ഗലീലിയോവിനെ പോലെയൊരാളുടെ ഗതി ആർക്കും സ്പെയിനിൽ ഉണ്ടായില്ല. കണ്ട കാര്യം ഉള്ളതുപോലെ വിളിച്ചുപറയാൻ നിർബന്ധിതരായിരുന്ന ശാസ്ത്രജ്ഞന്മാരും അവരുടെ സമകാലികന്മാരായ അക്കാലത്തെ ശാസ്ത്രബോധമുള്ളവരും മതപണ്ഡിതന്മാരോട് ഒരു വിശദീകരണത്തിനു പോലും പോയില്ല. അക്കാലത്തെ അറിയപ്പെട്ട ശാസ്ത്ര വസ്തുതകളുമായി വൈരുദ്ധ്യമുണ്ടായിരുന്ന മതപണ്ഡിതന്മാരുടെ ഖുർആനിക വ്യാഖ്യാനങ്ങൾ തെറ്റാണെന്ന് അവർക്ക് തെളിയിച്ചു കാട്ടേണ്ട ആവശ്യമുണ്ടെന്ന് അവർ കരുതിയിരുന്നുമില്ല.

ഇതിന്റെ ഫലമായി ഈ രണ്ട് സമാന്തര പ്രസ്ഥാനങ്ങളും കാലക്രമേണ വ്യത്യസ്തമായി വികസിക്കുകയുണ്ടായി. അവസാനം അത് അങ്ങനെ തന്നെ സംഭവിച്ചു. അതായത്, ഇസ്‌ലാമിക വിജ്ഞാനം തത്വശാസ്ത്രപരമായും ശാസ്ത്രീയമായും വ്യത്യസ്ത ചിന്താമാർഗ്ഗങ്ങളിലൂടെ മുന്നോട്ടുപോയി. അവയുടെ വീഥികൾ ഒരിക്കലും അതിവർത്തിക്കപ്പെട്ടില്ല. പരസ്പരം അതിക്രമിച്ചു കയറാത്ത രണ്ട് വ്യത്യസ്ത സരണികൾ പോലെ അവ സമാന്തരമായി ഒഴുകി.

ഇതിന്റെ ഫലമായി മറ്റെല്ലാ മുസ്‌ലിം രാജ്യങ്ങളേക്കാൾ ശാസ്ത്രീയ ഗവേഷണ രംഗത്ത് അന്തലൂഷ്യ (സ്പെയിനിലെ മുസ്‌ലിം സാമ്രാജ്യത്തിന്റെ പേര്) വളരെയേറെ മുന്നോട്ടുപോയി. സ്പെയിനിനുണ്ടായ മറ്റൊരു ആനുകൂല്യം മുറിഞ്ഞു പോകാത്ത സുദീർഘമായ സമാധാന കാലം സ്പെയിൻ അനുഭവിച്ചു എന്നതാണ്. ചെങ്കിസ് ഖാനെ പോലെയും, ഹല്ലാക്കു ഖാനെ പോലെയുമുള്ള പടയോട്ടക്കാരുടെ ആക്രമണങ്ങളിൽ നിന്ന് സ്പെയിൻ സുരക്ഷിതമായിരുന്നു. അന്തലൂഷ്യയുടെ ഈ സുവർണ്ണ കാലഘട്ടത്തെ യുക്തിയുടെ യുഗം എന്ന് വിശേഷിപ്പിക്കാം. അന്തലൂഷ്യയിൽ നിന്ന് മുസ്‌ലിംകളെ പുറത്താക്കിയതോടെ മുസ്‌ലിം പ്രഭാവത്തിന്റെ ആ കാലഘട്ടം അസ്തമിച്ചു. ഇസ്‌ലാമുമായുള്ള സ്പാനിഷ് ജനതയുടെ എല്ലാ ബന്ധങ്ങളും വിഛേദിക്കപ്പെട്ടു. ധൈഷണികവും ശാസ്ത്രീയവുമായ പുരോഗതിക്ക് ലോകത്തെവിടെയെങ്കിലും ദുരന്തപൂർണ്ണമായ ഒരു അധ:പതനം സംഭവിച്ചെങ്കിൽ അത് സംഭവിച്ചത് അന്തലൂഷ്യയുടെ ഭൂമിയിലാണ്. എന്തൊരു ദുരന്തപൂർണ്ണമായ അധഃപതനമായിരുന്നു അത്. ഇസ്‌ലാമിന്റെ ഒഴിഞ്ഞുപോക്കിന് അന്തലൂഷ്യയുടെ തെക്കൻ ഭാഗത്തെ വാതായനങ്ങൾ തുറന്നിടപ്പെട്ടു. ഇസ്‌ലാമിന്റെ വിവേകം, ജ്ഞാനം, സഹൃദയത്വം, സമഞ്ജസ ശോഭയോടെ പ്രസരിച്ച സത്യവും പ്രകാശവുമെല്ലാം ഒരു പക്ഷെ നൂറ്റാണ്ടുകളോളം തിരിച്ചുവരാൻ കഴിഞ്ഞില്ലെന്ന് വരാം. കുടിയൊഴിഞ്ഞ മുസ്‌ലിംകൾ പോയ വഴിക്കൊന്നും ഇസ്‌ലാമിന്റെ പ്രകാശം പ്രസരിച്ചില്ല. സ്പെയിൻ വീണ്ടും ഇസ്‌ലാമിന് മുമ്പുണ്ടായിരുന്ന തികഞ്ഞ അന്ധകാര യുഗത്തിലേക്ക് ആപതിച്ചു. ഇസ്‌ലാമിക ലോകത്ത് ഒരിടത്തും തന്നെ ഇതിനേക്കാൾ ഒരു മേന്മയുണ്ടായിരുന്നില്ല. അവിടെ അന്ധകാരം അകത്ത് നിന്നു തന്നെ വളരുകയായിരുന്നു. അത് മതപരമായ മുൻവിധിയുടെ അന്ധകാരമായിരുന്നു. സങ്കുചിതത്വത്തിന്റെയും മുരട്ടു ചിന്താഗതിയുടെയും അഹങ്കാരത്തിന്റെയും ആത്മപ്രശംസയുടെയും പരസ്പരമുള്ള അസൂയുടെയും അന്ധകാരം നരകതീ പോലെ ആളിപ്പടരാൻ ആരംഭിച്ചു. സ്വർഗ്ഗീയ വെളിച്ചം തടയുന്ന തോതിൽ അതിന്റെ ധൂമസ്തംഭങ്ങൾ അകലങ്ങളിലേക്കും വിസ്തൃതിയിലും ഉയർന്നു പൊങ്ങി; വർഷങ്ങളോളം വളരുകയും കനം വെക്കുകയും ചെയ്ത ഈ അന്ധകാരത്തിന്റെ നിഴലിൽ അതിനു കീഴിലെ ഭൂമിയെല്ലാം മൂടുകയായിരുന്നു.

വടക്കൻ യൂറോപ്പിലെ നിവാസികൾക്ക് ഇത് വ്യത്യസ്തമായ മറ്റൊരു കഥയായിരുന്നു. സ്പെയിനിലെ ജനതക്ക് നഷ്ടപ്പെട്ടതെന്താണോ അത് അവർക്ക് നേട്ടമാക്കപ്പെടുകയുണ്ടായി. ഏത് തരത്തിലുള്ള നേട്ടമായിരുന്നു അതെന്ന് നോക്കാം. മുസ്‌ലിംകളെ സ്പെയിനിൽ നിന്നും തുരത്തെറിഞ്ഞ അതേ ഇസബല്ലാ രാജ്ഞിയും ഫെർഡിനാന്റ് രാജകുമാരന്റേയുടെയും ക്രോധം സങ്കുചിത മനസ്കരും മർദ്ദകരുമായ ക്രിസ്തീയ പൗരോഹിത്യത്തിന്റെ സ്വാധീനത്താൽ ഏറെ കഴിയുന്നതിന് മുമ്പ് യഹൂദികളുടെ നേർക്ക് തിരിഞ്ഞു. മുസ്‌ലിംകളുടെ ഒഴിച്ചുപോക്കിനായി അന്തലൂഷ്യയുടെ ദക്ഷിണ വാതായനങ്ങൾ തുറന്നിട്ടത് പോലെ വടക്കൻ വാതായനങ്ങൾ വൻ തോതിലുള്ള യഹൂദരുടെ കുടിയൊഴിക്കലിന് വേണ്ടിയും തുറന്നിടപ്പെട്ടു. വൈജ്ഞാനികമായി ഉന്നതരും, മഹാന്മാരുമായ പണ്ഡിതന്മാരും, ശാസ്ത്രജ്ഞന്മാരും ബുദ്ധി ജീവികളും അതിവിദഗ്ദ്ധന്മാരായ തൊഴിലാളികളും അവരുടെ കൂട്ടത്തിലുണ്ടായിരുന്നു. മുസ്‌ലിംകളുടെ കനിവാർന്ന ഏഴ് നൂറ്റാണ്ടു കാലത്തെ ഭരണത്തിനു കീഴിൽ അവർ നിരവധി രംഗങ്ങളിൽ വൈദഗ്ദ്ധ്യം നേടിയിരുന്നു. വ്യവസായം, വാണിജ്യം, ശാസ്ത്രഗവേഷണം, വാസ്തുശില്പം, ശിൽപകല അതുപോലെയുള്ള മനുഷ്യാദ്ധ്വാനത്തിന്റെ സമസ്ത മേഖലയിലും യഹൂദികൾ മികവ് ആർജിച്ചു. അപ്രതി

ളിൽ ഉദിച്ചുയരാൻ തുടങ്ങി. യഹൂദികളുടെ കൂട്ട പലായനത്തിന് വലിയ തോതിൽ നന്ദി പറയുക. മുസ്ലിംകളുടെ മഹത്തായ രചനകൾ രാജ്യാതിർത്തി കടക്കുകയും നിരവധി യൂറോപ്യൻ ഭാഷകളിൽ പണ്ഡിതന്മാർ അത് വിവർ ത്തനം ചെയ്യുകയും ചെയ്തു. വാസ്തവത്തിൽ നവോത്ഥാനം എന്നറിയപ്പെടുന്ന ഉൽബുദ്ധതയുടെ പുതിയ യുഗത്തിന് അതായിരുന്നു തറക്കല്ലിട്ടത്.

ശാസ്ത്രം സ്പെയിനിലെ മുസ്ലിം തത്ത്വജ്ഞാനികളിലൂടെയായിരുന്നു യൂറോപ്പിലെത്തിയത്. അക്കാലം വരെയുള്ള വൈദ്യശാസ്ത്രരംഗത്തെ അറിയപ്പെടുന്ന ഏറ്റവും വലിയ വൈദ്യവിജ്ഞാനിയായിരുന്ന അവിസെന്നയുടെ ചികിത്സാ പ്രതിഭയും ഭൗതിക ശാസ്ത്രവും മത തത്ത്വശാസ്ത്രവും തമ്മിൽ സംയോജിപ്പിച്ച അവറോസിന്റെ വിജ്ഞാനവും യൂറോപ്യൻ ചക്രവാളത്തിനു മുക

രോധ്യവും അതീവ സംഘടിതവുമായ പീഡന പരിപാടികളിലൂടെ ജൂതന്മാരെ അവരുടെ സ്വത്തെല്ലാം പിടിച്ചെടുത്ത് രാജ്യത്ത് നിന്നും നാടു കടത്തി. അന്തലൂഷ്യയിൽ നിന്നും ഫ്രാൻസിന്റെ തെക്കുവരെയുള്ളതും അതിനപ്പുറത്തുമുള്ള സർവ്വദിക്കിലേക്കും വിജ്ഞാനത്തിന്റെ ദീപശിഖാ വാഹകരായി വർത്തിച്ചത് അവരായിരുന്നു. അരിസ്റ്റോട്ടലിന്റേയും പ്ലേറ്റോയുടെയും തത്ത്വ

---

സദൃശപുരുഷനിൽ ആരംഭിക്കുകയും ആ പാരമ്പര്യം ഈസാ (അ)യുടെ സദൃശപുരുഷനിൽ അവസാനിക്കുകയും അന്ത്യത്തിന് ആദ്യത്തിനോടുള്ള സാമ്യം പുലരുകയും ചെയ്യേണ്ടത് ആവശ്യമായിരുന്നു. ആകയാൽ, ഇതും എന്റെ സത്യത്തിലേയ്ക്കുള്ള ഒരു തെളിവ് ആകുന്നു. എന്നാൽ, ദൈവഭയത്തോടെ ചിന്തിക്കുന്നവർക്ക് മാത്രം!.................

**വിവ: എൻ അബ്ദുർറഹീം**

സൂചന അടങ്ങിയിരിക്കുന്നു. അതിതാണ്: ഖിയാമത്ത് അടുത്തിരിക്കയാൽ അതുതന്നെ ഖിലാഫത്തിനെ സംബന്ധിച്ചിടത്തോളം ഖുറൈശി വംശത്തിനുള്ള എല്ലാ വാഗ്ദാനങ്ങളെയും അവസാനിപ്പിക്കുന്നതാണ്. ചുരുക്കത്തിൽ, മൂസവീ-മുഹമ്മദീ സാദൃശ്യങ്ങളെ പൂർത്തിയാക്കുന്നതിന്ന് ഈ എല്ലാ നിർബന്ധങ്ങളോടുംകൂടി വെളിപ്പെടുന്ന ഒരു വാഗ്ദത്ത മസീഹിന്റെ ആവശ്യമുണ്ടായിരുന്നു. ഇസ്ലാമി പരമ്പര മൂസാ (അ) യുടെ

*(6 -ാം പേജിൽ നിന്ന് തുടർച്ച)*

ച്ചുകൊണ്ടു ഇസ്രായീലി സത്തയുടെ രണ്ടു ഭാഗങ്ങളിൽ ഒരു ഭാഗം മാത്രം മസീഹിൽ നിലനിന്നു എന്നു വരുമാറ് അവർക്കൊരു ദൃഷ്ടാന്തം കാണിച്ചു കൊടുത്തു എന്നതത്രെ ഇതിന്റെ രഹസ്യം. വരുവാനുള്ള നബിയിൽ ഇതും (ഈ ഭാഗവും -പരി) ഉണ്ടായിരിക്കില്ല എന്നതിലേക്കുള്ള ഒരു സൂചനയായിരുന്നു ഇത്. ആകയാൽ, ലോകം അവസാനിക്കുകയാൽ, എന്റെ ഈ ജനനത്തിലും ഒരു

---

നുബൂവ്വത്തിന്റെ മാതൃകയിലുള്ള ഖിലാഫത്ത് പുലർന്നുകഴിഞ്ഞിട്ടും അതിനെ അവിശ്വസിച്ചുകൊണ്ട് മുസ്ലിം പണ്ഡിതന്മാരും സമൂഹവും എന്തിനെയാണ് പ്രതീക്ഷിച്ചിരിക്കുന്നത്? മുഹമ്മദീ നുബൂവ്വത്തിന്റെ ഈ രണ്ടാം പ്രഭാവത്തിലൂടെ മുസ്ലിം ഉമ്മത്തിനെ സംസ്കരിച്ച് ഏകോപിപ്പിച്ച് ഇസ്ലാമിനെ അജയ്യശക്തിയായി മാറ്റാൻ അല്ലാഹു ഉദ്ദേശിക്കുന്നു. മുസ്ലിംകൾ അഹ്മദിയ്യാ ഖിലാഫത്തിൽ ബൈയ്യത്ത് ചെയ്ത് പ്രവേശിക്കുകയല്ലാതെ അവർക്ക് മറ്റൊരു രക്ഷാ മാർഗ്ഗവുമില്ല. അല്ലാഹു പറയുന്നു.

***'ഒരു ജനത അവരുടെ ഹൃദയത്തിലുള്ളതിന് അവർ സ്വയം മാറ്റം വരുത്തുന്നത് വരെ അവരുടെ സ്ഥിതിക്ക് അല്ലാഹുവും ഒരു മാറ്റം വരുത്തുന്നതല്ല.' (13:12).***

ന്റെ അടിസ്ഥാനത്തിലാണെന്ന യാഥാർത്ഥ്യം നമ്മെ അത്ഭുതപ്പെടുത്തുന്നു. അവസാനം നുബൂവ്വത്തിന്റ വഴിയിലുള്ള ഖിലാഫത്താണ് വരിക എന്ന് വ്യക്തമായി പറഞ്ഞിരിക്കുന്നു. ഖിലാഫത്തിന്റെ മറ്റെല്ലാ രൂപവും തുടർച്ചയായി പുലരുകയും അക്കാര്യം മാത്രം പുലരാതിരിക്കുന്നതുമെങ്ങിനെ? ഇക്കാലത്ത് മുഹമ്മദ് നബി(സ) പ്രതിപുരുഷനും 'മഹ്ദി', 'മസീഹ്' എന്നീ അഭിധാനങ്ങൾ നൽകപ്പെട്ടവരും നുബൂവ്വത്ത് കൊണ്ട് അനുഗ്രഹീതനുമായ ഹദ്റത്ത് അഹ്മദ് (അ) സ്ഥാപിച്ച അഹ്മദിയ്യാ ഖിലാഫത്തിനെ സംബന്ധിച്ചാണ് 'നുബൂവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്ത്' എന്ന് റസൂൽ തിരുമേനി(സ) പ്രവചിച്ചത്. റസൂൽ തിരുമേനി (സ) യുടെ ആ പ്രവചനവും പുലർന്നുകഴിഞ്ഞു.

*(5 -ാം പേജിൽ നിന്ന് തുടർച്ച)*

***മാതൃകയിലുള്ള (മിൻഹാജൻ നുബൂവ:) ഖിലാഫത്ത് വരും.*** *ഇത് പറഞ്ഞശേഷം തിരുമേനി മൗനം ദീക്ഷിച്ചു. (മിശ്കാത്ത്).*

യൂസുഫുൽ ഖർളാവി തുടരുന്നു: '*തിരുമേനി ഈ ഹദീസിൽ പ്രവചിച്ച ഖിലാഫത്തുറാഷിദയും, പരുക്കൻ ഭരണവും, സേഛാധിപത്യവും പുലരുകയുണ്ടായി. തിരുമേനി വാഗ്ദാനം ചെയ്ത പ്രവാചകത്വ മാതൃകയിലുള്ള (മിൻഹാജൻ നുബൂവ്വ:) ഖിലാഫത്തേ ഇനി പുലരാൻ ബാക്കിയുള്ളൂ. ദൈവേച്ഛയാൽ അതും പുലരാതിരിക്കില്ല തീർച്ച. ('പ്രബോധകന്റെ സംസ്കാരം' - യൂസുഫുൽ ഖർളാവി. പേ.99).*

നൂറ്റാണ്ടുകളിലൂടെ കടന്നുവന്ന മുസ്ലിം ഖിലാഫത്തിന്റെ ഇടമുറിയാത്ത ചരിത്രം ഈ ഹദീസി

## ലേഖനം

# "ഇന്നീ മഅക്ക യാ മസ്റൂർ" അഞ്ചാം ഖിലാഫത്തിന്റെ മഹനീയാനുഗ്രഹങ്ങൾ

മുഹമ്മദ് ഉമർ കോഴിക്കോട്

### ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അഹ്മദിയ്യാ ഖിലാഫത്തിന്റെ അഞ്ചാമത്തെ ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടതിനോടനുബന്ധിച്ചുണ്ടായ ചില ദൈവിക അറിയിപ്പുകൾ

മതലോകത്ത് വൃക്ഷം ഒരുപമാലങ്കാരമായും സാദൃശ്യമായും പ്രയുക്തമാക്കപ്പെടാറുണ്ട്. അത് പൂർവ്വികമായ ഒരു ശൈലിയും സർവ്വസാധാരണമായ ഒരു പ്രയോഗവും ആകുന്നു. വിശുദ്ധഖുർആൻ ആത്മീ യ പ്രസ്ഥാനത്തെ എന്നെന്നും മാധുര്യമേറിയ പഴം നൽകുന്ന വൃക്ഷത്തോടു വളരെ മനോഹരമായ രീതിയിൽ സാദൃശ്യപ്പെടുത്തിപ്പറയുന്നു. അതായത്:

*അല്ലാഹു ഒരു പരിശുദ്ധ വചനത്തെ ഒരു പരിശുദ്ധ വൃക്ഷത്തോടു എപ്രകാരമാണ് ഉപമിച്ചിരിക്കുന്നതെന്ന് നീ കണ്ടില്ലേ? അതിന്റെ അടിവേരു ഉറച്ചു നിൽക്കുകയും അതിന്റെ ശാഖകൾ ആകാശത്ത് ഉയർന്നു നിൽക്കുകയും ചെയ്യുന്നു. അതിന്റെ നാഥന്റെ കല്പന പ്രകാരം അത് പുതുഫലങ്ങൾ എപ്പോഴും തന്നുകൊണ്ടിരിക്കുന്നു. മനുഷ്യൻ ചിന്തിച്ചു ഗ്രഹിക്കുന്നതിനായി അല്ലാഹു (ഇപ്രകാരം) ഉപമകൾ വിവരിക്കുന്നു. (14:25,26)*

ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) തന്റെ ആത്മീയ പ്രസ്ഥാനത്തെ പരിശുദ്ധ വൃക്ഷത്തോടു ഉപമിച്ചു കൊണ്ടു പറയുന്നു. *"അല്ലാഹു നിങ്ങളെ നഷ്ടത്തിലാക്കുമെന്ന് നിങ്ങൾ കരുതരുത്. നിങ്ങൾ ഭൂമിയിൽ ദൈവകരത്താൽ വിതക്കപ്പെട്ട ഒരു ബീജമാണ്. ഈ ബീജം വലുതാവുകയും പുഷ്പിക്കുകയും അതിന്റെ ശാഖകൾ ഓരോ ഭാഗത്തും വ്യാപിക്കുകയും ഒരു വൻ വൃക്ഷമായിത്തീരുകയും ചെയ്യുന്നതാണ്." മറ്റൊരു സ്ഥലത്തു പറയുന്നു:*

*തീർച്ചയായും നിങ്ങൾ അറിഞ്ഞു കൊള്ളുക. ഇത് അല്ലാഹുവിന്റെ തിരുകരങ്ങളാൽ നടപ്പെട്ട ചെടിയാകുന്നു. അല്ലാഹു ഇതിനെ ഒരിക്കലും നഷ്ടപ്പെടുത്തുന്നതല്ല. ഇതിനെ പരിപൂർണ്ണതയിലെത്തിക്കുന്നത് വരെ അവൻ തൃപ്തിയടയുന്നതല്ല. അവൻ ഇതിന് ജലസേചനം നൽകുന്നതും ഇതിനു ചുറ്റും (സുരക്ഷക്കായി) മതിൽക്കെട്ടു നിർമ്മിക്കുന്നതും ഇതിനു അത്ഭുതകരമായ വിജയം നൽകുന്നതുമാണ്. (ഇതിനെ നശിപ്പിക്കാൻ) നിങ്ങൾ അല്പ സ്വല്പം ശക്തിയാണോ പ്രയോഗിച്ചിരുന്നത്. ഇത് മനുഷ്യ നിർമ്മിതമായ ഒന്നായിരുന്നുവെങ്കിൽ ഈ വൃക്ഷം എപ്പോഴോ വെട്ടിമുറിക്കപ്പെടുകയും അങ്ങനെ ഇതിന്റെ നാമവും അടയാളവും കൂടി അവശേഷിക്കാതിരിക്കുകയും ചെയ്യുമായിരുന്നു. (റൂഹാനീ ഖസായിൻ വാള്യം 17)*

ഈ ഉപമാലങ്കാര പ്രയോഗത്തിന്റെ സാക്ഷാൽക്കാരമെന്നോണം അഹ്മദിയ്യാ ജമാഅത്തിന്റെ ബദ്ധവൈരിയായിരുന്നു മൗലവി സഫർ അലി ഖാൻ 1926 ൽ തന്റെ സമീന്ദാർ എന്ന പത്രത്തിൽ എഴുതുന്നു.

"ഈ (അഹ്മദിയ്യാ) ജമാഅത്ത് ഒരുവൻ വൃക്ഷമായിത്തീർന്നിരിക്കുന്നു. ഇതിന്റെ ശാഖകൾ ഒരു ഭാഗത്ത് ചൈനയിലാണെങ്കിൽ മറു ഭാഗത്ത് യൂറോപ്യൻ നാടുകളിൽ വ്യാപിച്ചു കൊണ്ടിരിക്കുന്നതായികാണുന്നു."

ഇത് 80 വർഷങ്ങൾക്കുമുമ്പുള്ള അവസ്ഥയാണ്. ഇന്ന് അഹ്മദിയ്യത്താകുന്ന വൻ വടവൃക്ഷത്തിന്റെ ശാഖകൾ ലോകത്ത് 181 ലോക രാഷ്ട്രങ്ങളിൽ വ്യാപിച്ചിരിക്കുകയാണ്.

ഹദ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹിന്റെ വിയോഗാനന്തരം 1908 മെയ് 27-ാം തീയതി ഒന്നാമത്തെ ഖിലാഫത്ത് സ്ഥാപിതമായി. അതിനു ശേഷം മൂന്നു ഖിലാഫത്തുകൾ ആ പരിശുദ്ധ വൃക്ഷത്തിന്റെ മാധുര്യമേറിയ ഫലങ്ങളെന്നോണം പ്രത്യക്ഷപ്പെട്ടു.

2003 ഏപ്രിൽ 21-ാം തീയതി ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് അഞ്ചാമനായി തെരഞ്ഞെടുക്കപ്പെട്ടു. ആ തീയതിക്കും നൂറുവർഷങ്ങൾക്കു മുമ്പ് വ്യക്തമായിപ്പറഞ്ഞാൽ 1903 ഏപ്രിൽ 21-ാം തീയതി ഹദ്റത്ത് വാഗ്ദത്ത മസീഹിന് അല്ലാഹുവിൽ നിന്ന് ഒരു ദിവ്യവെളിപാടു ഇപ്രകാര

മുണ്ടായി.

യഹ്ബാത്ത് ആസ്മാൻ പർഖറാർ പാചുകീ ഹൈ തബ്ദീലി ഹോനേ വാലി നഹിഹൈ.

ഈ കാര്യം ഉപരിലോകത്ത് നിശ്ച യിക്കപ്പെട്ടതാണ്. അതിൽ ഒരു മാറ്റവും ഉണ്ടാകുന്നതല്ല. (തദ്ക്കിറ ഭാഗം 482)

അതേ, നൂറുവർഷങ്ങൾക്കു ശേ ഷം ഇതേ മാസം ഇതേ ദിവസം ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് ഖലീഫത്തുൽ മസീഹ് ഖാമിസായി തെരഞ്ഞെടുക്കപ്പെടു മെന്ന കാര്യം ഉപരിലോകത്ത് നിശ്ച യിക്കപ്പെട്ടതായിരുന്നു. ഈ തീരുമാ നത്തിൽ ഒരു മാറ്റവും ഉണ്ടായിട്ടില്ല.

ആത്മീയ ലോകത്തുണ്ടാകുന്ന ഇത്തരം അത്ഭുത പ്രതിഭാസങ്ങളുടെ യാഥാർത്ഥ്യം ഭൗതിക ദൃഷ്ടി കോണിൽ കൂടി മാത്രം വീക്ഷിക്കുന്ന വർക്ക് ഗ്രഹിക്കുവാൻ പ്രയാസമാണ്.

പ്രസ്തുത തെരഞ്ഞെടുപ്പു നട ക്കുന്ന സമയത്തുണ്ടായ ഒരു സംഭവം ഈ തെരഞ്ഞെടുപ്പു ദൈവികപ്രകാ ശത്തിന്നധീനമായി നടന്നതാണെന്നു മനസ്സിലാവുന്നു.

2003 ഏപ്രിൽ 21-ാം തീയതി രാത്രി സമയം ലണ്ടനിലെ മസ്ജിദ് ഫദ ലിന്റെ വിശാലമായ അങ്കണത്തിലും അതിനോടനുബന്ധിച്ച റോഡുക ളിലും മുപ്പതിനായിരത്തിൽ പരം അഹ്മദികൾ ഉൽകണ്ഠാഭരിതരായി കണ്ണിമക്കാതെ തെരഞ്ഞെടുപ്പിന്റെ ഫലം പ്രതീക്ഷിച്ചിരിക്കുകയായിരു ന്നു. അതേപ്രകാരം ലോകെത്തങ്ങു മുള്ള കോടിക്കണക്കിൽ അഹ്മദി കൾ ആകാംക്ഷാഭരിതരായി പ്രാർത്ഥനാ നിരന്തരരായി എം.ടി.എ. യുടെ മുമ്പാകെ ഇരിക്കുകയാണ്. അപ്പോൾ മസ്ജിദു ഫദലിന്നകത്ത് തെരഞ്ഞെടുപ്പു നടപടികൾ നടന്നു കൊണ്ടിരിക്കുകയായിരുന്നു. ആ അവസരത്തിൽ മസ്ജിദു ഫദലിന്ന് മുമ്പിൽ ഉപവിഷ്ടരായിരുന്നവരിൽ ആസ്ട്രിയ ജമാഅത്ത് പ്രസിഡണ്ട് ജനാബ് ഖാസി ശരീഫ് അഹ്മദു സാഹിബും ഒരാളായിരുന്നു. അദ്ദേ ഹത്തിന് ആസ്ട്രിയയിൽ നിന്നും തന്റെ ഭാര്യ റിസ്വാന ശഫീഖ് സാഹി ബയുടെ ഒരു ഫോൺ സന്ദേശം വരു ന്നു. അതിൽ അവർ പറയുന്നു ഞാൻ വീട്ടിലിരുന്നു എം. ടി. എ യുടെ ദൃശ്യ ങ്ങൾ കാണുകയായിരുന്നു. അപ്പോൾ ക്ഷീണം കൊണ്ട് അല്പം മയങ്ങി പ്പോയി. ആ മയക്കത്തിൽ എനിക്ക് ആകാശത്ത് നിന്ന് ഒരു പ്രകാശ ഗോളം മിന്നിത്തിളങ്ങുന്നതായി കാണുവാൻ സാധിച്ചു. ആ പ്രകാശ ഗോളം വളരെ വേഗത്തിൽ ഭൂമിയിലേ ക്കിറങ്ങി ഖിലാഫത്ത് കമ്മിറ്റി നട ക്കുന്ന മസ്ജിദു ഫദലിന്നകത്തുപോ വുകയും അവിടെ ഒരു വ്യക്തിയിൽ ആവാഹിക്കുകയും ചെയ്തു. ആ വ്യക്തിയുടെ പേര് മസ്റൂർ അഹ്മദു എന്നാണെന്നും അല്ലാഹു അദ്ദേ ഹത്തെ ഖലീഫയായി തെരഞ്ഞെടു ത്തിരിക്കുകയും തന്റെ പ്രകാശത്തെ അദ്ദേഹത്തിൽ നിറക്കുകയും ചെയ്തിരിക്കുന്നുവെന്നുമുള്ള തോന്നൽ അപ്പോഴെനിക്കുണ്ടായി. ഇതോടെ എന്റെ മയക്കം തെളി ഞ്ഞു ഞാനിതാ താങ്കൾക്ക് ഫോൺ ചെയ്യു കയാണ്. അല്പ സമയത്തിന്നകം ലണ്ടൻ മസ്ജിദു ഇമാം മൗലാന അത്താഉൽ മുജീബ് സാഹിബ്, വാഗ്ദത്ത മസീഹിന്റെ അഞ്ചാമത്തെ ഖലീഫയും അല്ലാഹുവിന്റെ അഞ്ചാ മത്തെ ഖലീഫയും അല്ലാഹുവിന്റെ ദ്വിതീയ ശക്തി പ്രഭാവത്തിന്റെ അഞ്ചാമത്തെ പ്രതീകവും ആയി ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിച്ചു.

താനോ തന്റെ ഭർത്താവോ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മ ദിന്റെ പേര് ഇതിനു മുമ്പ് കേൾക്കു കയോ അദ്ദേഹത്തെ കാണുകയോ ചെയ്തിരുന്നില്ലെന്നും എന്നാൽ താൻ ദർശനത്തിൽ കണ്ട അതേ മുഖം തന്നെയാണ് ഖലീഫത്തുൽ മസീ ഹായി തെരഞ്ഞെടുക്കപ്പെട്ട ശേഷം തനിക്കു കാണുവാൻ സാധിച്ച തെന്നും റിസ്വാനാ സാഹിബ ജ: മൗലാനാ അത്താ ഉൽമുജീബ് സാഹിബിനെഴുതിയ കത്തിൽ പറ യുന്നു.

ഇതേ പ്രകാരം മൗലാനാ നയീം അഹ്മദു സാഹിബ് മുബല്ലിഗ് ഇൻചാർജ് ഹോളണ്ടു എഴുതുന്നു: അഞ്ചാമത്തെ ഖിലാഫത്തിന്റെ തിര ഞ്ഞെടുപ്പിന്റെ തലേന്ന് അതായത് ഏപ്രിൽ 20-ാം തീയതി രാവിലെ പ്രഭാത നമസ്കാരത്തിനുശേഷം അല്പം വിശ്രമിക്കുവാൻ കിടന്നപ്പോ ൾ ദർശനത്തിൽ കണ്ട കാഴ്ച എനി ക്കൊരിക്കലും മറക്കുവാൻ സാധിക്കാ ത്തതാണ്. ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബും ജനാബ് ഖാലിദു മഹ്മൂദു സാഹിബും ഒരി ടത്ത് നിൽക്കുകയായിരുന്നു. അപ്പോ ൾ ആകാശത്ത് നിന്നും വളരെ വെണ് മയേറിയ ഒരു പ്രകാശകിരണം ഹദ്റ ത്തിന്റെ പരിശുദ്ധ മുഖത്ത് ചെന്നു പതിക്കുകയും അതോടെ അദ്ദേഹ ത്തിന്റെ മുഖം പ്രകാശത്താൽ മിന്നി ത്തിളങ്ങുകയും ചെയ്തു. ആ അവ സരത്തിൽ അഹ്മദിയ്യാ ജമാഅ ത്തിന്റെ അഞ്ചാം ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദു സാഹിബ് തന്നെയായിരി ക്കുമെന്ന് എന്റെ ഹൃദയം ഉറപ്പിച്ചു പറയുകയുകയുണ്ടായി. ഇതുപോ ലുള്ള പല ദർശനങ്ങളും മാന്യന്മാ രായ പല സഹോദരീ സഹോദര ന്മാരും കണ്ടിരിക്കുന്നു. (ബദർ 20 — 27 ഡിസംബർ 2005)

ചുരുക്കത്തിൽ ഹദ്റത്ത് ഖലീഫ ത്തുൽ മസീഹ് അഞ്ചാമന്റെ തെര ഞ്ഞെടുപ്പും ദൈവേച്ഛക്ക് അനുസൃത മാണെന്നും അങ്ങനെ ദൈവസവിധ ത്തിൽ ദ്വിതീയ ശക്തി പ്രഭാവത്തിന്റെ അഞ്ചാമത്തെ പ്രതീകമായി അല്ലാഹു അദ്ദേഹത്തെ അംഗീകരിക്കുകയുണ്ടാ യെന്നും വ്യക്തമായി.

1907 ഡിസംബർ മാസത്തിൽ ഹദ്റത്ത് വാഗ്ദത്ത മഹ്ദി മസീഹി നുണ്ടായ ദിവ്യ വെളിപാടിൽ ഇപ്ര കാരം പറയുന്നു.

ഞാൻ നിന്റെയും നിന്റെ എല്ലാ സതീർത്ഥ്യരുടെയും കൂടെയുണ്ട്. ഇന്നീ മഅക്ക യാ മസ്റൂർ. അല്ലയോ മസ്റൂർ ഞാൻ നിന്റെ കൂടെയുണ്ട്. (ത

ദ്ക്കിറ പേജ് 742)

ഈ പ്രവചനം ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദു മുഖേന അക്ഷരാർത്ഥത്തിൽ തന്നെ പൂർത്തിയായി.

അദ്ദേഹവും ആയി ബന്ധപ്പെടുന്ന വർക്കും ദൈവിക സഹായമുണ്ടാവുമെന്ന സുവാർത്തയും ഇതിൽ അടങ്ങിയിരിക്കുന്നു.

ഖിലാഫത്തെ ഖാമിസയുടെ ഈ ചുരുങ്ങിയ കാലഘട്ടത്തിൽ ആഗോളാടിസ്ഥാനത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ പ്രവർത്തന രംഗത്തുണ്ടായ മഹത്തായ നേട്ടങ്ങൾ,

"അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തി കൊടുക്കുന്നതാണ്." (24:56) എന്ന ഖിലാഫത്തുമായി ബന്ധപ്പെട്ട ദൈവിക വാഗ്ദാനത്തിന്റെ സാക്ഷാൽക്കാരമാണ്. ആ നേട്ടങ്ങളുടെ ചെറിയൊരു വിവരണം ചുവടെ ചേർക്കുന്നു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ കഴിഞ്ഞ രണ്ടു വർഷങ്ങളിലായി ലോകത്ത് 985 പുതിയ ജമാഅത്തുകൾ അധികമായി സ്ഥാപിതമായി ഇവയിൽ 184 മസ്ജിദുകൾ ജമാഅത്ത് പുതുതായി നിർമ്മിച്ചവയും 135 എണ്ണം അവയുടെ ഇമാമുകളടക്കം ജമാഅത്തിനു ലഭ്യമായവുമാണ്.

1984 ൽ പാക് പ്രസിഡണ്ട് സിയാവുൽ ഹഖിന്റെ കിരാത ഭരണകാലത്ത് 8 അഹ്മദിയ്യാ മസ്ജിദുകൾ ബുൾഡോസർ വെച്ചു നശിപ്പിക്കപ്പെട്ടു. എന്നാൽ പകരമായി അല്ലാഹു 1984 മുതൽ ഇതേവരെ 13774 മസ്ജിദുകൾ ജമാഅത്തിനു തന്നനുഗ്രഹിച്ചു. ഇവയിൽ 11695 മസ്ജിദുകൾ അവയിലെ ഇമാമീങ്ങളോടുകൂടി ജമാഅത്തിന്സൗജന്യമായി ലഭിച്ചവയാണെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

ഖിലാഫത്ത് ഖാമിസയുടെ ഈ ചുരുങ്ങിയ കാലഘട്ടത്തിൽ 189 പ്രചാരണ കേന്ദ്രങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിർമ്മിക്കപ്പെട്ടു.

കനഡയിൽ അഹ്മദിയ്യാ ജമാഅത്തിന്നുണ്ടായിരിക്കുന്ന മഹത്തായ നേട്ടങ്ങളെയും വിജയങ്ങളെയും പ്രതിപാദിച്ചുകൊണ്ടു അവിടുത്തെ അമീറും ചീഫ് മിഷ്യനറിയും ആയ മൗലാനാ നസീം മഹ്ദി സാഹിബ് 2005 ലെ ഖാദിയാനിൽ നടന്ന വാർഷിക സമ്മേളനത്തിൽ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി. ചില വർഷങ്ങൾക്കു മുമ്പ് ടൊറണാഡോ നഗരത്തിൽ 25 ഏക്കർ വിശാലമായ സ്ഥലത്ത് നിർമ്മിച്ച ബൈത്തുൽ ഇസ്‌ലാം കനഡയിലെ ഏറ്റവും സുന്ദരവും പ്രൗഢഗംഭീരവും ആയ മസ്ജിദാണ്. അതോടനുബന്ധിച്ച് 50 ഏക്കർ നിലം വാങ്ങി ദാറുൽ അമൻ (Peace Village) എന്ന പേരിൽ വലിയൊരു കോളനി നിർമ്മിക്കപ്പെട്ടിരിക്കുന്നു. 166 പ്ലോട്ടുകളിൽ അവിടെ അഹ്മദികൾ വസിക്കുന്നു. ശാഹ്റാനെ അഹ്മദിയ്യത്ത്, നൂറുദ്ദീൻ സ്ട്രീറ്റ്, മഹ്മൂദു സ്ട്രീറ്റ്, നാസിർ ത്വാഹിർ സ്ട്രീറ്റ്, സഫറുല്ലാഖാൻ സ്ട്രീറ്റ്, ഡോക്ടർ അബ്ദുസ്സലാം സ്ട്രീറ്റ് എന്നിവയാണ് പ്രസ്തുത കോളണിയിലെ തെരുവുകളുടെ പേരുകൾ. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് - 5 ഈയടുത്ത് പ്രസ്തുത സ്ഥലം സന്ദർശിച്ച് അതിനെ ചെറിയ റബ്‌വാ നഗരം എന്നു വിശേഷിപ്പിച്ചിരിക്കുന്നു. ഈയടുത്ത കാലത്തായി കാനഡയിൽ കേൽഗരിയിൽ 153 ഏക്കറും ഒട്ടാവയിൽ 100 ഏക്കറും എഡ്മിസ്റ്റനിൽ 33 ഏക്കറും ഡർഹമിൽ 18 ഏക്കറും സ്ക്കാട്ടോണിൽ 16 ഏക്കറും നിലങ്ങൾ വാങ്ങിയിരിക്കുന്നു. അവിടങ്ങളിലൊക്കെ അഹ്മദിയ്യാ കോളണികൾ നിർമ്മിക്കുന്ന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നു. ഇപ്പോൾ അവിടെ ജമാഅത്ത് അഹ്മദിയ്യാ അറബിക് കോളേജ് സ്ഥാപിതമായിരിക്കുന്നു. യൂറോപ്പിലെ പല ഭാഗങ്ങളിൽ നിന്നുമുള്ള 54 വിദ്യാർത്ഥികൾ മതപഠനം അഭ്യസിച്ചുവരുന്നു. അങ്ങനെ കനഡയിലെ അഹ്മദിയ്യാ ജമാഅത്ത് ഖിലാഫത്തിന്റെ കീഴിൽ ഭൗതികമായും ആത്മീയമായും പുരോഗതി പ്രാപിച്ചു വരികയാണ്. ഈയടുത്ത കാലത്ത് ലണ്ടനിലും ജമാഅത്തു അഹ്മദിയ്യാ അറബി കോളേജ് ഉദ്ഘാടനം ചെയ്യപ്പെട്ടിരിക്കുന്നു.

ആഫ്രിക്കൻ നാടുകളിലും അഹ്മദിയ്യാ ജമാഅത്ത് പുരോഗതി പ്രാപിച്ചു വരികയാണ്. ഖിലാഫത്തിന്റെ അനുഗൃഹീത മേൽനോട്ടത്തിൽ തബ്‌ലീഗ് പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. തെൻസാനിയായിൽ 40 മസ്ജിദുകളും ജാമിആ അഹ്മദിയ്യയും അഹ്മദിയ്യാ പ്രസ്സും രണ്ടു ആശുപത്രികളും പ്രവർത്തന നിരതമാണെന്ന് ഖാദിയാനിൽ നടന്ന വാർഷിക സമ്മേളനത്തിൽ തെൻസാനിയ ജമാഅത്തിന്റെ പ്രതിനിധി പ്രസ്താവിക്കുകയുണ്ടായി. തെൻസാനിയാ ജമാഅത്തിന് അവിടെ ഒരു റേഡിയോ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഗവർമ്മെണ്ടിൽ നിന്നു അനുവാദം ലഭിച്ചിരിക്കുന്നു. അതിന്റെ പണി തകൃതിയായി നടന്നുവരികയാണ്. സുവാഹിലി ഭാഷയിൽ വിശുദ്ധ ഖുർആൻ വർഷങ്ങൾക്കു മുമ്പ് വിവർത്തനം ചെയ്തു പ്രസിദ്ധീകൃതമായിരുന്നു. ഇപ്പോൾ ഖലീഫ തിരുമനസ്സിന്റെ നിർദ്ദേശമനുസരിച്ചു ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ 20 ഗ്രന്ഥങ്ങൾ സുവാഹിലി ഭാഷയിൽ തർജ്ജമ നടന്നുവരികയാണ്.

ഈ വർഷം വിശുദ്ധ ഖുർആന്റെ രണ്ടു പരിഭാഷകൾ പ്രസിദ്ധീകൃതമായി. അങ്ങനെ ഇതുവരെ 60 ലോക ഭാഷകളിൽ വിശുദ്ധ ഖുർആൻ ഭാഷാന്തരം ചെയ്തു പ്രസിദ്ധീകൃതമായിരിക്കുന്നു. 21 ഭാഷകളിൽ തർ ജ്ജമ പൂർത്തിയായിരിക്കുന്നു. അവ അച്ചടിക്കുന്നതിനുള്ള ഏർപ്പാടുകൾ നടന്നുവരുന്നു.

ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) തന്റെ ഗ്രന്ഥങ്ങളിൽ വിവിധ ഖുർആൻ ആയത്തുകൾക്കു നൽകിയിരുന്ന വ്യാഖ്യാനക്കുറിപ്പുകൾ എട്ടു വാല്യങ്ങളിലായി പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. ഈ വർഷം നാലുവാല്യങ്ങൾ കൂടി പ്രകാശനം ചെയ്യപ്പെട്ടിരി

ക്കുകയാണ്.

കൂടാതെ പതിനെട്ടു വിവിധ ഭാഷകളിൽ 60 ഗ്രന്ഥങ്ങളും ഫോൾഡെറുകളും പ്രസിദ്ധീകൃതമായി.

ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ 'ഇസ്ലാം മതതത്വജ്ഞാനം' എന്ന മഹൽ ഗ്രന്ഥം ഇതുവരെ 53 ഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ടു പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു ഇപ്പോൾ നാലു ഭാഷകളിൽ കൂടി തർജ്ജമ പൂർത്തിയായി. അതേപ്രകാരം വാഗ്ദത്ത മസീഹിന്റെ 'അൽവസി/യ്യത്ത്' എന്ന ഗ്രന്ഥം ഒമ്പത് ഭാഷകളിൽ പ്രകാശനം ചെയ്യപ്പെട്ടിരുന്നു. ഇപ്പോൾ 21 ഭാഷകളിൽ തർജ്ജമ ചെയ്യപ്പെട്ടു വരികയാണ്.

ഹദ്റത്ത് മുസ്ലിഹ് മൗഊദി (റ) ന്റെ വിശുദ്ധ ഖുർആൻ തഫ്സീർ അറബി ഭാഷയിൽ 4 വാള്യങ്ങൾ പ്രസിദ്ധീകൃതമായിരുന്നു. ഇപ്പോൾ അഞ്ചാം വാള്യവും പ്രകാശനം ചെയ്യപ്പെട്ടിരിക്കുന്നു.

ഇവ കൂടാതെ താഹിർ ഫൗണ്ടേഷന്റെ വകയായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമന്റെ 1982 മുതൽ 1984 വരെയുള്ള ഖുത്തുബാ പ്രഭാഷണങ്ങൾ മൂന്നു ഭാഗങ്ങളിലായി പ്രസിദ്ധീകൃതമായിരിക്കുന്നു. ഈ ഫൗണ്ടേഷന്റെ പ്രവർത്തനവും പുരോഗതി പ്രാപിച്ചു വരികയാണ്. ഇന്നു ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി വിദ്യാഭ്യാസ കേന്ദ്രങ്ങൾ, ആതുരാലയങ്ങൾ, സൃഷ്ടിസേവന പ്രവർത്തനങ്ങൾ എന്നിവ വിജയകരമായി നടന്നുവരികയാണ്. അവയൊക്കെ വിസ്തരിച്ചു പ്രതിപാദിക്കാനിവിടെ സാദ്ധ്യമല്ല.

ഖിലാഫത്തിന്റെ അതിമഹത്തായൊരനുഗ്രഹം ജനങ്ങളെ ഒരേ സുശക്തമായ കരങ്ങളിൽ സുസംഘടിതരാക്കുകയും ഒരേ ചരടിൽ കോർത്തിണക്കുകയുമാണ്. 'സമിഅ്നാ വ അത്വഅ്നാ' - ഞങ്ങൾ കേട്ടു ഇതാ ഞങ്ങൾ അനസുരിക്കുകയാണ് എന്ന ഏകാത്മക ഐക്യം ഇന്ന് ആഗോളാടിസ്ഥാനത്തിൽ അഹ്മദിയ്യാ ജമാഅത്തിൽ മാത്രമെ കാണപ്പെടുന്നുള്ളൂ.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് തിരുമനസ്സിന്റെ പാശ്ചാത്യ പൗരസ്ത്യ നാടുകളിൽ നടന്ന പര്യടന വേളകളിൽ പതിനായിരക്കണക്കിൽ അഹ്മദികൾ തങ്ങളുടെ ആത്മീയ നേതാവിനോടു കാണിച്ചിരുന്ന നിസ്തുല്യമായ സ്നേഹ പ്രകടനങ്ങളും, തങ്ങളുടെ യജമാനന്റെ പ്രകാശ നിർഭരമായ മുഖം ദർശിക്കുവാനും കരം പിടിച്ചു ചുംബിക്കുവാനുമുള്ള ആ ഭക്ത ദാസന്മാരുടെ അപാരമായ വ്യഗ്രതയും അവർണ്ണനീയമായിരുന്നു.

ഈ ഖിലാഫത്ത് വ്യവസ്ഥിതി മൂലം മാത്രമെ ഈ ഐക്യദാർഢ്യത സംസ്ഥാപിതമാകുയുള്ളൂവെന്നും ഭാഷ വേഷ വർണ്ണ വർഗ്ഗ ദേശ വിഭാഗീയതകൾക്കതീതമായി നാനാത്വത്തിൽ ഏകത്വം നിലനിറുത്താനാകുകയുള്ളൂവെന്നും ഇതൊക്കെ തെളിയിക്കുന്നു.

നാഥനില്ലാത്ത ആടുകളെപ്പോലെ ഛിന്നഭിന്നമായിരിക്കുന്ന ഇന്നത്തെ മുസ്ലിംകളുടെ അവസ്ഥക്ക് ഒരറുതി വരുത്താൻ സുശക്തമായ ഒരാത്മീയ നേതൃത്വത്തിനു മാത്രമെ സാധിക്കുകയുള്ളൂ.

ഈ യാഥാർത്ഥ്യത്തെക്കുറിച്ച് മുസ്ലിംകളുടെ രാഷ്ട്രീയ മതനേതാവും സുപ്രസിദ്ധ മതപണ്ഡിതന്മായിരുന്നു മൗലാനാ അബുൽ കലാം ആസാദു ഇപ്രകാരം ഏറ്റുപറയുന്നു. "എല്ലാ ജനങ്ങളും ജ്ഞാനിയും കർമ്മ നിരതനുമായ ഒരു മുസ്ലിമിൽ ഒന്നിച്ചു ചേരട്ടെ. അദ്ദേഹം അവരുടെ നേതാവായിത്തീരട്ടെ. അദ്ദേഹം തരുന്ന അദ്ധ്യാപനം എല്ലാവരും പൂർണ്ണ വിശ്വസ്തതയോടും സത്യനിഷ്ഠയോടും കൂടി സ്വീകരിക്കട്ടെ. വിശുദ്ധ ഖുർആന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ അദ്ദേഹം തരുന്ന കല്പനകൾ ശങ്കലേശമെന്യേ നടപ്പിലാക്കുകയും അനുസരിക്കുകയും ചെയ്യട്ടെ. അദ്ദേഹത്തിന്റെത് മാത്രം നാവ് ചലിക്കട്ടെ മറ്റുള്ളവരെല്ലാം ഊമന്മാരായിരിക്കട്ടെ എല്ലാവരുടെ മസ്തിഷ്കങ്ങളും നിഷ്ക്രിയമാവട്ടെ. അദ്ദേഹത്തിന്റെ മസ്തിഷ്കം മാത്രം പ്രവർത്തിക്കട്ടെ. ജനങ്ങളുടെ പക്കൽ നാവും തലച്ചോറും ഇല്ലാതിരിക്കട്ടെ. അതിനു പകരം അദ്ദേഹത്തിന്റെ കല്പനകൾ സ്വീകരിക്കുന്ന ഹൃദയം മാത്രം അവർക്കുണ്ടാകട്ടെ. പ്രവർത്തിക്കുന്ന കൈകാലുകൾ മാത്രം അവർക്കുണ്ടാകട്ടെ. അങ്ങനെയല്ലെങ്കിൽ നിങ്ങൾ മൃഗങ്ങളുടെ കൂട്ടം പോലുള്ള ഒരാൾക്കൂട്ടം മാത്രമായിരിക്കും. കല്ലിന്റെയും മണ്ണിന്റെയും ഒരു കൂമ്പാരമായിരിക്കും. അല്ലാതെ ഒരു സമൂഹമോ കൂട്ടായ്മയോ ആയിരിക്കുന്നതല്ല. നിങ്ങൾ ഇഷ്ടികകളായിരിക്കും. എന്നാൽ ഒരു ചുവരായിത്തീരുന്നില്ല. കല്ലും മണ്ണുമായിരിക്കും. എന്നാൽ ഒരു പർവ്വതമാകുന്നില്ല. ജലത്തുള്ളികളായിരിക്കാം. എന്നാൽ ഒരു സമുദ്രമാകുന്നില്ല. ആർക്കും എളുപ്പത്തിൽ ഉടക്കാൻ സാധിക്കുന്ന കണ്ണികളായിരിക്കാം. എന്നാൽ വലിയ വലിയ കപ്പലുകളെ കെട്ടി വലിക്കുന്ന ചങ്ങലയാകുന്നില്ല. (മസ്അലയെ ഖിലാഫത്ത് 3/4)

അതെ, ഇന്നു മുസ്ലിംകൾക്കും ഈ രീതിയിലുള്ള ഒരു നേതൃത്വവും അനുസരണബദ്ധമായ ഒരു സംഘടനാ ശക്തിയും ആണ് ആവശ്യമായിട്ടുള്ളതും. അതു ഇന്നു അഹ്മദിയ്യാ ജമാഅത്തിൽ മാത്രമാണ് കാണപ്പെടുന്നത്. ഈയം ഉരുക്കി വാർക്കപ്പെട്ടതെന്ന് വിശുദ്ധഖുർആൻ വിശേഷിപ്പിച്ച സുശക്ത കോട്ട മതിലിന്നകത്ത് ഓരോ അഹ്മദിയും സുരക്ഷിതനാണ്. ഈ കോട്ടക്കകത്ത് അഭയം തേടിയാൽ മാത്രമെ ഇന്നു ലോകത്തിനു ശാശ്വതമായ ശാന്തിയും സമാധാനവും ലഭ്യമാവുകയുള്ളൂ. l

**ഇന്ത്യയിൽ ജനിക്കുന്ന മഹ്ദി**

അഹ്മദ് എന്നു പേരുള്ള മഹ്ദിയോടൊപ്പം ഒരു ജമാഅത്ത് ഇന്ത്യയിൽ ജിഹാദ് (മതപ്രചാരണം) നടത്തുന്നതാണ്.

*(കിത്താബ്. അന്നജ്മുസ്സാഖിബ്, വാല്യം 2).*

ലേഖനം

# ഖിലാഫത്ത് വ്യവസ്ഥിതിയുടെ അനുഗ്രഹങ്ങളും നമ്മുടെ ഉത്തരവാദിത്തങ്ങളും

റാവീൽ ബുഖാറോവ്, റഷ്യ

**ഇംഗ്ലണ്ടിലെ അഹ്മദിയ്യാ വാർഷിക സമ്മേളനത്തിൽ ചെയ്ത പ്രസംഗം**

**(2000 ജൂലൈ)**

അഹ്മദിയ്യാ ജമാഅത്തും ഇന്ന് നിലവിലുള്ള ഇതര മുസ്‌ലിം സമൂഹങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തൊക്കെയാണ് എന്ന് പലപ്പോഴും ചോദിക്കപ്പെടാറുണ്ട്. ഇസ്‌ലാമിനെയും അതിന്റെ സിദ്ധാന്തങ്ങളെയും ചരിത്രത്തെയും കുറിച്ച് വളരെ കുറച്ചറിയുന്ന ഒരു വ്യക്തിക്ക്, ഈ പ്രധാന ചോദ്യത്തിന് നിരവധി മറുപടികൾ പറയാനുണ്ടാകും, എല്ലാം ഒരു മുഖ്യ ആശയത്തിൽ നിന്നും ഉരുവം കൊള്ളുന്നതായിരിക്കും. നമ്മുടെ ജുമാഅത്ത് അല്ലാഹുവിനാൽ സ്ഥാപിക്കപ്പെട്ടതാണ്, മറ്റെല്ലാം തന്നെ മനുഷ്യനിർമ്മിതമാണ്.

എന്നാൽ, ഈ പ്രസ്താവനയുടെ അഖണ്ഡ്യമായ തെളിവുകൾ എന്തൊക്കെയാണെന്ന് ചോദിക്കപ്പെട്ടേക്കാം. അപ്പോൾ നാം നബി (സ) തിരുമേനി യുടെയും വാഗ്ദത്ത മസീഹി (അ) ന്റെയും പ്രവചനങ്ങളും വെളിപാടുകളും ഉദ്ധരിച്ചുകൊണ്ട് നിരവധി തെളിവുകൾ ഹാജരാക്കിയേക്കാം. നമ്മുടെ കാലഘട്ടത്തിൽ നേരത്തെയുണ്ടായ പ്രവചന പൂർത്തീകരണവും നാം പരാമർശിക്കും. അല്ലാഹുവിന്റെ ഇച്ഛയോട് ജമാത്തംഗങ്ങൾ കാണിക്കുന്ന അനുസരണവും അർപ്പണബോധവും നാം എടുത്തുകാണിക്കുകയും ചെയ്തേക്കാം. വിശുദ്ധഖുർആനിലും ഹദീസുകളിലും പ്രകടിപ്പിക്കപ്പെട്ട എല്ലാറ്റിനേയും വലയം ചെയ്തിരിക്കുന്ന ദൈവേച്ഛയെക്കുറിച്ച് നമുക്ക് അറിവു ലഭിക്കുന്നത് ഇസ്‌ലാമിലെ മർമ്മപ്രധാനമായ പ്രശ്നങ്ങളെക്കുറിച്ചുള്ള വാഗ്ദത്ത മസീഹി(അ)ന്റെ വ്യാഖ്യാനം മുഖേനയും വെളിപാടുകൾ മുഖേനയുമാണ്. അതിനാൽ നാം മതപരമായ പ്രചോദനമുൾക്കൊള്ളുന്നത് ഇസ്‌ലാമിക ചരിത്രത്തിലെ മുസ്‌ലിംകളിൽ നിന്നും വിദൂര ഭൂതകാലത്തിൽ നിന്നു മാത്രമല്ല, അതിന്റെ വർത്തമാന കാലത്തിൽ നിന്നും, ഇൻശാ അല്ലാ ഉജ്ജ്വലവും ആദരയുക്തവുമായ ഭാവിയിൽ നിന്നുമാണ്.

ഇസ്‌ലാമിനെയും അതിന്റെ ചരിത്രത്തെയും കുറിച്ച് സുപരിചിതനായ ഒരു വ്യക്തിയെ സംബന്ധിച്ചേടത്തോളം അഹ്മദിയ്യാ ജമാഅത്ത് ദൈവികമാണെന്നതിന് വ്യക്തവും അനിഷേധ്യവുമായ ഒരു തെളിവുണ്ട്. ദൈവേച്ഛയെ അംഗീകരിക്കുകയും അതിന് കീഴ്‌വണങ്ങുകയും ചെയ്യാൻ തയ്യാറുള്ള ഓരോ മുസ്‌ലിമിനും ലഭ്യമായ ഖിലാഫത്തിന്റെ അനുഗ്രഹം അഹ്മദിയ്യാ ജമാഅത്തിനാണ് നല്കപ്പെട്ടിരിക്കുന്നത് എന്നതാണത്. അല്ലാഹു വിശുദ്ധ ഖുർആൻ മുഖേനയും നബി തിരുമേനി (സ) യുടെ പ്രവചനങ്ങൾ മുഖേനയും വാഗ്ദാനം ചെയ്ത ഭൂമിയിൽ പുനസ്ഥാപിക്കപ്പെട്ട ഖിലാഫത്ത് അഹ്മദിയ്യാ ജമാഅത്തിനെയും മറ്റു മുസ്‌ലിം പ്രസ്ഥാനങ്ങളെയും അടിസ്ഥാനപരമായ രീതിയിൽ വേർതിരിക്കുന്നു. അഹ്മദികളായ നമ്മെ സംബന്ധിച്ചേടത്തോളം അല്ലാഹു നൽകിയ അനുഗ്രഹങ്ങളിൽ വെച്ച് ഏറ്റവും പ്രധാനമായത് ഖിലാഫത്താണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതാണ് നമ്മുടെ ജമാഅത്തിന്റെ ഹൃദ്യമായ ആത്മീയ നിധി. അതിനാൽ, അഹ്മദിയ്യത്തിനോടുള്ള അർപ്പണബോധവും നമ്മുടെ ഐക്യവും പ്രകടിപ്പിക്കാൻ ഭൂമിയുടെ നാനാഭാഗങ്ങളിൽ നിന്നും നാം ഒത്തുചേർന്ന ഈ അവസരത്തിൽ ഖിലാഫത്തിന്റെ അർത്ഥത്തേയും ഉദ്ദേശത്തേയും പദ്ധതിയേയും കുറിച്ച് ചിന്തിക്കുന്നത് ഉചിതമായിരിക്കും.

### മഹത്തായ ഒരു പ്രവചനം

ഈ വിഷയം തീർച്ചയായും ബഹുമുഖവും ഇസ്‌ലാം പോലെത്തന്നെ

അവസാനിക്കാത്തതുമാണ്. ഖിലാഫ ത്തെന്ന പ്രതിഭാസത്തിന് നുബുവ്വ ത്തുമായി നേരിട്ടുള്ള ബന്ധമുണ്ട്. എത്രത്തോളമെന്നാൽ ഖിലാഫത്ത് ഇസ്‌ലാമിന്റെ സത്യതക്കുള്ള ഏറ്റവും വലിയ തെളിവാണ്. പ്രവാചകത്വ ത്തിന്റെ വാചാലമായ വാദമുഖവുമാ ണ്. ഖിലാഫത്തും പ്രവാചകത്വ ത്തിന്റെ ഭൂമിയിലെ സജീവ സാന്നി ദ്ധ്യവും തമ്മിലുള്ള സഹജമായ ബന്ധം നമ്മെ പഠിപ്പിച്ചുതന്നത് എക്കാലത്തേയും ഏറ്റവും മഹാനായ മുസ്‌ലിമും ഖാത്തമുന്നബിയ്യീനുമായ മുഹമ്മദ് മുസ്തഫ (സ) അല്ലാതെ മറ്റാരുമല്ല. ഖിലാഫത്തിന്റെ ഭാവിയെ സംബന്ധിച്ച അദ്ദേഹത്തിന്റെ പ്രശ സ്തമായ ഹദീസ് മിശ്ക്കാത്തിലുണ്ട്. നബി (സ) പറഞ്ഞതായി ഹുദൈഫാ നിവേദനം ചെയ്യുന്നു:

*"അല്ലാഹു ഇച്ഛിക്കുന്നത് വരെ പ്രവാചകത്വം നിങ്ങളിൽ നില നിൽക്കും. പിന്നെ അവൻ അത് അവ സാനിപ്പിക്കും. പിന്നെ നുബുവ്വ ത്തിന്റെ മാതൃകയിലുള്ള ഖിലാഫത്ത് അവൻ ഇച്ഛിക്കുന്നത് വരെ നിൽക്കും. പിന്നെ അത് അവസാനിപ്പിക്കും. പിന്നെ ഇല്ലാഹു ഇച്ഛിക്കുന്നത് വരെ കാല്പനികമല്ലാത്ത രാജഭരണം നില നിൽക്കും. പിന്നെ അതും അവസാ നിക്കും. പിന്നെ ക്രൂരമായ ഭരണം നിലനിൽക്കും. അത് അല്ലാഹു ഇച്ഛി ക്കുന്നതുവരെ നിലനിൽക്കും. പിന്നെ അവന്റെ കല്പന പ്രകാരം അതും അവസാനിക്കും. പിന്നെ നുബുവ്വ ത്തിന്റെ മാതൃകയിലുള്ള ഖിലാഫത്ത് ഉണ്ടാകും. നബി (സ) പിന്നെ ഒന്നും പറഞ്ഞില്ല."*

മേൽ ഹദീസിൽ നിന്നുമാത്രം നമുക്ക് ഡസൻ കണക്കിൽ അർത്ഥ ങ്ങൾ കണ്ടെത്താൻ കഴിയും. നബി തിരുമേനി (സ) യുടെയും ഖിലാ ഫത്തെ റാശിദയുടെയും കാലഘട്ട ത്തിനും അഹ്മദിയ്യാ ഖിലാഫ ത്തിനും ഇടയിൽ ഇസ്‌ലാമിനുണ്ടായി ട്ടുള്ള പരീക്ഷണങ്ങളുടെ വിശദീക രണം നാം ഇപ്പോൾ ദർശിച്ചുകൊണ്ടി രിക്കുകയാണ്. ഖിലാഫത്തിന്റെ രണ്ട് കാലഘട്ടങ്ങളുടെയും അവ തമ്മി ലുള്ള സഹജ ബന്ധത്തിന്റെയും പ്രശ്നത്തിലേക്ക് നമുക്ക് തിരിച്ചുപോ വാം. പക്ഷേ ആദ്യം നമുക്ക് നേർക്കു നേരെ ചോദ്യമുന്നയിക്കാം. 'ഭൂമി യിൽ ഖിലാഫത്തിന്റെ ആവശ്യം എന്തായിരുന്നു, അല്ലെങ്കിൽ എന്താണ്? എന്തുകൊണ്ടാണ് ഖിലാ ഫത്ത് തന്നെ ആവശ്യമാകുന്നത്? നേരിട്ടുള്ള ഈ ചോദ്യത്തിന് മറുപടി നൽകാൻ ശ്രമിച്ചുകൊണ്ട് നമുക്ക് ഖിലാഫത്തിന്റെ അർത്ഥത്തിലേക്ക് അടുത്തുവരാം. ഈ ദൈവിക വ്യവ സ്ഥയോട് നമുക്കുള്ള ഉത്തരവാദിത്ത ങ്ങൾ മനസ്സിലാക്കുകയും ചെയ്യാം. ആദം നബിയുമായി ബന്ധപ്പെട്ടുകൊ ണ്ടാണ് 'ഖലീഫ' എന്ന പദം ആദ്യ മായി വിശുദ്ധഖുർആനിൽ പ്രത്യക്ഷ പ്പെട്ടതെന്ന് ഖിലാഫത്തിനെ കുറി ച്ചുള്ള ചോദ്യങ്ങൾക്ക് ഉത്തരം പറ യുന്ന അവസരത്തിൽ ഖലീഫത്തുൽ മസീഹ് നാലാമൻ (റ) ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് തിരുമനസ്സ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

*'ഞാൻ ഭൂമിയിൽ ഒരു പ്രതിനി ധിയെ നിശ്ചയിക്കുവാൻ പോകുകയാ ണെന്ന നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം (ഓർക്കുക). അവർ പറഞ്ഞു : അവിടെ കുഴപ്പമു ണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെ നീ അവിടെ നിശ്ചയി ക്കുകയാണോ? ഞങ്ങളാവട്ടെ, നിന്നെ സ്തുതിക്കുന്നതോടൊപ്പം നിന്റെ മഹിമയെ പ്രകീർത്തിക്കു കയും നിന്റെ വിശുദ്ധിയെ വാഴ്ത്തു കയും ചെയ്യുന്നു. (ഇതിനുത്തരമായി) അവൻ (അല്ലാഹു) പറഞ്ഞു: നിശ്ച യമായും നിങ്ങളറിയാത്തത് ഞാനറി യുന്നുണ്ട്. (2:31)*

ഈ സൂക്തത്തിലാണ് അല്ലാഹു ആദ്യമായി ഖലീഫയെക്കുറിച്ചു പറ യുന്നത്. ഈ പദത്തിന്റെ അർത്ഥം 'ഒരു പ്രതിനിധി' 'ഒരു പ്രവാചകൻ' എന്നാണ്. മനുഷ്യർക്കിടയിൽ അങ്ങനെയുള്ള ഒരു പ്രതിനിധിയെ നിയമിക്കുന്നതിന്റെ ആവശ്യകത അല്ലാഹുവിന്റെ മലക്കുകൾ വിനയ പൂർവ്വം ചോദ്യം ചെയ്തിരിക്കുകയാ ണ്. അവരാകട്ടെ, തങ്ങളുടെ സൃഷ്ടിപ്പ് മുതൽ ദൈവം സൃഷ്ടിച്ച പ്രപഞ്ചത്തിൽ പരിപൂർണ്ണമായ ഐക്യം ദർശിച്ചവരാണ്. മലക്കു കൾക്ക് അറിവുള്ള കാര്യങ്ങളെല്ലാം തന്നെ അല്ലാഹു പഠിപ്പിച്ചതാണ്. ഒന്നാമത്തെ ഖലീഫയായി ആദമിനെ നിയമിക്കുന്ന കാലഘട്ടം വരെ മനുഷ്യകുലം അനൈക്യത്തിന്റെയും സ്പർദ്ധയുടെയും അടയാളങ്ങൾ കാണിച്ചിരുന്നു എന്ന് ഊഹിക്കാ നാണ് മലക്കുകളുടെ മേൽ ചോദ്യം നമ്മെ പ്രേരിപ്പിക്കുന്നത്. അല്ലാത്ത പക്ഷം കുഴപ്പത്തെക്കുറിച്ചും രക്തം ചിന്തുന്നതിനെക്കുറിച്ചും മലക്കുകൾ എങ്ങനെ അറിഞ്ഞു? നബി തിരു മേനി (സ) ക്ക് മുമ്പ് ആദമിന്റെയും അതിനുശേഷമുള്ള എല്ലാ പ്രവാചക ന്മാരുടെയും ഖിലാഫത്തിന്റെ പിന്നി ലുള്ള ആശയം എന്തായിരുന്നുവെന്ന് മലക്കുകളുടെ ചോദ്യം നമുക്കു മന സ്സിലാക്കിത്തരുന്നു. ദൈവാസ്തിക്യ ത്തിന്റെയും ഏകത്വത്തിന്റെയും ഉന്ന തമായ ആശയം മനുഷ്യമനസ്സിലും സമൂഹ മനസ്സിലും നിക്ഷേപിക്കാൻ ഭൂമിയിൽ ഖലീഫയെ അയക്കുന്ന തെന്ന് നാം കാണുന്നു. ഖലീഫ അയക്കപ്പെട്ട സമൂഹത്തിന്റെ ഐക്യ വും അതു ലക്ഷ്യമാക്കുന്നു.

അല്ലാഹുവിന്റെ സൃഷ്ടിപ്പ് കളങ്ക രഹിതമാണ്. നമുക്കു ചുറ്റും പ്രപ ഞ്ചത്തിന്റെ സമഗ്രമായ സൃഷ്ടിപ്പ് നാം ദർശിക്കുന്നു. അതിന്റെ ഘടക ങ്ങൾക്ക് സ്വന്തമായ നിലയിൽ ഇച്ഛാ ശക്തിയില്ല. ഇച്ഛിക്കാനും തിരഞ്ഞെ ടുക്കാനുമുള്ള കഴിവ് നല്കപ്പെട്ടിട്ടു ള്ളത് മനുഷ്യന് മാത്രമാണ്. ഈ കഴിവ് മനുഷ്യനെ, ദൈവത്തിന്റെ സൃഷ്ടികളിൽ ഏറ്റവും ഉത്തമനോ, അധമനോ ആക്കുന്നു. അതിനാൽ മനുഷ്യരിൽ മതപരമായ ഐക്യം ഉണ്ടാക്കുകയും നിലനിർത്തുകയും ചെയ്കയെന്നാൽ പ്രപഞ്ചത്തിന്റെ യും പ്രകൃതിയുടെയും പരിപൂർണ്ണ മായ ഐക്യത്തിന്റെ പ്രതിബിംബം മനുഷ്യ സമൂഹത്തിൽ സ്ഥാപിക്കുന്ന തിന് തുല്യമാണ്. മനുഷ്യർ തങ്ങ ളുടെ ഭൗതികകാന്വേഷണത്തിൽ മുമ്പേ നശിപ്പിച്ചുകളഞ്ഞ ഐക്യം

പുനഃസ്ഥാപിക്കാനാണ് ആദം(അ) ഭൂമിയിലേക്കയപ്പെട്ടത്. ഖലീഫ എന്ന നിലയിൽ ദൈവത്തെക്കുറിച്ച് ജനങ്ങളെ നിരന്തരം ഓർമ്മപ്പെടുത്തുകയും അതുവഴി സാത്വികർക്കിടയിൽ ഐക്യം വളർത്തുകയും ചെയ്യേണ്ട ഉത്തരവാദിത്തം അദ്ദേഹത്തിനുണ്ടായിരുന്നു. അതേ പ്രകാരം മറ്റെല്ലാം ദൈവിക പ്രവാചകന്മാരെയും പോലെ അല്ലാഹു പഠിപ്പിച്ച പ്രകാരം ദൈവത്തിന്റെ ഏകത്വത്തിന്റെ ആത്മീയ സന്ദേശം ജനങ്ങളിലെത്തിക്കുകയും അതിനെ മാറ്റിമറിക്കാനുള്ള ശ്രമങ്ങളെ നേരിടുകയും ചെയ്യേണ്ടിയിരുന്നു. അതിനാൽ ഖലീഫ ഒരു ദൂതൻ മാത്രമല്ല തന്റെ സന്ദേശത്തിന്റെ രക്ഷാ കർത്താവും കൂടിയാണ്. പ്രവാചകത്വ മാതൃകയിലുള്ള ഖിലാഫത്തിനെക്കുറിച്ച് ആദ്യമായി സൂചിപ്പിച്ചതിൽ നിന്ന് ഖിലാഫത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷതകൾ ദൈവേച്ഛക്ക് പരിപൂർണ്ണമായി കീഴ്വണക്കവും ശരിയായ സന്ദേശത്തിന്റെ രക്ഷാകർതൃത്വവും ആ സന്ദേശം മുഖേനയുണ്ടാവുന്ന ഐക്യവുമാണ്. സാത്വികനായ ഏതു മനുഷ്യനും ദൈവാസ്തിക്യത്തിന്റെ സാക്ഷിയാണ്, ഖലീഫയാകട്ടെ ആ സാക്ഷികളിൽ പ്രഥമനുമാണ്.

## ഖിലാഫത്ത് മുസ്ലിംകളോടുള്ള വാഗ്ദാനം

എന്നാലും ആദം (അ) മിന്റെയും തുടർന്നുവന്ന പ്രവാചകന്മാരുടെയും ഖിലാഫത്തും നബി (സ) തിരുമേനിയുടെ ഉന്നത ഖിലാഫത്തും തമ്മിൽ വളരെ ദൂരമുണ്ട്. മുൻ പ്രവാചന്മാരുടെ സന്ദേശം ഇസ്ലാമിന്റെ സന്ദേശം പോലെ അന്തിമവും സമഗ്രവുമായിരുന്നില്ല. അതിനാൽ പരിമിതമായ സന്ദേശത്തിന്റെ സംരക്ഷണച്ചുമതല സാത്വികരായ ആളുകൾക്ക് നൽകി അനുഗ്രഹിച്ചിട്ടുണ്ടായിരുന്നില്ല. അവർക്ക് സ്വയം തന്നെ പ്രവാചകന്മാരുടെ പദവിയും ഉണ്ടായിരുന്നില്ല.

ആദ്യ പ്രവാചകന്മാർക്ക് തങ്ങളുടെ ഭക്തരായ പിൻഗാമികളുടെ ഖിലാഫത്ത് സ്ഥാപിക്കാൻ സാധിച്ചില്ല. എന്തെന്നാൽ അവരുടെ സന്ദേശം ദൈവേച്ഛ പ്രകാരം പരിമിതമായിരുന്നു. അവർ അയക്കപ്പെട്ടത് തങ്ങളുടെ സമുദായങ്ങളിലേക്കും സമൂഹങ്ങളിലേക്കുമായിരുന്നു. അവരുടെ സന്ദേശം സാർവ്വ ലൗകികമായിരുന്നില്ല. അതിനാൽ അല്ലാഹുവിന്റെ ഏകത്വത്തിന് പരിപൂർണ്ണ സാക്ഷ്യം വഹിക്കാൻ കഴിയുന്ന സാർവ്വലൗകികമായ ഐക്യം സ്ഥാപിക്കുന്ന പ്രശ്നമില്ലായിരുന്നു. ഇസ്ലാമിന്റെ സന്ദേശം മാത്രമായിരുന്നു സാർവ്വലൗകികം. ഇസ്ലാമിലെ പ്രവാചകത്വം ശക്തിമത്തും ഇതിന്റെ അദ്ധ്യാപനം പരിപൂർണ്ണവുമായതിനാൽ നബി (സ) തിരുമേനിയുടെ വിയോഗ ശേഷം സാത്വികരായ ഖലീഫമാർക്ക് അദ്ദേഹത്തിന്റെ മാതൃക പിന്തുടർന്ന് മുസ്ലിംകൾക്കിടയിൽ ഐക്യം സ്ഥാപിക്കാനും അത് നിലനിർത്താനും സാധിച്ചു. സാർവ്വലൗകികമായ പ്രതിഭാസമെന്ന നിലയിൽ ഖിലാഫത്ത് തുടരുമെന്ന വാഗ്ദാനം അല്ലാഹു വിശുദ്ധ ഖുർആനിൽ നൽകിയിരിക്കുന്നു. സൂറത്തു നൂറിൽ അല്ലാഹു പറയുന്നു: "നിങ്ങളിൽ വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട്, അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തികൊടുക്കുകയും അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നൽകുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്; എന്നോട് മറ്റൊന്നിനേയും അവൻ പങ്കുചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർ തന്നെയാണ് ധിക്കാരികൾ" (വി.ഖു. 24:56)

ഭൂമിയിലെ ഖിലാഫത്ത് മുസ്ലിംകൾക്കല്ലാതെ മറ്റാർക്കും അല്ലാഹു വാഗ്ദാനം ചെയ്തിട്ടില്ലെന്ന് ഈ സൂക്തത്തിൽ നിന്ന് മനസ്സിലാവുന്നു. സാത്വികരായ എല്ലാവർക്കും അവൻ അത് വാഗ്ദാനം ചെയ്തിരിക്കുകയാണ്. എന്തെന്നാൽ അവർ അവന്റെ അസ്തിത്വത്തിൽ സത്യസന്ധരായ സാക്ഷികളെന്നപോലെ അവന്റെ ഏകത്വത്തിനും സാക്ഷികളാണ്. ഈ ഖുർആൻ സൂക്തവും മുകളിൽ കൊടുത്ത ഹദീസും അത്ഭുതകരമായ ഒരു പ്രവചനമാണ് കാഴ്ച വെക്കുന്നത്. ഇസ്ലാമിലെ ഖിലാഫത്തിന്റെ പൂർണ്ണമായ ചിത്രവുമാണത്.

ഒന്നാമതായി മേൽ സൂക്തത്തിൽ വ്യക്തമാവുന്നത് അത് പ്രവാചകത്വ മാതൃകയിലാണ് നൽകപ്പെടുന്നതെന്നാണ്; തഖ്‌വ (സാത്വികത)യുടെ അടിസ്ഥാനത്തിലുമാണ്. സാത്വികതയുടെ ഉന്നത സ്ഥാനത്തെത്തുന്ന ഏതൊരു മുസ്ലിമിനും തത്വത്തിൽ ഖിലാഫത്ത് വാഗ്ദാനം ചെയ്യപ്പെടുന്നു. അതേ സമയം ഖിലാഫത്ത് ആത്മീയമാണ്; പരമ്പരാഗതമല്ല.

മതചരിത്രത്തിൽ നിന്നും ഇസ്ലാം ചരിത്രത്തിൽ നിന്നു അറിയപ്പെടുന്നത് അല്ലാഹു തന്റെ അനുഗ്രഹങ്ങളും പദവികളും താനിച്ഛിക്കുന്നവർക്ക് നൽകുമെന്നാണ്. സാത്വികരായ ആളുകളിൽ ഖലീഫ തിരഞ്ഞെടുക്കപ്പെട്ടശേഷം തങ്ങളുടെ പരിപൂർണ്ണയില്ലായ്മയെക്കുറിച്ചും തങ്ങളുടെ മതത്തിന്റെ സത്യതയെക്കുറിച്ചുള്ള തൃപ്തികരമല്ലാത്ത ഉൾക്കാഴ്ചയെക്കുറിച്ചും ഭയമുണ്ടാകാം. അവരുടെ മതത്തെ വ്യക്തമായി സ്ഥാപിക്കുന്നതിനായി താൻ സ്വയം സഹായിക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്യുന്നു. അവരും തങ്ങളുടെ വിശ്വാസികളായ സമൂഹവും അല്ലാഹുവിന്റെ ഇച്ഛപ്രകാരം പെരുമാറുകയും തങ്ങളുടെ ഉത്തരവാദിത്തങ്ങൾ സത്യസന്ധമായി നിർവ്വഹിച്ചുകൊണ്ട് ഖിലാഫത്തിനെ സംരക്ഷിക്കുകയും ചെയ്യുകയാണെങ്കിൽ, ഭയത്തിനുശേഷം സുരക്ഷയും സമാധാനവും അല്ലാഹു വാഗ്ദാനം ചെയ്യുന്നു. എന്നാൽ ഖിലാഫത്തിന്റെ പ്രധാന ലക്ഷ്യമായ അല്ലാഹുവിന്റെ

ഇച്ഛയെ അനുസരിക്കുന്നതിൽ വീഴ്ച വരുത്തിയാൽ ഇസ്ലാമിന്റെ ഐക്യം നിലനിർത്തുന്നതിനും അതിന്റെ ആത്മീയ ശക്തി പരിപോഷിപ്പിക്കുന്നതിനുമുള്ള ദൈവിക മാർഗ്ഗമാണ് ഖിലാഫത്ത്. ദൈവാസ്തിക്യത്തിന്റെയും സത്യത്തിന്റെയും സാമൂഹ്യമായ തെളിവാണ് ഭൂമിയിലെ ഖിലാഫത്ത്. സമൂഹത്തിലുണ്ടാവുന്ന ഐക്യമാണ് സന്ദേശത്തിന്റെ സത്യത്തിനുള്ള സുപ്രധാന തെളിവ്. ഐക്യമാണ് ഉമ്മത്തിന്റെ ഒന്നിച്ചു നിർത്തുന്നത്. ഇസ്ലാമിന്റെ ആദ്യകാല ചരിത്രത്തിൽ നാം ഖിലാഫത്തെ റാശിദയുടെ സുവർണ്ണകാലം കാണുന്നു. ഖിലാഫത്ത് ദൈവികമാണെന്ന ബഹുമാനവും മുസ്ലിംകളുടെ ഐക്യവും നിലനിന്ന കാലം ഖിലാഫത്തെ റാശിദ പുരോഗതിയിലേക്ക് നീങ്ങി. ഖിലാഫത്ത് വ്യവസ്ഥയും നല്ല കാര്യങ്ങളിൽ ഖലീഫയോട് ആത്മാർത്ഥമായ അനുസരണവും സംശയത്തിന് വിധേയമായപ്പോൾ നബി (സ) തിരുമേനിയുടെ പ്രവചനമനുസരിച്ച് ഒന്നാമത്തെ ഖിലാഫത്തെ റാശിദ അതിന്റെ പര്യവസാനത്തിലെത്തി.

### ഖിലാഫത്തിന്റെ വ്യതിയാനം

ഹദ്റത്ത് ഉസ്മാൻ (റ) ന്റെ ഖിലാഫത്ത് നശിപ്പിക്കാൻ ശ്രമം നടന്നപ്പൾ, നബി തിരുമേനിയുടെ കയ്യാൽ ഇസ്ലാം ആശ്ലേഷിച്ച ജൂത പണ്ഡിതനായ അബ്ദുല്ലാബിൻ സലാം ധിക്കാരികൾക്ക് വരാൻ പോകുന്ന ദുരിതത്തെക്കുറിച്ച് കർശനമായ നിലയിൽ മുസ്ലിംകളെ താക്കീത് ചെയ്യുകയുണ്ടായി.

“നബി(സ) യുടെ ഈ പട്ടണത്തെ ആകാശത്തിലെ മലക്കുകൾ തങ്ങളുടെ വാസ സ്ഥലമാക്കിയിരിക്കുന്നു. ദൈവത്തെ ഭയപ്പെടുക. ഉസ്മാന് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതിൽ നിന്നും മാറി നിൽക്കുക. നിങ്ങൾ അദ്ദേഹത്തിന്റെ ജീവൻ എടുക്കാനാണ് തുനിയുന്നതെങ്കിൽ ഓർത്തുകൊൾക, ആകാശത്തിലെ മലക്കുകൾ ഈ പട്ടണത്തെ കൈവെടിയും. ദൈവികമായ വാൾ ഊരപ്പെടും. അവസാനനാൾ വരെ അത് ഊരിയ നിലയിൽ തന്നെ നിലനിൽക്കും.” ലഹളക്കാർ തന്നെ കൊല്ലാൻ തീരുമാനിച്ചതറിഞ്ഞപ്പോൾ ഭക്തനായ ഖലീഫ ഉസ്മാനും പ്രവചനപരമായ വാക്കുകളാണ് ഉരുവിട്ടത്.

“നിങ്ങൾ എന്നെ കൊല്ലുന്നതിൽ വിജയം വരിച്ചാൽ ഒരിക്കലും നിങ്ങൾ ഐക്യത്തോടെ നിലകൊള്ളുകയില്ല. നിങ്ങൾക്ക് നിസ്കാരം അനുഷ്ഠിക്കാൻ സാധിക്കുകയില്ല; ഐക്യത്തോടെ ശത്രുവിനെ നേരിടാൻ സാധിക്കുകയില്ല. (തബ്രി പേജ് 482 - വാല്യം 3)

നബി (സ) യുടെ ഖിലാഫത്തെ റാശിദയുടെ പര്യവസാനം ശോകപൂർണ്ണമായി ഒരു രംഗമാണ് മുസ്ലിംകൾക്ക് കാഴ്ചവെച്ചത്. അതേസമയം അത് പാഠമുൾക്കൊള്ളത്തക്കതുമായിരുന്നു. ഇസ്ലാമിലെ ഖിലാഫത്ത് ദൈവികമായിരുന്നുവെന്ന കാര്യത്തിൽ അത് അടിവരയിടുകയും മുസ്ലിംകൾക്കിടയിൽ ഐക്യം സ്ഥാപിക്കാനും സംരക്ഷിക്കാനും ഖിലാഫത്ത് ഏറ്റവും ആവശ്യമാണ് എന്ന് നമ്മെ മസ്സിലാക്കിത്തരികയും ചെയ്യുന്നു. ഇസ്ലാമിലെ ഖിലാഫത്ത് പരമ്പരാഗതമായ ഒരു രാജഭരണമായി മാറിയപ്പോൾ ഇസ്ലാമിക സന്ദേശത്തിന്റെ ശക്തിയും നബിതിരുമേനി (സ)യുടെ മാതൃകയും ചില നൂറ്റാണ്ടുകളോളം ഇസ്ലാമിക ലോകത്തെ പുരോഗതിയുടെ പാതയിലേക്ക് നയിച്ചു.

പക്ഷേ, നബി (സ) തിരുമേനിയുടെ പ്രവചനമനുസരിച്ച് ഖിലാ

*(ശേഷം 37-ാം പേജിൽ)*

## ഖിലാഫത്തില്ലെങ്കിൽ വെള്ളിയാഴ്ച ജുമുഅ വേണ്ട!

ഇസ്ലാമിക സാമൂഹിക വ്യവസ്ഥയിൽ ഖിലാഫത്തിനുള്ള സ്ഥാനം അദ്വീതിയവും അനിഷേധ്യവുമാണ്. ഖിലാഫത്തില്ലെങ്കിൽ മുസ്ലിം മത ജീവിതമില്ല എന്നാണ് ഇസ്ലാമിക വിശ്വാസം. തുർക്കി ഖിലാഫത്ത് തകർന്നപ്പോൾ വെള്ളിയാഴ്ച മുസ്ലിംകൾ അതീവ പ്രാധാന്യത്തോടെ നടത്തുന്ന ജുമുഅ നമസ്കാരം നടത്തേണ്ടതില്ല എന്ന് പോലും ഉലമാക്കാന്മാർ അഭിപ്രായപ്പെടുകയുണ്ടായി. ആ ചരിത്രം ഉദ്ധരിക്കുന്ന ഭാഗമാണ് താഴെ കൊടുത്തത്.

‘ഖിലാഫത്തിന്റെ പതനത്തോടെ രാഷ്ട്രീയാധികാരം മാത്രമല്ല നഷ്ടമായത് ആരാധനയുടെയും അനുഷ്ഠാനത്തിന്റെയും ചൈതന്യം പോലും നഷ്ടമായി. അനുഷ്ഠാന കർമ്മങ്ങളിൽ അതിശ്രേഷ്ഠം നമസ്കാരം. ജുമുഅ നമസ്കാരം വളരെ പ്രാധാന്യപൂർവ്വം ആചരിക്കേണ്ടുന്ന കർമ്മമാണ്. വെള്ളിയാഴ്ച ശ്രേഷ്ഠ ദിവസങ്ങളിൽ ഒന്നാണെന്ന് നബി പറഞ്ഞിട്ടുമുണ്ട്. വിശ്വാസികളുടെ ഈദായും പറഞ്ഞിട്ടുമുണ്ട്. വിശ്വാസികളുടെ ഈദായും പാവപ്പെട്ടവരുടെ ഹജ്ജായും ജുമുഅ വിശേഷിപ്പിക്കപ്പെടാറുണ്ട്. എന്നാൽ ഖിലാഫത്തിന്റെ അഭാവത്തിൽ ജുമുഅ നിർവ്വഹിക്കുക സാധ്യമല്ലെന്നായിരുന്നു. മുസ്ലിം വിഭാഗങ്ങൾ വിശ്വാസിച്ചു പോന്നത്. ഖിലാഫത്തിന്റെ പതന ത്തെ തുടർന്ന് ജുമുഅ തുടരണമോ വേണ്ടയോ എന്നതിനെക്കുറിച്ച് ചർച്ചകളും കൂടിയാലോചനകളും സംഘടിപ്പിച്ചതായി പറയപ്പെടുന്നു. ജുമുഅ നിലനിറുത്തണമെന്നാണ് സുന്നി ലോകം തീരുമാനിച്ചത്. (ഖിലാഫത്ത് പുന:സ്ഥാപനത്തിന്റെ വഴികൾ - ത്വാഹാ ഹാശ്മി വിവേകം - 1999 നവംബർ 15)

ലേഖനം

# ശാസ്ത്രപുരോഗതിയും മുസ്‌ലിംസമൂഹവും

പ്രൊ. അബ്ദുസ്സലാം

## നോബൽ സമ്മാന ജേതാവായ പ്രൊ. അബ്ദുസ്സലാം കുവൈത്തിലെ ഗൾഫ് യൂണിവേഴ്‌സിറ്റിയിൽ വെച്ച് വിദ്യാർത്ഥികളോട് ചെയ്ത പ്രസംഗത്തിൽ നിന്ന്

ആധുനികലോകം ഉന്നത സാങ്കേതിക രംഗത്ത് ഉയർച്ച നേടുന്നത് ഉന്നതമായ ശാസ്ത്രീയ സൈദ്ധാന്തിക പഠനത്തിലൂടെയാണ് . സാങ്കേതികവിദ്യ നിർദ്ദോഷിയും സൈദ്ധാന്തികശാസ്ത്രം ചില മൂല്യങ്ങൾ ഉൾക്കൊണ്ടതാണെന്നും ചിലർ വിശ്വസിക്കുന്നതായി ഞാൻ സംശയിക്കുന്നു. ആധുനിക സൈദ്ധാന്തിക ശാസ്ത്രം യുക്തിവാദത്തിലേക്കും മത നിരാസത്തിലേക്കും നയിക്കു മെന്നും അവ നമ്മുടെ സംസ്കാര ത്തിന്റെ ആത്മീയ അന്തഃസത്തയെ നിരാകരിക്കുമെന്നും അവർ ഭയപ്പെടുന്നു.

ഒൻപതും പത്തും നൂറ്റാണ്ടുകളിൽ യുക്തിവാദികളും പ്രകൃതിവാദികളുമായി അറിയപ്പെട്ട തത്വജ്ഞാനികൾ(Rational and Natural Philosophers) തങ്ങളുടെ അയുക്തികതയിലും സിദ്ധാന്തവാശിയിലുമധിഷ്ഠിതമായ അരിസ്റ്റോട്ടിലിന്റ പ്രകൃതി സങ്കല്പങ്ങളുടെ പിൻതുടർച്ചക്കാരായിരുന്നു.അവരുടെ ദാർശനിക വൈകല്യങ്ങളും വിശ്വാസവുമായി സമന്വയിപ്പിക്കാൻ ഇക്കൂട്ടർക്ക് സാധ്യമായില്ല എന്നതാണ് വാസ്തവം. അതുകൊണ്ട് കഴിഞ്ഞ കാലത്തെ കലഹങ്ങളിൽ പക്ഷം ചേരാതിരിക്കുക.

### ക്രൈസ്തവ സഭയുടെ പശ്ചാത്താപം

ഈ വികല്പങ്ങൾ മുഴുവൻ അതിശക്തമായി പിടിച്ചുകുലുക്കിയത് മദ്ധ്യകാലത്തെ ക്രിസ്തീയ ദാർശനികരെയായിരുന്നു. ഇത് അനിവാര്യമായിരുന്നു. മൗറീസ് ബുക്കായി തന്റെ ബൈബിൾ ഖുർആൻ ശാസ്ത്രം (The Bible, Koran, Science By Maurice Bucallie) എന്നഗ്രന്ഥത്തിൽ ഇത് തുറന്നുകാട്ടുന്നുണ്ട്. ക്രിസ്തീയരെ അലട്ടിയിരുന്ന പ്രശ്നങ്ങൾ പ്രപഞ്ചോൽപത്തി ശാസ്ത്രവും (Cosmology) അതിഭൗതിക ശാസ്ത്രവും (Metaphysics) മായിരുന്നു.

“ഭൂമി അചലമായ ഒരു സ്ഥലത്താണോ നിൽക്കുന്നത്? അതിന്ന് പിന്നിൽ മറ്റെന്തെങ്കിലുമുണ്ടോ? ഈ ലോകത്തെക്കൂടാതെ മറ്റു ലോകങ്ങളുണ്ടോ? ഗ്രഹങ്ങളും നക്ഷത്രങ്ങളും ഈ ഗോളാകാര പ്രപഞ്ചത്തെ ചുറ്റിക്കറങ്ങുകയാണോ? കാര്യക്ഷമമായ കാരണം എന്ന നിലക്ക് ആദിചലനത്തെ ദൈവം നേരിട്ടോ സജീവമായോ ആണോ ചലിപ്പിക്കുന്നത്? അല്ലെങ്കിൽ ദൈവം അവസാന കാരണമാണോ? ആകാശം ചലിക്കുന്നത് ഒരു കർത്താവിനാലാണോ, അതല്ല അനേകം കർത്താവിനാലാണോ. ഈ ബ്രഹ്മാണ്ഡ കടാഹം പ്രവർത്തിക്കുന്നത് ആരുടേയെങ്കിലും ബുദ്ധി വൈഭവത്താലാണോ, അതല്ല പദാർത്ഥങ്ങളുടെ സ്വയം സിദ്ധമായ ചലന നിയമങ്ങൾ മൂലമോ? ഗഗനചാരികൾക്ക് ക്ഷീണവും, മെലിച്ചിലും അനുഭവപ്പെടുമോ? എല്ലാ ഗോളങ്ങളും ഒരുപോലെയാണോ? പ്രപഞ്ചത്തിന്റെ കേന്ദ്രം ഭൂമിയാണോ അതല്ല വികേന്ദ്രീകൃതവും (Decentric) അതിചക്രീകൃതവുമായ (Epicystic) പരിവേഷത്തോടുകൂടിയതാണെന്ന് കരുതാമോ? ബഹിരാകാശ വസ്തുക്കളുടെ സ്വഭാവമെന്താണ്? അത് ഭൗമ വസ്തുക്കളെപ്പോലെ മൂർത്തമായ സഹജരൂപത്തോടുകൂടിയതും ചൂട്, തണുപ്പ്, ഈർപ്പം, ശുഷ്ക്കത തുടങ്ങിയ ഗുണത്തോടു കൂടിയതുമാണോ? ഈ മാതിരി ചോദ്യങ്ങളുടെ ഉത്തരങ്ങളെല്ലാം പവിത്രഗ്രന്ഥങ്ങളുടെ വ്യാഖ്യാനങ്ങളിലോ, അരിസ്റ്റോട്ടിലിന്റെ ആധികാരിക പ്രസ്താവനകളിലോ ആയിരുന്നു ആരാഞ്ഞിരുന്നത്. ഇതെല്ലാം ഭൗതിക ശാസ്ത്രത്തിന്റെ പ്രശ്നങ്ങളായി കാണുകയും ശാസ്ത്രീയ പരീക്ഷണങ്ങളിലൂടെ ഉത്തരം കാണാൻ ശ്രമിക്കുകയും ചെയ്ത ഗലീലിയോ പീഡിപ്പിക്കപ്പെട്ടതിൽ അത്ഭുതമില്ല. മൂന്നര നൂറ്റാണ്ടിന് ശേഷമാണ് ക്രിസ്തീയ ലോകത്തിന് ഇക്കാര്യത്തിൽ പാപബോധം ജനിക്കുന്നത്.”

### പോപ്പിന്റെ കുമ്പസാരം

ഞാൻ രണ്ട് ദിവസം മുമ്പ് വത്തിക്കാനിൽ ഒരു പ്രത്യേക ചടങ്ങിൽ പങ്കെടുക്കുകയുണ്ടായി.

നോബൽ സമ്മാന ജേതാക്കളായ 33 വ്യക്തികളും 300 ശാസ്ത്രജ്ഞന്മാരും പങ്കെടുത്ത ആ പരിപാടിയിൽ വെച്ച് വിശുദ്ധ പോപ്പ് ഇങ്ങിനെ പ്രസ്താവിക്കുകയുണ്ടായി. "ഗലീലിയോ സംഭവവും അതിന് ശേഷമുണ്ടായ സംഭവങ്ങളും പക്വമായ ഒരു സമീപനം കൈക്കൊള്ളുവാൻ സഭയെ പഠിപ്പിച്ചിരിക്കുന്നു. സഭക്ക് അതിന്റെ അനുഭവങ്ങളിലൂടെയും മനനങ്ങളിലൂടെയും മനുഷ്യന്റെ, ഉദാത്തമായ ഒരു ഗുണവിശേഷമായ ഗവേഷണത്വരക്ക് സ്വാതന്ത്ര്യം നൽകേണമെന്നതിന്റെ യഥാർത്ഥ അർത്ഥം ബോദ്ധ്യമായിരിക്കുന്നു. ഗവേഷണത്തിൽകൂടി മാത്രമേ സത്യം കണ്ടെത്താൻ സാധിക്കുകയുള്ളൂ.... എന്തെന്നാൽ വിശ്വാസവും ശാസ്ത്രവും തമ്മിൽ യഥാർത്ഥത്തിൽ സംഘട്ടനമില്ലെന്ന് സഭക്ക് മനസ്സിലായി.... എങ്കിലും ഉത്കൃഷ്ടവും എളിമത്വവുമാർന്ന നിരന്തരപഠനം നമ്മെ മനസ്സിലാക്കുന്നത് വിശ്വാസത്തിന്റെ മൂലതത്ത്വങ്ങളെ ഒരു പ്രത്യേക കാലഘട്ടത്തിലെ ശാസ്ത്രീയ വ്യവസ്ഥയിൽ നിന്നും വേർപെടുത്തണമെന്നാണ്. പ്രത്യേകിച്ച് സാംസ്ക്കാരികോന്മുഖമായ ബൈബിൾ പാരായണത്തിൽ നിന്നും ഗ്രഹിക്കുവാൻ കഴിയുന്നത് ധാർമികബദ്ധമായ ഒരു പ്രപഞ്ചോൽപത്തി ശാസ്ത്രവുമായിട്ടാണ് (Obligatory cosmogony) അത് ബന്ധപ്പെട്ടിരിക്കുന്നത് എന്നത്രെ.

## ശാസ്ത്രം അനുഭവജ്ഞാനപരം (Empirical)

ശാസ്ത്രവുമായുള്ള സഭയുടെ സമീപനങ്ങളിൽ പക്വത കൈവന്നതിനെ സംബന്ധിച്ച് പോപ്പ് പറയുകയുണ്ടായി. അദ്ദേഹം വിലോമപ്രതിഭാസത്തെ കുറിച്ച് (Converse Phenomenon- ഒരു പ്രമേയത്തിന്റെ സങ്കൽപവും നിഗമനവും പരസ്പരം മാറുമ്പോൾ കിട്ടുന്ന പുതിയ പ്രമേയം ഇത് എപ്പോഴും ശരിയായിരിക്കണമെന്നില്ല) പറ്റി പ്രതിപാദിക്കുകയുണ്ടായി. ശാസ്ത്രീയ മേഖലക്കപ്പുറത്തുള്ള സമസ്യകൾക്ക് ഉത്തരം കാണാൻ വിലോമ പ്രതിഭാസത്തെയാണ് ഗലീലിയോവിന്റെ കാലം മുതൽ ശാസ്ത്രജ്ഞന്മാർ ആശ്രയിക്കുന്നത്. അത്തരം കാര്യങ്ങളെപ്പറ്റി നമുക്ക് നിഗമനം ചെയ്യാൻ സാധിച്ചേക്കാം. പക്ഷേ അവ അനുഭവജ്ഞാനപരമായി (Empirical) മൂല്യനിർണയം ചെയ്യാൻ സാധ്യമല്ല. ഈ അനുഭവജ്ഞാനപരമായ പരിശോധനയാണ് (Empirical verification) ശാസ്ത്രത്തിന്റെ അന്ത:സത്ത.

നാം വിനീതരായികൊണ്ട് ഇപ്പോൾ ഇബ്നുറുഷ്ദിനെ ഓർക്കുകയാണ്. വൈദ്യശാസ്ത്രരംഗത്തെ മഹാനായൊരു മൗലിക പ്രതിഭയായിരുന്നു ഇബ്നുറുഷ്ദ്. പനിയെപ്പറ്റിയും കണ്ണിനെപ്പറ്റിയുമുള്ള അദ്ദേഹത്തിന്റെ പഠനങ്ങൾ നൽകിയ സംഭാവനകൾ അനശ്വരങ്ങളാണ്. ഇതിൽ നിന്നും വ്യത്യസ്തമായ ശാസ്ത്രീയ ശിക്ഷണമായിരുന്നു അദ്ദേഹത്തിന്റെ പ്രപഞ്ച സങ്കല്പത്തെ രൂപപ്പെടുത്തിയത്. അവിടെ അദ്ദേഹം സ്വീകരിച്ചത് അരിസ്റ്റോട്ടിലിന്റെ ഊഹങ്ങളെയാണ്. വരും കാല ശാസ്ത്രീയ പരീക്ഷണങ്ങൾ തെറ്റാണെന്ന് തെളിയിക്കുന്ന ഊഹങ്ങളാണ് ഇവയെന്ന് അദ്ദേഹം തിരിച്ചറിഞ്ഞില്ല. ആധുനിക ശാസ്ത്രജ്ഞന് എവിടെ എപ്പോൾ ഊഹങ്ങളിൽ എത്തിച്ചേരണമെന്നറിയാം അവന്റെ ചിന്തകൾ അപ്രമാദിത്ത്വമുള്ളതാണെന്ന അവകാശവാദം അയാൾ ഉന്നയിക്കുന്നില്ല. അംഗീകരിക്കപ്പെട്ട വസ്തുതകളെ സംബന്ധിച്ചുപോലും മുൻകണ്ടുപിടിത്തങ്ങളെ ശരിവെച്ചുകൊണ്ട് നാം പുതിയ വസ്തുക്കൾ കണ്ടെത്തുകയും പൊതുവൽക്കരണത്തിലേക്ക് അവ നമ്മെ നയിക്കുകയും ചെയ്യുന്നു. അതോടൊപ്പം നമ്മുടെ പ്രപഞ്ചസങ്കല്പങ്ങളിലും വീക്ഷണങ്ങളിലും യഥാക്രമം വിപ്ലവകരമായ മാറ്റങ്ങളും ആവശ്യമായിവരുന്നു. ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഭൗതിക ശാസ്ത്രത്തിൽ ആപേക്ഷിക സിദ്ധാന്തവും ക്വാണ്ടം സിദ്ധാന്തവും വരുത്തിയ പരിവർത്തനം ഇതാണ്. ഈ മാറ്റങ്ങൾ വീണ്ടും ആവർത്തിക്കാം. സമ്പൂർണ്ണവും സമഗ്രവുമെന്നു കരുതി നാം ഇപ്പോൾ ആശ്ലേഷിച്ചിരിക്കുന്ന ശാസ്ത്രീയനിർമ്മിതി പുതിയ സങ്കല്പങ്ങളുടെ പരിപ്രേക്ഷ്യത്തിൽ അപര്യാപ്തങ്ങളായെന്നു വരാം.

നമ്മുടെ ശാസ്ത്രത്തിന്റെ, പരിമിതികൾ നാം അറിഞ്ഞിരിക്കെതന്നെ സജീവശാസ്ത്രത്തിൽ നാം ഭാഗഭാക്കുകളാവണം. അല്ലെങ്കിൽ ഗതകാല തത്ത്വശാസ്ത്രത്തിന്റെ അനാശാസ്യമായ കക്ഷിപ്പോര് തുടരുകയായിരിക്കും ഫലം. നമ്മുടെ കഴിവുകൾ തെളിയിച്ചുകാട്ടിക്കൊണ്ട് പൂർവ്വസൂരികളായ നമ്മുടെ ശാസ്ത്ര സൃഷ്ടാക്കളുടെ കുലപാരമ്പര്യം നാം നേടിയെടുക്കേണ്ടതുണ്ട്. ആ പാരമ്പര്യത്തിനു നാം അർഹരാണെങ്കിൽ എല്ലാ വാതായനങ്ങളും ബഹുമാനദരങ്ങളോടെ നമുക്ക് നേരെ തുറക്കപ്പെടും. മനുഷ്യപ്രവർത്തനത്തിന്റെ നിഖില മേഖലയിലുമെന്നപോലെ ശാസ്ത്രത്തിന്റെ ചില രംഗങ്ങളിൽ ക്രിയാത്മകമായ സംഭാവനകളർപ്പിച്ച ശാസ്ത്രജ്ഞന്മാരുടെ ഒരു പ്രവര വർഗ്ഗം ഇസ്ലാമിക രാഷ്ട്ര സമുച്ഛയത്തിൽ ആവശ്യമാകുന്നു. ഈ വെല്ലുവിളി നേരിടാൻ നമ്മുടെ യുവാക്കൾ തീവ്രമായ ആഗ്രഹം പ്രകടിപ്പിക്കുകയാണ് . ഇതേ ആഗ്രഹമാണ് അവരെ പാശ്ചാത്യ യൂണിവേഴ്സിറ്റികളിലേക്കും മറ്റു സ്ഥാപനങ്ങളിലേക്കും പ്രവാസം ചെയ്യിക്കുന്നത്. അവരെ വിശ്വസിക്കുക. ഉന്നതമായ കഴിവുകളുള്ളവരാണവർ. ശാസ്ത്രത്തിന്റെ സൃഷ്ടിപരതക്ക് ഈ ഗൾഫ് യൂണിവേഴ്സിറ്റി അവസരം നൽകുകയാണെങ്കിൽ, അഥവാ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനത്തിന്റെ രൂപരേഖ ഇതാണെങ്കിൽ അവർ ഒരിക്കലും ഇവിടം വിടുകയില്ല. അവർക്ക് ഈ വിധ സൗകര്യങ്ങൾ നൽകിക്കഴിഞ്ഞാൽ നിങ്ങൾ ധൃതിപ്പെടരുത്. സജീവ ശാസ്ത്രത്തിന്റെ ദൃഢമായ പാരമ്പര്യം സൃഷ്ടിച്ചെടുക്കാൻ ഒരു ദശകമോ അതിലധികമോ സമയമെടുക്കും. ⌊

ലേഖനം

# രാഷ്ട്രം, സമൂഹം, ഖിലാഫത്ത്

എ.എം. മുഹമ്മദ് സലീം

**ഇസ്‌ലാം മതത്തെ ഒരിക്കലും ഒരു രാഷ്ട്രമാക്കി മാറ്റാൻ സാധ്യമല്ല. ഇസ്‌ലാം വിഭാവനം ചെയ്യുന്നത് ഒരു ആഗോള സമൂഹമാണ്. അതാണ് ഈ ആധുനിക യുഗത്തിൽ അഹ്മദിയ്യാ ഖിലാഫത്തിലൂടെ രൂപപ്പെട്ടു വരുന്നത്.**

മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. ഒരു സമൂഹമായിട്ടാണ് മനുഷ്യർ സൃഷ്ടിച്ചിരിക്കുന്നതെന്ന് ഖുർആൻ പറയുന്നു. *'മനുഷ്യർ ഒരു സമൂഹം (ഉമ്മത്തൻ വാഹിദ:) ആയിരുന്നു.* (2:214) സാമൂഹ്യജീവിതം നയിക്കാൻ മനുഷ്യൻ നിർബന്ധിതമായതോ അവൻ ബോധപൂർവ്വം ചിന്തിച്ചു തിരഞ്ഞെടുത്തതോ അല്ല. മറിച്ച് സാമൂഹിക ബോധം മനുഷ്യ പ്രകൃതിയിൽ ദൈവം ഉൾച്ചേർത്തതു കൊണ്ടാണ് മനുഷ്യൻ സമൂഹ ജീവിതം നയിക്കുന്നത്. ഖുർആൻ പറയുന്നു: *'മനുഷ്യരെ തീർച്ചയായും നാം നിങ്ങളെ ആണിൽ നിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ ജനവർഗ്ഗങ്ങളും (ശുഊബ്) ഗോത്രങ്ങളും (ഖബായീൽ) മാക്കി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം തിരിച്ചറിയുന്നതിനു വേണ്ടി (49:13)* സമൂഹങ്ങൾ രൂപപ്പെടുന്നത് വർഗ്ഗപരവും ഗോത്രീയവുമായ വർണ്ണങ്ങളിലാണ്. അത് മനുഷ്യന്റെ ജൈവപ്രകൃതിയിൽ ഒരു ഉൾപ്രേരകമായി കൂടിച്ചേർന്നിരിക്കുന്നതായി ഈ വചനം സൂചിപ്പിക്കുന്നു. പ്രകൃതിയാണ് മനുഷ്യ സമൂഹത്തിന്റെ ഘടനക്ക് രൂപം നൽകുന്നത്. ഭൂമിശാസ്ത്രം, ഭക്ഷണം, കാലാവസ്ഥ, കുടുംബ ബന്ധങ്ങൾ, ഗോത്രീയവും ദേശീയവുമായ ബന്ധങ്ങൾ, മറ്റു ഭൗതിക സാഹചര്യങ്ങൾ മുതലായ ഘടനാപരമായ പ്രത്യേകതകളിലൂടെയാണ് നരവംശപരമായി സമൂഹം രൂപപ്പെടുന്നത്. മതം, പ്രവാചകൻമാർ, ഭാഷ, ന്യായപ്രമാണം, ആചാരങ്ങൾ, കല, ജീവിതരീതി, വസ്ത്രധാരണം, പാചക കല, രാഷ്ട്രീയ-സാമ്പത്തിക വ്യവസ്ഥ മുതലായ സംസ്കാരിക പ്രത്യേകതകളിലൂടെയും ആ സമൂഹം തിരിച്ചറിയപ്പെടുന്നു. ഈ ഭാവത്തിലൂന്നിക്കൊണ്ട് ഇതിനെ സാംസ്കാരിക സമൂഹം എന്നു പറയുന്നു. ഖുർആൻ സമൂഹം (ഉമ്മ:) എന്ന പദം നരവംശപരമായ അർത്ഥത്തിലും സാംസ്കാരികമായ അർത്ഥത്തിലും പ്രയോഗിച്ചിട്ടുണ്ട്. സമൂഹത്തിന് വ്യക്തിയെ പോലെ ജീവിതം, സ്വഭാവഗുണങ്ങൾ, നന്മതിന്മകൾ, ധിക്കാരം, കർമ്മഫലം, മരണം, വിചാരണ എന്നിവയെല്ലാം ഉണ്ടെന്ന് ഖുർആൻ പറയുന്നു. ഇതിലൂടെ സമൂഹത്തെ വ്യക്തിയെപോലെ പ്രകൃതിജന്യമായ ഒരു സമഗ്ര ജൈവരൂപമായാണ് ഖുർആൻ കാണുന്നത്. മുസ്‌ലിംകൾ 'ഉത്തമ സമൂഹം' (ഖൈറുൽ ഉമ്മത്ത്) ആണെന്നാണ് ഖുർആൻ പറയുന്നത് *'മനുഷ്യവംശത്തിന്റെ നന്മക്കായി എഴുന്നേൽപ്പിക്കപ്പെട്ട ഏറ്റവും ഉൽകൃഷ്ട സമൂഹമാകുന്ന നിങ്ങൾ (3:11)'.*

ലോകം അതിശീഘ്രം പുരോഗമിക്കുന്നതിനനുസരിച്ച് ജനവർഗ്ഗങ്ങളും, ദേശീയ സമൂഹങ്ങളും കൂടിക്കലരുകയും ആശയ വിനിമയത്തിലൂടെ ഒന്നായിതീർന്ന് അന്തർദേശീയ സമൂഹം രൂപം കൊള്ളുകയും ചെയ്യുകയാണ്. അന്തർദേശീയ സമൂഹം അങ്ങിനെ ഘടനാപരമായി വീണ്ടും ഉമ്മത്തൻ വാഹിദീ (ഏക സമൂഹം) ആ യിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇസ്‌ലാം മതത്തിന്റെ സാമൂഹികമായ ഉദ്ദേശം അധികാരത്തിലധിഷ്ഠിതമായ ഒരു രാഷ്ട്ര നിർമ്മാണമാണെന്ന് ചിലർ ധരിക്കുന്നു. വാസ്തവത്തിൽ ഖിലാഫത്തിലധിഷ്ഠിതവും ഇസ്‌ലാമിക സംസ്കാരവുമുള്ള ഒരു ആഗോള സമൂഹമാണ് ഇസ്‌ലാം ഉദ്ദേശിക്കുന്നത്. രാഷ്ട്രവും സമൂഹവും എന്താണെന്ന് നാം വേർതിരിച്ചു മനസ്സിലാക്കേണ്ടതുണ്ട്.

### എന്താണ് രാഷ്ട്രം?

രാഷ്ട്രം (State) എന്നാൽ ഭൂമിശാ

സ്ത്രപരമായി അതിർത്തി നിർണ്ണയിക്കപ്പെട്ട ഒരു പ്രദേശത്ത് നിവസിക്കുകയും ഒരു പരമാധികാര കേന്ദ്രത്തോടു വിധേയത്വം കാട്ടുന്നതിൽ യോജിക്കുകയും ചെയ്യുന്ന ജനസമൂഹമാണ് രാഷ്ട്രം. ജനസംഖ്യ, ഭൂമേഖല, ഗവൺമെന്റ്, പരമാധികാരം എന്നിവയാണ് രാഷ്ട്രത്തിന്റെ ഘടകങ്ങൾ. രാഷ്ട്രം എന്ന പദം താരതമ്യേന അടുത്ത കാലത്ത് അതായത് 16-ാം നൂറ്റാണ്ടിലാണ് ശബ്ദകോശങ്ങളിൽ സ്ഥലം പിടിക്കുന്നത്. ഇറ്റലിയിലെ ഫ്ളോറൻസിലെ മഹാസൂത്രശാലിയും കുടിലതന്ത്രത്തിലൂടെ രാജ്യം ഭരിക്കേണ്ടതെങ്ങിനെയെന്ന് വിവരിക്കുകയുംചെയ്ത ഇറ്റലിയിലെ ഫ്ളോറൻസിലെ മാക്കിയവല്ലിയാണ് (1469 – 1527) 'പ്രിൻസ്' (Prince) എന്ന തന്റെ കൃതിയിൽ ഇപ്പോഴത്തെ രാഷ്ട്രീയ അർത്ഥത്തിൽ ആദ്യമായി 'സ്റ്റേറ്റ്' അഥവാ 'രാഷ്ട്രം' എന്ന പദം പ്രയോഗിച്ചത്. ഖുർആൻ 'രാഷ്ട്രം' എന്ന അർത്ഥത്തിൽ ഒരൊറ്റ പദവും ഉപയോഗിച്ചിട്ടില്ല എന്ന കാര്യം വളരെ ശ്രദ്ധേയമാണ്. മനുഷ്യന്റെ സാമാജിക ജീവിതത്തെ പറ്റി പ്രതിപാദിക്കാൻ മനുഷ്യസമൂഹം, (നാസ്) ദേശീയ (ഭാഷാ) സമൂഹം (ഖൗം), സമൂഹം (ഉമ്മ:), ജനവർഗ്ഗങ്ങൾ (ശുഊബ്), ഗോത്രങ്ങൾ (ഖബാഇൗൽ) മുതലായ സംജ്ഞകളാണ് ഖുർആൻ ഉപയോഗിച്ചിട്ടുള്ളത്. ഇതിനൊന്നും തന്നെ രാഷ്ട്രം എന്ന അർത്ഥം ലഭിക്കില്ല.

അധികാര ബലത്തിൽ മാത്രം പ്രസക്തമാകുന്ന രാഷ്ട്രം സമൂഹം പോലെ പ്രകൃതിശക്തികൾ വളർത്തിക്കൊണ്ട് വരുന്നതോ മനുഷ്യന്റെ നൈസർഗ്ഗിക സാംസ്കാരിക ഭാവങ്ങൾ വർണ്ണം നൽകുന്നതോ ആയ ഒരു സ്ഥാപനമല്ല. മനുഷ്യനേയും വിഭവങ്ങളെയും ഭരിക്കാൻ മനുഷ്യൻ നിർമ്മിച്ച അധികാരത്തിലധിഷ്ഠിതമായ ഒരു കൃത്രിമ സ്ഥാപനമാണ് രാഷ്ട്രം. 14 മുതൽ 17-ാം നൂറ്റാണ്ടുവരെയുണ്ടായ യൂറോപ്യൻ നവോത്ഥാനത്തിന് ശേഷം സമീപകാലത്ത് രൂപം കൊണ്ട രാഷ്ട്രീയ പ്രതിഭാസമാണ് നാം ഇന്ന് കാണുന്ന ദേശരാഷ്ട്രങ്ങൾ. (National State) തികച്ചും ദേശീയമായ വികാരങ്ങളിൽ കെട്ടിപടുത്തതാണ് ആധുനിക രാഷ്ട്രങ്ങൾ. യൂറോപ്പിന്റെ ചുവടുപിടിച്ചാണ് ലോകമാകെ രാഷ്ട്രങ്ങൾ നിലവിൽ വന്നത്. ഒരു ദേശത്ത് താമസിക്കുന്ന ആളുകൾ ഐക്യത്തോടെ ആ ഭൂപ്രദേശത്തോട് ഉള്ള തോ, ഉണ്ട് എന്ന് ഭാവിക്കുന്നതോ ആയ വൈകാരിക ബോധത്തെയാണ് ദേശീയത എന്ന് പറയുന്നത്. ആ ദേശീയതയിൽ പണിതുയർത്തുന്ന അധികാര സ്വരൂപമാണ് രാഷ്ട്രം. പ്രകൃത്യാതന്നെ സമ്മർദ്ദസ്വഭാവമുള്ള രാഷ്ട്രമെന്ന അധികാര സ്വരൂപം ജനാധിപത്യവാദികളുടെ കൈയിൽ കൂടുതൽ അയവുള്ളതും മാർദ്ദവുമുള്ളതുമായിത്തീരുന്നു. മതമൗലികവാദികളും ഫാസിസ്റ്റുകളും തങ്ങളുടെ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാനുള്ള സംഹാരാത്മകമായ ആയുധമായാണ് രാഷ്ട്രത്തെ കാണുന്നത്. രാഷ്ട്രത്തെ ദൈവത്തോളം വാഴ്ത്തി പറയുക അവരുടെ ഒരു രീതിയാണ്. ഒരു രാഷ്ട്രം എന്ന നിലക്ക് ജനതകളുടെ രാഷ്ട്രീയമായ ഉദ്ഗ്രഥനം പലപ്പോഴും കൃത്രിമവും കരുതിക്കൂട്ടിയുള്ളതുമാണ്. അന്തർദേശീയത, വിശ്വമാനവികത, ഏകലോകം എന്നീ ഉത്കൃഷ്ട മൂല്യങ്ങൾക്ക് വിരുദ്ധമാണ് രാഷ്ട്രദേശീയത. വിശ്വമതമായ ഇസ്‌ലാമിന്റെ പരമ ലക്ഷ്യം. സങ്കുചിതവും അധികാരബദ്ധവും ദേശനിർണ്ണിതവുമായ രാഷ്ട്രം നിർമ്മിക്കലാണ് എന്ന് കരുതുന്നത് തികച്ചും ഇസ്‌ലാമിക വിരുദ്ധമാണ്.

### സമൂഹം ഒരു അകൃത്രിമ സ്ഥാപനം

സമൂഹം എന്നത് പ്രകൃതിയുടെ സ്വച്ഛവും സ്വാഭാവികവുമായ ബലതന്ത്രത്തിൽ രൂപപ്പെടുന്നതും മാനവീയമായ നൈസർഗ്ഗികതയിൽ പ്രവർത്തനക്ഷമമാവുന്നതുമായ ഒരു അകൃത്രിമ സ്ഥാപനമാണ്. രാഷ്ട്രതന്ത്രവിജ്ഞാനീയത്തിൽ സമൂഹത്തെ രാഷ്ട്രവുമായി താരതമ്യം ചെയ്യാവുന്നതാണ്. സമൂഹം രാഷ്ട്രത്തിന്റെ പൂർവ്വവർത്തിയാണ്. ആദ്യമുണ്ടായത് സമൂഹമാണ്. സമൂഹത്തിനകത്തെ ഒരു സ്ഥാപനം മാത്രമാണ് രാഷ്ട്രം. മനുഷ്യനും മനുഷ്യനും തമ്മിൽ ബോധപൂർവ്വം സൃഷ്ടിക്കപ്പെടുന്ന സകലബന്ധങ്ങളും സമൂഹം ഉൾക്കൊള്ളുന്നു. മാനസികം, ആത്മീയം, വൈയക്തികം, വൈവാഹികം, ഗാർഹികം, കുടുംബപരം മുതലായ സകല മാനവീയമേഖലകളും സാമൂഹ്യശാസ്ത്രത്തിന്റെ പഠന മേഖലയാണ്. എന്നാൽ രാഷ്ട്രവും രാഷ്ട്രത്തിന്റെ ശാസ്ത്രമായ രാഷ്ട്രീയവും ഭരണകൂടവും പൗരനും തമ്മിലുണ്ടാകുന്ന ബന്ധങ്ങളെ മാത്രമേ സ്പർശിക്കാറുള്ളൂ. രാഷ്ട്രം എന്നത് പല മാനങ്ങളുള്ള സമൂഹത്തിന്റെ രാഷ്ട്രീയ വശം മാത്രമാണ്. രാഷ്ട്രം ഒരു പ്രത്യേക ദേശത്ത് മാത്രം ഒതുങ്ങിനിൽക്കുമ്പോൾ സമൂഹം രാഷ്ട്രങ്ങളെ അതിവർത്തിച്ചു നിൽക്കുന്നു. ഉദാഹരണത്തിന് ഒരു നേതൃത്വത്തിന് കീഴിലുള്ള അഹ്മദിയ്യാ അന്തർദേശീയ സമൂഹം. ഗോത്ര പക്തൂണുകൾ. പാകിസ്താനിലും അഫ്ഗാനിസ്ഥാനിലും ഇന്ത്യയിലുംപക്തൂൺ ഗോത്രസമൂഹമുണ്ട്.

### ജീവിസമൂഹങ്ങളും മനുഷ്യസമുഹവും

മനുഷ്യസമൂഹത്തിന്റെ ഈ നൈസർഗിക സ്വഭാവത്തെയും സ്വച്ഛരൂപത്തേയും ഉദാഹരിക്കാൻ വിശുദ്ധ ഖുർആൻ പറയുന്ന ഒരു ഉപമ ശ്രദ്ധേയമാണ്.

*'ഭൂമിയിൽ നടക്കുന്ന ഏത് മൃഗവും രണ്ടു ചിറകുകൊണ്ട് പറക്കുന്ന ഏത് പറവയും നിങ്ങളെപോലെയുള്ള സമൂഹങ്ങൾ തന്നെയാണ്. (6:39)*

ഇവിടെ പക്ഷികളുടെ സമൂഹത്തെ (ഉമ്മ:) മനുഷ്യസമൂഹത്തോടാണ് ഉപമിക്കുന്നത്. രാഷ്ട്രത്തിന്റെ അധികാര ഘടനയോ, സമ്മർദ്ദ സ്വഭാവമുള്ള ശ്രേണീരൂപമോ, അനുശാസനാത്മകമായ നിയമങ്ങളോ മൃഗങ്ങളുടെയും പക്ഷികളുടേയും സമൂഹങ്ങളിൽ ഇല്ല. തികച്ചും പ്രകൃതി

ജന്യവും നൈസർഗികവുമായ ശക്തികളുടെ ബലത്തിലുള്ള ഒരു സാമൂഹിക ജീവിതമാണ് മൃഗങ്ങളും പക്ഷികളും നയിക്കുന്നത്. ശുദ്ധപ്രകൃതിയുടെ നൈസർഗികതയിലേക്കുള്ള തിരിച്ചുപോക്കാണത്. മനുഷ്യൻ അങ്ങിനെ ആയിത്തീരണമെങ്കിൽ ആത്മീയമായ ഉയർന്ന പ്രബുദ്ധതയും ഉന്നതവും ഉദാത്തവുമായ സാമൂഹിക ബോധ വും ആർജിക്കേണ്ടതുണ്ട്. ജീവിതത്തിന്റെ സ്വഛതയും നൈസ ർഗികതയും നഷ്ടപ്പെട്ട് കൃത്രിമവും മനുഷ്യനിർമ്മിതവുമായി ലോകത്ത് സംഘ ർഷ ജീവിതം നയിക്കുന്ന അസ്വസ്ഥമായ യൂറോപ്യൻ സമൂഹം മനസ്സമാധാനത്തിന് വേണ്ടി ആഗ്രഹിക്കുന്നത് Back to Basic ആണല്ലോ. അതായത് സ്വച്ഛതയിലേക്കും പരിശുദ്ധ പ്രകൃതിയിലേക്കുമുള്ള തിരിച്ചുപോക്ക്.

മൃഗങ്ങളേയും പക്ഷികളേയും ഉദാഹരിച്ചുകൊണ്ടുള്ള അല്ലാഹുവിന്റെ ഗഹനമായ ഈ ഉപമ വിശ്വാസികളെ ഇരുത്തി ചിന്തിപ്പിക്കുകയും അവരുടെ ബുദ്ധിശക്തിയേയും ഗവേഷണ കൗതുകത്തെയും പ്രചോദിപ്പിക്കുകയും ചെയ്യേണ്ടതാണ്. അല്ലാഹു പറയുന്നു.

*“ഒരു കൊതുകിനേയോ അതിനപ്പുറമുള്ള (അതിലും നിസ്സാരമായ മറ്റു) വല്ലതിനേയോ ഉപമയായി എടുത്തു കാണിക്കുന്നതിന് അല്ലാഹു ലജ്ജിക്കുന്നില്ല. അപ്പോൾ വിശ്വാസികൾ അത് തങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യമാണെന്ന് മനസ്സിലാവും. നിഷേധികളാവട്ടെ ഈ ഉപമ മുഖേന അല്ലാഹു എന്താണ് ഉദ്ദേശിക്കുന്നതെന്ന് ചോദിക്കും. എന്നാൽ (യഥാർത്ഥമിതാണ്) ഇത് വഴി അല്ലാഹു പലരേയും വഴിതെറ്റിക്കുന്നവരായി വിധിക്കുകയും പലരേയും സത്യത്തിലേക്കും വഴിനടത്തുകയും ചെയ്യുന്നു. (2:27)*

ശുദ്ധ പ്രകൃതിയുടെയും സ്വഛമായ പ്രേരണയുടെയും ബലത്തിൽ നയിക്കപ്പെടുന്ന ഒരു സമൂഹത്തെയാണ് ഖുർആൻ ആഗ്രഹിക്കുന്നത്. വാസ്തവത്തിൽ രാഷ്ട്രത്തിന്റെ ഒരു പ്രത്യേകതയുമായും ഇസ്‌ലാം ഒത്തുപോകുന്നില്ല. അധികാരത്തിനും സമ്മർദ്ദത്തിനും ശാസനകൾക്കും പ്രാവർത്തികമാക്കാൻ കഴിയുന്നതല്ല ഇസ്‌ലാമിന്റെ ധാർമ്മികവും ആത്മീയവുമായ ഉദ്ബോധനങ്ങൾ. സമൂഹത്തിന്റെ അമൂർത്തവും മൃദുലവുമായ ശക്തികളാണ് അതിന്റെ സ്വീകർത്താക്കൾ. രാഷ്ട്രത്തിന്റെ ബലപ്രയോഗമല്ല സമൂഹത്തിന്റെ അനുനയാത്മകമായ ഉപകരണങ്ങളാണ് അതിന്റെ മാധ്യമങ്ങൾ.

## രാഷ്ട്രവും അധികാരങ്ങളും

രാഷ്ട്രത്തിന്റെ വ്യക്തിത്വം നിലകൊള്ളുന്നത് അതിന്റെ അധികാരബലത്തിലാണ് ഒരു ദേശത്തിനുമേലുള്ള പരമാധികാരം എന്ന രാഷ്ട്രീയ അവകാശമാണ് രാഷ്ട്രത്തെ അർത്ഥപൂർണ്ണമാക്കുന്നത് അധികാരമില്ലെങ്കിൽ രാഷ്ട്രമില്ല. എന്നാൽ സമൂഹത്തിന് അത്തരത്തിലുള്ള അധികാര കേന്ദ്രങ്ങളൊന്നുമില്ല. ദൈവഭക്തി, ധാർമ്മികമായ ഉത്തരവാദിത്വം. മതാചാരം, കീഴ്നടപ്പ് പൊതുജനാഭിപ്രായം എന്നിവയൊക്കെയാണ് സമൂഹത്തിന്റെ അധികാരകേന്ദ്രങ്ങൾ. വ്യക്തിയെ സംബന്ധിച്ച് മതം ഉദ്ദേശിക്കുന്ന ആത്മീയമായ മൃദുല ലക്ഷ്യങ്ങൾ നേടാൻ രാഷ്ട്രത്തിനാവില്ല. കാരണം രാഷ്ട്രത്തിന്റെ സമ്മർദ്ദ സ്വഭാവമുള്ളതും ഉരുക്കുചട്ടകം പോലെയുള്ള കർക്കശമായ ഉപകരണങ്ങൾ മതം ഉദ്ദേശിക്കുന്ന തരുണസ്നിഗ്ദമായ ലക്ഷ്യങ്ങൾ നേടാൻ പര്യാപ്തമല്ല. സമൂഹമാണ് മതത്തിന്റെ അത്തരം. ലക്ഷ്യങ്ങളെ സാക്ഷാൽക്കരിക്കുന്നത്. ഖുർആൻ പറയുന്നു. *‘മതത്തിൽ യാതൊരു ബല പ്രയോഗവുമില്ല. തീർച്ചയായും സന്മാർഗ്ഗം ദുർമാർഗ്ഗത്തിൽ നിന്നും വ്യതിരിക്തമാണ്.’ (2:257) വീണ്ടും ഖുർആൻ പറയുന്നു. ‘നിന്റെ നാഥൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂതലത്തിലുള്ള എല്ലാവരും ഒന്നടങ്കം വിശ്വസിച്ചേനെ എന്നിരിക്കെ ആളുകൾ വിശ്വാസികളായിത്തീരുന്നതിനായി നീ അവർക്ക് നേരെ ബലം പ്രയോഗിക്കുമോ.(10:10).* രാഷ്ട്രത്തിന്റെ ഏറ്റവും പ്രമാണികമായ അധികാരബലം എന്ന ശക്തിയെ ഇസ്‌ലാം സ്വയം നിരാകരിക്കുന്നതോടെ ഇസ്‌ലാം രാഷ്ട്രമല്ല എന്ന പ്രഖ്യാപനം നടത്തുകയാണ് ചെയ്യുന്നത്. മനുഷ്യാത്മാവിനോട് ഒരു നിവേദനമായി സമർപ്പിക്കപ്പെട്ട ഇസ്‌ലാം അതിന്റെ സാമൂഹിക പ്രശ്നങ്ങൾ ഒരു മൂല്യനിർദ്ധാരണ പദ്ധതിയായാണ് സമർപ്പിക്കപ്പെട്ടിരിക്കുന്നത്. മനുഷ്യഹൃദയമാണ് അതിന്റെ പ്രവർത്തന കേന്ദ്രം.

## രാഷ്ട്രവും നിയമവും

നിയമം എന്നത് രാഷ്ട്രസങ്കല്പത്തിലെ പ്രധാനമായ ഒന്നാണ്. മനുഷ്യൻ ഉപയോഗിക്കുന്ന പദങ്ങളിൽ വെച്ച് ഏറ്റവും അനിശ്ചിതത്വമുള്ള അർത്ഥങ്ങളുള്ള പദങ്ങളിലൊന്നാണ് നിയമം. പ്രകൃതി നിയമങ്ങൾ ഏറെക്കുറെ കണിശവും മൂർത്തവും നിർവ്വചനാത്മകവുമാണ്. അതായത് ഊർജ്ജ തന്ത്രനിയമം, ഗണിതശാസ്ത്ര നിയമം. മുതലായവ എന്നാൽ ദൈവികനിയമങ്ങൾ ധാർമ്മിക നിയമങ്ങൾ എന്നിവക്ക് ഈ കാർക്കശ്യമില്ല. അവഅമൂർത്തവുമാണ്. 1രാഷ്ട്രനിയമങ്ങൾ ഒരു പരമാധികാര ശാസനാകേന്ദ്രത്തിന്റെ പിൻബലമുള്ളതാണ്. നിർവ്വചനാത്മകവും കണിശവും സമ്മർദ്ദ സ്വഭാവമുള്ളതും ലംഘിക്കപ്പെടുമ്പോൾ ശിക്ഷിക്കപ്പെടുന്നതുമാണ് രാഷ്ട്രനിയമങ്ങൾ. നിരങ്കുശവും മൃദുലവുമായ മനുഷ്യന്റെ ആത്മീയമായ സംസ്കരണ പ്രക്രിയക്ക് അവ ചേർന്നതല്ല. അതായത് ഇസ്‌ലാം മതം ഉദ്ദേശിക്കുന്ന മാനവീയ പരിവർത്തനങ്ങൾക്ക് ഉപകരണങ്ങളായി വർത്തിക്കുവാൻ ഉരുക്കുപേശികളുള്ള രാഷ്ട്രത്തിനാവില്ല. വാസ്തവത്തിൽ പലരും ധരിക്കുന്നതുപോലെ നിയമങ്ങൾ നീതിയോ സദ്ഗുണമോ നന്മയോ, ഉദ്പാദിപ്പിക്കുന്നില്ല. രാഷ്ട്രനിയമത്തിന് ആത്മാവിനെ പ്രചോദിപ്പിക്കാനും സ്പർശിക്കാനോ സാധ്യമല്ല. ബാഹ്യ

ശരീരത്തെ മാത്രമെ അതിന് നിയന്ത്രിക്കാനാവൂ. എത്രത്തോളം നിയമത്തിന്റെ അസാന്നിദ്ധ്യത്തിലും അഭാവത്തിലും ഒരു സമൂഹം സമാധാനത്തിലും നന്മയിലും പ്രബുദ്ധമായി വർത്തിക്കുന്നുവോ അത്രത്തോളം ആ സമൂഹം ധാർമ്മികമായി നല്ലതാണെന്ന് പറയാം.

നിയമത്തിന് മനുഷ്യന്റെ ബാഹ്യ പ്രവർത്തനങ്ങളെ മാത്രമേ നിയന്ത്രിക്കാനാവൂ. ഉദാഹരണത്തിന് ക്രിമിനൽ ശിക്ഷാ നിയമങ്ങളെ പറ്റി പറയുമ്പോൾ അത് കുറ്റം ചെയ്യുന്ന ശരീരത്തെ മാത്രമേ ശിക്ഷിക്കുന്നുള്ളൂ. കുറ്റകൃത്യത്തിലേക്ക് നയിക്കുന്ന മാനസിക പ്രേരണ ചിന്ത, വാസന, ജനിതക പാരമ്പര്യം എന്നീ ഘടകങ്ങളെ സ്പർശിക്കാനോ സംസ്കരിക്കാനോ നിയമത്തിനാവില്ല. മാത്രമല്ല അമിതമായ നിയമനിർമ്മാണ ത്വര ഒരു ജൂത സമ്പ്രദായമാണ്. അവസാനം അവർ നിയമം ശപ്തമായിപ്പോയിരിക്കുന്നു എന്ന് പറയേണ്ടിവന്നു. മതരാഷ്ട്ര മൗലിക വാദികൾക്കിടയിലും യാഥാസ്ഥിതിക മുസ്‌ലിം കർമ്മശാസ്ത്ര പണ്ഡിതന്മാർക്കിടയിലും ഈ ദുഷ്പ്രവണത കാണാം. രാഷ്ട്രത്തിന് അതിന്റെ വ്യവഹാരങ്ങളെല്ലാം നിയമ മാർഗ്ഗത്തിൽ മാത്രമേ നിർവ്വഹിക്കാനൊക്കൂ. എന്നാൽ ഇസ്‌ലാം ഇത്തരം അമിതമായ നിയമവത്ക്കരണത്തെ നിരുത്സാഹപ്പെടുത്തുന്നു. ഖുർആൻ പറയുന്നു:

*'അല്ലയോ വിശ്വസിച്ചവരേ നിങ്ങൾക്ക് വെളിപ്പെടുത്തിത്തന്നാൽ വിഷമകരമായേക്കാവുന്ന കാര്യങ്ങളെ സംബന്ധിച്ച് നിങ്ങൾ ചോദിക്കരുത്. ഖുർആൻ ഇറക്കപ്പെടുന്ന അവസരത്തിൽ അവയെക്കുറിച്ച് നിങ്ങൾ ചോദിക്കുന്നതായാൽ നിങ്ങൾക്ക് അവ വെളിപ്പെടുത്തപ്പെടുന്നതാണ് അല്ലാഹു അവയെ വിട്ടിരിക്കുകയാണ്. അല്ലാഹു വളരെ പൊറുക്കുന്നവനും സഹനശീലനുമാകുന്നു. നിങ്ങൾക്ക് മുമ്പ് ഒരു ജനത അത്തരം കാര്യങ്ങളെക്കുറിച്ച് ചോദിച്ചിട്ടുണ്ടായിരുന്നു. പക്ഷേ പിന്നെ അവർ (നിയമ നിർദ്ദേശം ലഭിച്ചപ്പോൾ) അവയെ നിഷേധിക്കുകയാണുണ്ടായത്. (5:102, 103).* മറ്റൊരു സ്ഥലത്ത് ആത്മീയ കാര്യങ്ങൾക്ക് നിയമവും ഭൗതിക കാര്യങ്ങൾ വിശാലമായ ഒരു വഴിയുമാണ് നൽകപ്പെട്ടിരിക്കുന്നത് എന്നാണ് *'നിങ്ങളിൽ നിന്നുള്ള എല്ലാ ഓരോരുത്തർക്കും വ്യക്തമായ ആത്മീയ നിയമവും (ശിർഅത്ത്) പ്രകടമായ (ഭൗതിക) മാർഗ്ഗവും (മിൻഹാജ്) നാം നിശ്ചയിച്ചിരിക്കുന്നു. (5:49)*

മനുഷ്യൻ നല്ലവനായി ജീവിക്കുന്നത് രാഷ്ട്രത്തിന്റെ ഭരണഘടനയുടെയും നിയമത്തിന്റേയും കാർക്കശ്യം കൊണ്ടോ നിയമങ്ങളുടെ കാഠിന്യം കൊണ്ടോ അല്ല. ദൈവം മനുഷ്യ പ്രകൃതിയിൽ നിക്ഷേപിച്ച സവിശേഷമായ ഒരു ഗുണം കൊണ്ടാണ്. ഖുർആൻ പറയുന്നു:

*'വിശ്വാസികളെ, ദൈവം സത്യവിശ്വാസത്തെ നിങ്ങൾക്ക് പ്രിയങ്കരമാക്കുകയും അതിന്റെ സൗന്ദര്യത്തെയും സൗഭാഗ്യത്തെയും നിങ്ങളുടെ ഹൃദയത്തെ പതിപ്പിക്കുകയും അവിശ്വാസത്തെയും അധർമ്മത്തെയും പാപത്തേയും കുറിച്ച് നിങ്ങൾക്ക് വിരക്തിജനിപ്പിക്കുകയും ദോഷമാർഗ്ഗങ്ങളെല്ലാം നിഷിദ്ധമാണെന്ന് നിങ്ങൾക്ക് ബോദ്ധ്യം വരുത്തുകയും ചെയ്തിരിക്കുന്നു. (49:38,39) മാത്രമല്ല ചെയ്തുപോയ കുറ്റങ്ങളെയും ദുഷ്കൃതിയേയും കുറിച്ച് സ്വയം ശാസിക്കുന്ന ആത്മാവിനെക്കൊണ്ട് സത്യം ചെയ്യുന്നു. (75:3)*

## ഇസ്‌ലാമും ബഹുസ്വരതയും

ഒരു രാഷ്ട്രം ഏകശിലാ ഘടനയുള്ള ദേശീയതയാണ് ആവശ്യപ്പെടുക. പ്രത്യേകിച്ച് മതരാഷ്ട്രം മതദേശീയതക്ക് മുകളിലാണ് നിർമ്മിക്കപ്പെടുന്നത്. സ്വന്തമല്ലാത്തതെല്ലാം പൈശാചികമാണെന്നാണ് മതരാഷ്ട്രവാദികളുടേയും ഫാസിസ്റ്റുകളുടെയും നിലപാട്. ഇസ്‌ലാം മതദേശീയതയിലധിഷ്ഠിതമായ മതരാഷ്ട്രമാണ് ആഗ്രഹിക്കുന്നതെങ്കിൽ അന്യമതങ്ങളെയും അതിന്റെ ദൈവികോത്ഭവത്തേയും അംഗീകരിക്കില്ലായിരുന്നു. ആഭ്യന്തരവും ബാഹ്യവുമായ ആശയ വൈവിധ്യങ്ങളോട് ഇസ്‌ലാം വെച്ചു പുലർത്തിയ ഉദാരമനോഭാവം നിസ്തുലമാണ്. ഖുർആൻ പറയുന്നു: *'എല്ലാ ഓരോരുത്തരും അവരവരുടെ രീതിയനുസരിച്ച് പ്രവർത്തിക്കുന്നു. ഏറ്റവും നല്ല മാർഗ്ഗത്തിൽ നയിക്കപ്പെടുന്നവർ ആരാണെന്ന് അല്ലാഹു നല്ലത് പോലെ അറിയുന്നു. ഖുർആൻ വീണ്ടും പറയുന്നു. 'ഓരോ സമുദായത്തിനും ഓരോ മാർഗ്ഗദർശകൻ വന്നു കഴിഞ്ഞിട്ടുണ്ട്.' (13:8). 'അല്ലാഹുവിന്റെ ദൂതന്മാർക്കിടയിൽ ആർക്കിടയിലും ഞങ്ങൾ വ്യത്യാസം കൽപിക്കുന്നില്ല. (2:286).* ഖുർആന്റെ ഉജ്ജ്വലവും അതിവിശാലവുമായ മറ്റൊരു വചനം കാണുക. *'വിശ്വസിച്ചവരും യഹൂദികളായവരും സാബികളും ക്രിസ്ത്യാനികളും ആർ അല്ലാഹുവിലും അന്ത്യനാളിലും സൽപ്രവർത്തികൾ ചെയ്യുന്നതിലും വിശ്വസിക്കുന്നുവോ തീർച്ചയായും അവർക്ക് യാതൊരു ഭയവും ഉണ്ടാവുകയില്ല. അവർ വ്യസനിക്കുകയുമില്ല. (5:70).* ഇതിലെ 'സാബി' എന്ന പദം സെമിറ്റിക്കല്ലാത്ത മറ്റെല്ലാ മതങ്ങളേയും വിശേഷിപ്പിക്കുന്ന ഒരു പദമാണ് അല്ലാതെ അറേബ്യയിലുണ്ടായിരുന്ന സാബിമതമല്ല.

ഇങ്ങിനെ ഇസ്‌ലാം മതം വിശ്വസിക്കാത്തവരിലും സാത്വികരും ദൈവഭക്തരും ഉണ്ടെന്നും അവർക്ക് ആത്മീയ സ്വാന്തനമരുളുകയും ചെയ്യുന്ന ഇസ്‌ലാമിന്റെ ബഹുസ്വരവീക്ഷണം ഇസ്‌ലാം ഒരു രാഷ്ട്രത്തെയല്ല. പ്രതിനിധാനം ചെയ്യുന്നതെന്ന് വ്യക്തമാകുന്നു.

## രാഷ്ട്രങ്ങൾ തകരുന്നു

മൂന്നൂറ് വർഷങ്ങൾക്ക് മുമ്പ് രൂപം കൊണ്ട ദേശീയ രാഷ്ട്രങ്ങൾ അപ്രതിരോധ്യവും അനിവാര്യവുമായ മനുഷ്യന്റെ ഭൗതിക വളർച്ചക്കു മുമ്പിൽ തകർച്ചയെ നേരിടുകയാണ്. മനുഷ്യ സമൂഹങ്ങളെ ജലനിബദ്ധമായ കമ്പാർട്ടുമെന്റുകളിലെന്നപോലെ

ലേക്കുള്ള വഴിയായ്. ഇതിനെ പറ്റി ഖുർആൻ പറയുന്നു. *'അന്ന് അവരിൽ ചിലർ മറ്റു ചിലർക്കെതിരെ തിരമാലകൾ കണക്കെ അടിച്ചുകയറുന്നതായി നാം വിടുന്നതാണ്. കാഹളത്തിൽ ഊതപ്പെടുകയും എന്നിട്ട് നാം അവരെയെല്ലാം ഒരുമിച്ചുകൂട്ടുകയും ചെയ്യും. (18:100)*

അന്തർദേശീയമായി മനുഷ്യന്റെ ഏകലോകം സൃഷ്ടിക്കാനുള്ള വേദിയായി. മനുഷ്യസ്നേഹികൾ സ്വപ്നം കണ്ടിരുന്ന ഐക്യരാഷ്ട്ര സഭ ഇന്ന് സാമ്രാജ്യത്വ ചൂഷണത്തിന്റെയും ഒളിയജണ്ടകളുടേയും രംഗവേദിയാണ് എങ്കിലും കഴിഞ്ഞ ദശാബ്ദങ്ങളിൽ ലോകത്ത് രാഷ്ട്രങ്ങളുടെ വൻ മതിലുകൾ പൊളിയുകയും ചിലത് ഉയരുകയും ചെയ്തിട്ടുണ്ട്. ബർലിൻ മതിലിന്റെ തകർച്ചയും രണ്ടു ജർമനിയുടെ സംയോജനവുമാണത്. സോവിയറ്റ് യൂണിയന്റെ ഇരുമ്പുമറയും ഹങ്കറിയും തകർന്ന് നിരവധി രാഷ്ട്രങ്ങളും രൂപം കൊണ്ടു. രാഷ്ട്രങ്ങളുടെ പൊളിച്ചെഴുത്തും പുനർ നിർമ്മാണവും നടക്കുന്നുവെങ്കിലും രാഷ്ട്ര ശക്തി നാൾക്കുനാൾ ദുർബലമാവുകയാണ്. സ്വന്തം പരമാധികാരം മറ്റുള്ള രാഷ്ട്രങ്ങളുമായി പങ്ക് വെച്ച് പ്രാദേശികവും മേഖലാപരവും അന്തർദേശീയവുമായ ഉദ്ഗ്രഥന സംരംഭങ്ങളും ലോകത്ത് അവിരാമം തുടരുന്നു. യൂറോപ്യൻ യൂണിയനും, സാർക്ക്, ആസിയാൻ മുതലായ മേഖലാ രാജ്യസഖ്യങ്ങൾ ഉദാഹരണം. വാർത്താ വിനിമയങ്ങൾക്കൊപ്പം വികസിക്കുന്ന ആശയവിനിമയങ്ങളും അന്തർദേശീയ വ്യാപാരവും മനുഷ്യസമൂഹങ്ങളെ രാജ്യാതിർത്തികൾ വിട്ട് ഒന്നിപ്പിക്കുന്നു. അങ്ങിനെ രാഷ്ട്രങ്ങളെ അപ്രസക്തമാക്കിക്കൊണ്ട് ആഗോള ഗ്രാമം അഥവാ അന്തർദേശീയ മനുഷ്യസമൂഹം രൂപംകൊള്ളുകയാണ്.

വാസ്തവത്തിൽ അല്ലാഹു ഉദ്ദേശിക്കുന്ന ഒരു ആഗോള സമൂഹത്തിന്റെ സാങ്കേതികവും ഘടനാപരവുമായ

*(ശേഷം 34-ാം പേജിൽ)*

ഇവിടെ രാഷ്ട്രം പരാജയപ്പെടുകയും അഹ്മദിയ്യാ ഖലീഫ വിജയിക്കുകയും ചെയ്യുന്നു.

ഭാവിലോകത്തിന്റെ എല്ലാ പ്രശ്നങ്ങളും ലോകരാഷ്ട്രങ്ങൾ സഹകരിച്ചെങ്കിൽ മാത്രമേ പരിഹരിക്കപ്പെടൂ. പരമാധികാരങ്ങൾ പങ്കുവെച്ചും പരസ്പരം കരാറുകളിലേർപ്പെട്ടു കൊണ്ടേ ലോകവികസനം ഇനി സാധ്യമാകൂ. ഉദാഹരണത്തിന് ആഗോളതാപനത്തിന് കാരണമാകുന്ന മലിനീകരണ വാതകങ്ങൾ ഒരു രാജ്യം ഉല്പാദിച്ചാൽ അതിന്റെ പ്രത്യാഘാതങ്ങൾ ലോകം മുഴുവനും അനുഭവിക്കുന്നു. ഒരു രാജ്യത്തെ സമാധാനാവശ്യങ്ങൾക്ക് വേണ്ടിയുള്ള ന്യൂക്ലിയർ റിയാക്ടർ പൊട്ടിത്തെറിച്ചാൽ മറ്റു രാജ്യങ്ങളിലും അതിന്റെ അണുപ്രസരണമേൽക്കുന്നു. ഞൊടിയിടക്കുള്ളിൽ രാജ്യാതിർത്തി കടക്കുന്ന മിസൈലുകൾ ഒരു രാജ്യം നിർമ്മിക്കുമ്പോഴും ന്യൂക്ലിയർ പരീക്ഷണങ്ങളും മറ്റു രാജ്യങ്ങൾക്ക് ആശങ്കയുണ്ടാക്കുന്നു. അതുപോലെ ഈയിടെ വാർത്താ പ്രാധാന്യം നേടിയ രോഗാണുവാഹികളായ പക്ഷികളുടെ ദേശാന്തരഗമനങ്ങളെ പറ്റി ജാഗ്രതപ്പെടാനും സുനാമിപോലെയുള്ള പ്രകൃതി ദുരന്തങ്ങളെ നേരിടാനും മുന്നറിയിപ്പ് നൽകാനും ആഗോള സഹകരണത്തിന് മനുഷ്യരാശിയെ നിർബന്ധിതരാക്കുന്ന ഭൗതിക സാഹചര്യങ്ങളാണ്.

കോർപറേറ്റ് മുതലാളിത്വം, അമേരിക്കയുടേയും മറ്റ് സാമ്രാജ്യത്വ ശക്തികളുടേയും നേതൃത്വത്തിൽ നടപ്പാക്കുന്ന ആഗോളീകരണം (Globalisation) അന്തർദേശീയ സമൂഹത്തിന്റെ രൂപീകരണമായി നാം തെറ്റിദ്ധരിക്കരുത്. ശാസ്ത്ര സാങ്കേതിക ശക്തികൾ ഉപയോഗിച്ച് മൂലധനമിറക്കി ദരിദ്രലോകത്തെ ചൂഷണം ചെയ്യുകയാണ് അവർ ചെയ്യുന്നത്. ഇത് മഹാന്മാർ സ്വപ്നം കണ്ട ഏകലോകത്തിന്റെയും അന്തർദേശീയതയുടെയും തത്വങ്ങൾക്കെതിരാണ്. ഇവരുടെ ആഗോളീകരണം നാശത്തി

രാഷ്ട്രങ്ങൾ അതിന്റെ വൻമതിലുകളിൽ ബന്ധിച്ചുനിർത്തിയിരിക്കുകയാണ്. ആ വൻമതിലുകൾ പൊളിയുന്ന കാഴ്ചയാണ് നാം കാണുന്നത്. അതിർത്തികളിൽ മുള്ള്‌വേലികളിൽ കെട്ടിയും സായുധ സേനയെ വിന്യസിച്ചും തുറമുഖങ്ങളിൽ കർശനമായ കടിയേറ്റ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയും ജനങ്ങളുടെ മേൽ പരമാധികാരത്വം ചമഞ്ഞിരുന്ന രാഷ്ട്രങ്ങളെ ആധുനിക വിവര സാങ്കേതിക വിദ്യയും വാർത്താ വിനിമയ മാധ്യമങ്ങളും അതിവേഗ ഗതാഗതവും അന്തർദേശീയ കരാറുകളും സഹകരണങ്ങളും അതിർത്തികളിൽ നിന്നു ദുർബലപ്പെടുത്തി ഇല്ലാതാക്കിക്കൊണ്ടിരിക്കുകയാണ്. അങ്ങിനെ പ്രവചിതമായ അന്തർദേശീയ മാനവ സമൂഹം ഉടലെടുക്കുകയാണ്. ഖുർആൻ പറയുന്നു.

*(വിഭിന്ന ദേശീയരായ) മനുഷ്യർ ഒരുമിച്ചു കൂടപ്പെടുമ്പോൾ (81:8) എന്നാൽ നാം ഭൂമിയിൽ വന്ന് അതിന്റെ നാനാഭാഗങ്ങളിൽ നിന്നും ചുരുക്കികൊണ്ടുവരുന്നത് ഇവർ കാണുന്നില്ലേ? അപ്പോൾ ഇവരാണോ വിജയികൾ. (21:45)*

വാർത്താ വിനിമയ മാധ്യമങ്ങൾ, വിവര സാങ്കേതിക വിദ്യ, ഇന്റർനെറ്റ് ഇവയിലൂടെ പ്രക്ഷേപണം ചെയ്യപ്പടുന്ന തരംഗങ്ങൾ രാഷ്ട്രാതിർത്തികളെ ദുർബലമാക്കി ജനസമൂഹങ്ങളെ ഒന്നിപ്പിക്കുന്നു. ഒരുദാഹരണം നോക്കുക. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെ പാകിസ്താനിലെ സ്വേഛാധിപത്യം പ്രചാരണ സ്വാതന്ത്ര്യമനുവദിക്കാതെ നിരോധനമേർപ്പടുത്തുകയും അഹ്മദിയ്യാ ഖലീഫയെ പാകിസ്താൻ വിടാൻ നിർബന്ധിതനാക്കുകയും ചെയ്തു. എന്നാൽ MTA എന്ന അഹ്മദിയ്യാ ചാനൽ വഴി പട്ടാള മതരാഷ്ട്രത്തിന്റെ വ്യോമമണ്ഡലത്തിലൂടെ അദൃശ്യതരംഗങ്ങളായി ഓരോ വീടുകളിലെയും ടി.വി.സ്വീകരണികളിലൂടെ അഹ്മദിയ്യാ ഖലീഫ പാകിസ്താനിലെ അഹ്മദികളുടെ വീടുകളിലെത്തുന്നു.

ലേഖനം

# ദൈവം സർവ്വ വ്യാപിയല്ലേ?

എൻ. അബ്ദുർറഹീം

**അല്ലാഹു സർവ്വ വ്യാപിയാണ്. അവനെപ്പോലെ യാതൊരു വസ്തുവുമില്ല. അല്ലാഹുവിന്റെ സത്തയെ ഗുണത്തിൽ നിന്നും വേർപെടുത്താൻ സാധ്യമല്ലെന്നിരിക്കെ അവൻ എല്ലാവസ്തുക്കളേയും വലയം ചെയ്യുന്നു.**

ഇസ്ലാം സായീദർശനം' എന്ന തലക്കെട്ടിൽ പി. പി. അബ്ദുർറഹ്മാൻ പെരിങ്ങാടി 'മാതൃഭൂമി ആഴ്ചപ്പതിപ്പി'ൽ (ലക്കം 47) എഴുതിയ കുറിപ്പിൽ അല്ലാഹു സർവ വ്യാപിയാണെന്ന ആശയം ഇസ്ലാമികമല്ലെന്നു പ്രസ്താവിച്ചത് അങ്ങേയറ്റം അബദ്ധപൂർണവും തെറ്റിദ്ധാരണ പരത്തുന്നതുമാകുന്നു. ദൈവത്തെ സംബന്ധിച്ച എന്തെങ്കിലും ധാരണ പുലർത്തുന്ന എല്ലാവരും തന്നെ ഒരു പോലെ പുലർത്തുന്ന വിശ്വാസമാണ് ദൈവം സർവ്വശക്തനും (Omnipotent) സർവജ്ഞനും (Omniscient) സർവ്വവ്യാപിയും (Omnipresent) ആണെന്നത്. ദൈവത്തിന്റെ ഗുണങ്ങൾ (Attributes) എല്ലാംതന്നെ പരസ്പര സംപൃക്തകളും ഒറ്റയായി നിലനിൽപ്പില്ലാത്തതു മത്രെ. സർവ്വശക്തനല്ലാത്ത ദൈവത്തെ സർവ്വജ്ഞനോ സർവ വ്യാപിയോ ആയി സങ്കല്പിക്കാനാവില്ല; മറിച്ചും തന്നെ. സർവ്വ വ്യാപിയല്ലെങ്കിൽ അവൻ സർവ്വശക്തനും സർവ്വജ്ഞനുമാണെന്നും സ്ഥാപിക്കാനാവില്ല.

ഈസാനബി (അ) മരിക്കാതെ ആകാശത്തിൽ ജീവിച്ചിരിക്കുന്നുണ്ടെന്ന വിശ്വാസത്തെ ന്യായീകരിക്കാൻ പടച്ചുണ്ടാക്കിയ ദർശനാഭാസത്തിന്റെ അടിസ്ഥാനത്തിലാണ് ദൈവം സർവ വ്യാപിയല്ലെന്നത് ഇസ്ലാമിലെ ഒരു പ്രമാണ വിശ്വാസമെന്നോണം എഴുന്നള്ളിക്കുന്നതെന്നു വേണം കരുതാൻ! ഈസാനബി (അ)-യേശുക്രിസ്തു-കുരിശിൽ മരിച്ചിട്ടില്ലെന്നും അദ്ദേഹത്തെ ദൈവം 'അവങ്കലേയ്ക്ക് ഉയർത്തി' എന്നും ഖുർആൻ പറയുന്നുണ്ട്. (4:157). ഇവിടെ ഉയർത്തൽ സ്ഥാലികമാണെന്നു വരുത്തുമ്പോൾ ദൈവത്തിന് ഒരു സ്ഥൂലരൂപവും ഇരിപ്പിടവും സങ്കല്പിക്കേണ്ടിവരും. സ്ഥൂലശരീരത്തോടെയാണല്ലോ ഈസാനബിയെ ഉയർത്തിയിരിക്കുന്നത്. അവിടെ അല്ലാഹുവിന്റെ തട്ടകത്തിൽ (അർശ്) ഇരിക്കാനൊരു മരക്കസേരയും (കുർസി) വിരിക്കേണ്ടിവന്നിരിക്കും. "ബർറഫഅല്ലാഹു ഇലൈഹി" (എന്നാൽ, അല്ലാഹു അദ്ദേഹത്തെ തന്നിലേക്ക് ഉയർത്തി) എന്നു പറഞ്ഞതിനു പ്രത്യക്ഷാർത്ഥം നൽകിയപ്പോൾ, ഉയർത്തൽ സ്ഥാനികവും ആത്മീയവും ആണെന്നു ചിന്തിക്കാൻ കഴിയാതെ പോയി! ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം അവർ ക്രിസ്തുവിൽ ദൈവാംശം അധ്യാരോപിച്ചിരിക്കയാൽ അവരുടെ സ്വർഗാരോഹണ സിദ്ധാന്തത്തിന് അല്പം യുക്തിപരത അവർക്ക് അവകാശപ്പെടാൻ കഴിയും. എന്നാൽ, ശുദ്ധ തൗഹീദ് വാദികൾക്ക് ഇതെങ്ങനെ അംഗീകരിക്കാനാകും!

'തൂക്കപ്പെട്ടവൻ ശപിക്കപ്പെട്ടവൻ' എന്ന വേദോക്തി പ്രകാരം യേശു കുരിശിന്മേൽ തൂങ്ങിമരിക്കുകയും നരക ഗർത്തത്തിന്റെ അടിത്തട്ടിൽ ആപതിച്ചു ശപ്തനാകയും ചെയ്തു എന്ന ജൂതവാദത്തെ - (ഇത് ക്രൈസ്തവ മണ്ഡലം സമ്മതിച്ചുകൊടുത്തിട്ടുണ്ട് ) ഖണ്ഡിച്ചു കൊണ്ടാണ് യേശു കൊല്ലപ്പെടുകയോ, കുരിശിൽ വച്ചു കൊലപ്പെടുത്തപ്പെടുകയോ ചെയ്തിട്ടില്ലെന്നും യേശുവിനെ ദൈവം തന്നിലോളം ഉയർത്തി പൂജനീയനാക്കുകയാണു ചെയ്തതെന്നും ദൈവം ഖുർആനിൽ പ്രസ്താവിച്ചത് (4:157). ഈ ഉയർത്തൽ സ്ഥാനികമല്ലെങ്കിൽ, അതായത് ആത്മീയപദവിയുടെ ഉയർത്തലല്ലെങ്കിൽ ഖുർആനിക വചനം അപ്പാടെ അർത്ഥശൂന്യ

മായിത്തീരുകയും തൗഹിദ് സങ്കല്പങ്ങൾ തകർന്നു താറുമാറാകയും ചെയ്യും.

അല്ലാഹുവിന്നു ഒരു പ്രത്യേക സ്ഥാനമില്ല. 'അർശ്' (ഇരിപ്പിടം) എന്നും 'കുർസി' (സിംഹാസനം) എന്നും പറയുന്നത് ആലങ്കാരികമായ ഭാവനാ പ്രയോഗങ്ങളാണ് . ദൈവം അരൂപിയും അദൃശ്യനുമായിരിക്കയാൽ അവന്റെ 'സിഫത്തു'കളെ (ഗുണങ്ങളെ) മനുഷ്യർക്ക് അവധാര്യമായ സമാന ശബ്ദങ്ങളിൽ നിർവചിക്കുന്നു എന്നു മാത്രമേയുള്ളൂ. ദൈവത്തിന്റെ ഒരു ഗുണത്തെയും മാനുഷിക വ്യവഹാരങ്ങളുമായി താദാത്മ്യപ്പെടുത്താനാവില്ല. "ലൈസ കമിസിലിഹീ ശൈയ്യൂൻ" (അവനെപ്പോലെ യാതൊന്നും തന്നെയില്ല) എന്നു ഖുർആൻ പറയുന്നു.

സർവ്വ വ്യാപി എന്നു പറയുമ്പോൾ പൂജിക്കപ്പെടുന്ന വസ്തുക്കളിലെല്ലാം ദൈവം കുടികൊള്ളുന്നു എന്നും സൃഷ്ടിപൂജ ശരിയാണെന്നും വരുമെന്ന ലേഖകന്റെ നിഗമനവും ശരിയല്ല. പദാർത്ഥവും പ്രപഞ്ചവും ദൈവത്തിന്റെ ഭാഗമാണെന്നാണ് അദ്വൈത സങ്കല്പം. സ്രഷ്ടാവും സൃഷ്ടിയും വ്യത്യസ്ത ഉണ്മകളാണെന്ന് അദ്വൈതവാദികൾ വിശ്വസിക്കുന്നില്ല. മറിച്ചു, സൃഷ്ടിയും സ്രഷ്ടാവും ഒന്നു തന്നെയാണെന്നാണ് അവർ സിദ്ധാന്തിക്കുന്നത്. അവ അഭിന്നമായിരിക്കുമ്പോൾ വസ്തുവിൽ വ്യാപരിക്കുന്നു എന്നുവരില്ല. വസ്തുതന്നെയാണ് ദൈവം.

ഗ്രീക്കു പുരാണങ്ങളിലെ സങ്കല്പ ദൈവം സത്തയിൽ അങ്ങൊരിടത്ത് നിലകൊള്ളുകയും ദൈവത്തിന്റെ ഗുണങ്ങൾ എല്ലായിടത്തും വ്യാപിക്കുകയും ചെയ്യുന്നു. ഈ ഭാവനയും ഇസ്ലാമികമല്ല. അതായത് ദൈവത്തിന്റെ ജ്ഞാനമാണ് സർവ്വത്ര വ്യാപിച്ചിരിക്കുന്നതെന്നും സത്ത അല്ല എന്നും അവർ സിദ്ധാന്തിക്കുന്നു. എന്നാൽ, ദൈവവും അവന്റെ ഗുണങ്ങളും അഭിന്നങ്ങളായിരിക്കയാൽ ഗുണങ്ങൾ ഉള്ളേടത്ത് സത്തയും സത്തയുള്ളേടത്ത് ഗുണങ്ങളും ഉണ്ടായിരിക്കണം. സത്തയുടെ സൽഭാവം അറിയുന്നത് ഗുണങ്ങളിലൂടെയാണ്. ദൈവത്തിന്റെ അമൂർത്തങ്ങളായ ഗുണങ്ങൾ പോലെതന്നെ അമൂർത്തമായ സത്തയും അരൂപവും അദൃശ്യവുമാകുന്നു. 'നൂർ' അഥവാ, പ്രകാശം ദൈവത്തിന്റെ ഒരു 'സിഫത്ത്' (ഗുണം) ആണ്. എന്നാൽ, 'നൂർ' തന്നെയാണ് ദൈവം. 'അല്ലാഹു നുറുസ്സമാവാത്തിവൽ അർസ്.'

പിന്നെ, 'കാനല്ലാഹു ബികുല്ലി ശയ്യിൻ മുഹീത്താ'(അല്ലാഹു സകല വസ്തുക്കളെയും വലയം ചെയ്തിരിക്കുന്നു) എന്നും ഖുറാനിൽ പറഞ്ഞിട്ടുണ്ട്. 'കുല്ലുശയ്യിൻ' എന്നതിൽ പരമാണുക്കളും സൂക്ഷ്മകണങ്ങളും ഉൾപ്പെടുന്നു. പരമാണു ഊർജമായി മാറുമ്പോൾ ആ ഊർജത്തെയും അല്ലാഹു വലയം ചെയ്യുന്നു. സൂക്ഷ്മാണുകണത്തെയും അഖിലാണ്ഡകോടി ബ്രഹ്മാണ്ഡങ്ങളെയും അവൻ ചുറ്റിയിരിക്കുന്നു. ആ വലയം എങ്ങനെയുള്ളതാണെന്നും അല്ലാഹു പറഞ്ഞുതന്നിട്ടില്ല. നമുക്ക് അതറിയാനും വയ്യ. മനുഷ്യശരീരത്തിന്റെ പുറത്തും അകത്തും റേഡിയേഷൻ ഉണ്ട്. അദൃശ്യമായ അതിന്റെ രൂപപ്രഭാവങ്ങൾ നാമറിയുന്നില്ല അങ്ങനെയിരിക്കെ ദൈവം എല്ലാ വസ്തുക്കളെയും ചുറ്റിയിരിക്കുന്നത് എങ്ങനെയെന്നു നാം അറിഞ്ഞുകൊള്ളണമെന്നില്ല.

അല്ലാഹു എല്ലായിടത്തും ഉണ്ട് എന്ന അർത്ഥത്തിൽ അവൻ സർവ്വവ്യാപി തന്നെയാണ്. അകാശത്തിന്റെ അനന്തതകളിൽ അവൻ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു എന്നല്ല സർവ്വവ്യാപി എന്നതിന്നർത്ഥം. അല്ലാഹു വിസ്തൃതൻ അഥവാ വിശാലൻ (വാസിഅ്) ആണെന്നു ഖുർആൻ പറയുന്നു. ആ വിസ്തൃതി സർവ്വ വ്യാപകമല്ലേ? അതിന്നു പരിമിതിയുണ്ടോ? അല്ലാഹു സർവസാക്ഷി (ശാഹിദ്) ആണെന്നും കേൾക്കുന്നവനും (ബസീർ) ആണെന്നും ഖുർആൻ പറഞ്ഞിട്ടുണ്ട്. ഈ ഗുണങ്ങളെല്ലാം അറ്റം പെടാത്ത വിധം അതിവർത്തിക്കുമ്പോൾ സർവ വ്യാപകവും അവയുടെ കർത്താവ് സർവ വ്യാപിയും തന്നെയായിരിക്കും. അല്ലാഹുവിന്റെ ഗുണങ്ങൾ (സിഫത്തുകൾ) അവനിൽ നിന്നു അന്യമായും ഭിന്നമായും സങ്കല്പിക്കുമ്പോൾ ആ 'സിഫത്തു'കൾ ഇല്ലാത്തതാണെന്നും അപ്പോൾ അല്ലാഹു തന്നെ ഇല്ലാത്തതാണെന്നുമുള്ള യുക്തിപരമായ ദുർഗമസന്ധിയിൽ (Logical impasse) എത്തിച്ചേരേണ്ടിവരും. അല്ലാഹു സർവവ്യാപിയല്ലെങ്കിൽ അവൻ സീമിതനും ഒരിടത്തു ഉപസ്ഥിതനും ആണ് എന്ന് വരുന്നതുമാണ്. അല്ലാഹു ഇല്ലാത്ത ഇടവും കാലവും ഏതാണ് എന്നു പറഞ്ഞുതരാനാകുമോ?

ദൈവവും പ്രപഞ്ചവും തമ്മിലുള്ള ബന്ധം ജീവനും ശരീരവും തമ്മിലുള്ള ബന്ധത്തിനു സദൃശ്യമാകുന്നു. ശരീരത്തിൽ ജീവൻ വ്യാപിച്ചുകിടക്കുന്നു. ജീവൻ ഹൃദയത്തിലോ മസ്തിഷ്കത്തിലോ ഒരു പ്രത്യേക സ്ഥാനത്ത് നിലകൊള്ളാതെ എല്ലാ കോശങ്ങളിലും അദൃശ്യമായി വ്യാപിച്ചുകിടക്കുന്നു. ജഡവും ജീവനും വ്യത്യസ്ത സ്വഭാവങ്ങളോടുകൂടിയതാണെങ്കിലും ജീവൻ ജഡത്തിന്നതീതമായി, സ്വതന്ത്രമായി, ജഡവുമായി കൂടിപ്പിരിയാതെ വേർതിരിഞ്ഞു തന്നെ പ്രതിഭാസിക്കുന്നു. ശരീരം കൊത്തിമുറിച്ചു അണുകണങ്ങളാക്കി വിഛേദിച്ചാലും ജീവനെ കണ്ടെത്താൻ സാധ്യമല്ല. എന്നുവെച്ച് ജീവൻ ഇല്ലാത്തതാണെന്നു വരുമോ? ദൈവം സർവവ്യാപിയാണെങ്കിൽ പ്രപഞ്ചത്തിൽ ദൈവം നിറഞ്ഞു നിൽക്കുന്നുവെങ്കിൽ പ്രപഞ്ചം തന്നെ ദൈവമെന്നു പറഞ്ഞുകൂടെ എന്ന ചോദ്യവും അസംബന്ധമാണ്. അങ്ങ നെ പറയാമെങ്കിൽ ശരീരം തന്നെയാണ് ജീവൻ എന്നും പറയാമല്ലോ. മനുഷ്യശരീരം സൂക്ഷ്മപ്രപഞ്ചം (Epitome of the world) ആണെന്നു സൂഫികൾ പറഞ്ഞുപോന്നിട്ടുള്ളത് ഈ കാഴ്ചപ്പാടിലാണ്.

# മതസ്വാതന്ത്ര്യവും ശിക്ഷാ നിയമവും

എ. പി. കുഞ്ഞാമു

**മിഷനറി സ്വഭാവമുള്ള ഇസ്‌ലാമിനെ പോലെയുള്ള ഒരു മതം, മതപരിത്യാഗിയെ കൊല്ലുമെന്ന് പറയുന്നത് നീതിയല്ല. ഖുർആന് വിരുദ്ധമായ ഭീകരവാദമാണത്. ഖുർആന്റെ സ്വാതന്ത്ര സങ്കല്പം ഇന്ന് പുലരുന്നത് ക്രിസ്ത്യൻ നാടുകളിലാണ്. മുസ്‌ലിം രാജ്യങ്ങളിലല്ല.**

*'മോഷ്ടിക്കുന്നവനും, മോഷ്ടിക്കുന്നവളും അവർ രണ്ടു പേരും പ്രവർത്തിച്ച (കുറ്റത്തിന്) പകരം അല്ലാഹുവിൽ നിന്നുള്ള ശിക്ഷയായി നിങ്ങൾ അവർ രണ്ടുപേരുടെയും കൈകൾ ഛേദിക്കുക'. (5:39).* എന്ന ഖുർആൻ വചനത്തെ വ്യാഖ്യാനിച്ചുകൊണ്ട് വിശ്വപ്രശസ്ത നിയമജ്ഞനും വിശുദ്ധഖുർആൻ പരിഭാഷകനുമായ സർ സഫറുല്ലാഹ്ഖാൻ സാഹിബ് നൽകിയ വ്യാഖ്യാനം കഴിഞ്ഞ ലക്കത്തിൽ പ്രതിപാദിച്ചുവല്ലോ. 'കരങ്ങൾ ഛേദിക്കുക' എന്നത് കഴിവിനെ പരിമിതപ്പെടുത്തുക എന്ന തത്ത്വപരമായ നിർദ്ദേശമായാണ് ഖുർആൻ പറയുന്നത്. ശിക്ഷയുടെ വിശദാംശമോ രീതിയോ അല്ല ഇവിടെ പറഞ്ഞിരിക്കുന്നത്. അതാതുകാലത്തുള്ള കോടതികളും നീതി വ്യവസ്ഥകളും. വൈയക്തികമായി ഓരോ സന്ദർഭങ്ങളും സാഹചര്യങ്ങളും നോക്കി കളവിനുള്ള കഴിവിനെ ഇല്ലാതാക്കുന്ന ശിക്ഷാ നടപടികൾ സ്വീകരിക്കാം. ഉദാഹരണത്തിന് വിശന്നു വലഞ്ഞ ഒരാൾ കുറച്ച് ഭക്ഷണം മോഷ്ടിച്ചാൽ അതിനുള്ള ശിക്ഷ കരം ഛേദിക്കലാണോ? വാസ്തവത്തിൽ ശിക്ഷയേക്കാൾ കവിഞ്ഞ് ആ ദരിദ്രന് മോഷ്ടിക്കേണ്ടിവന്ന സാഹചര്യം ഇല്ലാതാക്കുകയാണ് നീതിപീഠങ്ങൾ അയാൾക്ക് വേണ്ടി ചെയ്യേണ്ടത്. 'കരങ്ങൾ ഛേദിക്കുക' എന്ന അർത്ഥം ഇപ്രകാരം ആ കുറ്റവാളിയിൽ പ്രാവർത്തികമാക്കാം. വിശ്വപ്രസിദ്ധ നായ വിക്റ്റർ ഹ്യൂഗോയുടെ 'പാവങ്ങൾ' എന്ന നോവലിലിലെ ജീൻ വാൽജീന്റെ കഥ ഉദാഹരണം. ദാരിദ്ര്യം കൊണ്ട് വിശപ്പടക്കാൻ ഒരു അപ്പക്കഷ്ണം മോഷ്ടിച്ചതിന് ജീവിതത്തിന്റെ വലിയൊരു ഭാഗം ജയിലഴികളിൽ കഴിച്ചുകൂട്ടാൻ വിധിക്കപ്പെട്ട ജീൻ വാൽജീൻ എന്ന ഹതഭാഗ്യന്റെ കഥയെ ഇതിവൃത്തമാക്കിയുള്ള മനോഹരമായ ഒരു നോവലാണത്. അതുപോലെ സ്ഥിരം കളവ് നടത്തുന്ന കള്ളന്മാർക്ക് (Habitual robbers) കഠിനമായ ശിക്ഷ നൽകി സമൂഹത്തെ രക്ഷപ്പെടുത്തേണ്ടതുണ്ട്. അത്തരം കള്ളന്മാരുടെ കാര്യത്തിൽ ജയിലിലടക്കുകയോ ശാരീക പീഡന മേൽപ്പിക്കലോ ആണ് 'കരം ഛേദിക്കുക' അഥവാ 'കളവിനുള്ള കഴിവിണ പരിമിതപ്പെടുത്തുക' എന്നതിന്റെ താല്പര്യം - പണ്ടു കാലത്ത് കരം ഛേദിക്കൽ ശിക്ഷ നടത്തിയിട്ടുണ്ടാകാം. അന്നത്തെ സാമൂഹിക പരിതസ്ഥിതികളും നീതിന്യായ സമ്പ്രദായങ്ങളുമാണ് അതിന് ഉത്തരം പറയേണ്ടത്. എക്കാലത്തും എല്ലാ പരിത:സ്ഥിതിയിലും അത്തരം ശിക്ഷ നൽകണം എന്ന് പറയുന്നത് ഇസ്‌ലാമികാദൃഷ്ട്യാ ശരിയല്ല.

മറ്റൊരു ശിക്ഷ മതപരിത്യാഗിയെ വധിക്കലാണ്. ആ ശിക്ഷ വിശുദ്ധ ഖുർആന്റെ പാഠത്തിന് എതിരാണ്. ഇസ്‌ലാം പ്രചരണ സ്വഭാവമുള്ള ഒരു മിഷനറി മതമാണ്. പ്രബോധന വേളയിൽ അതു സത്യമാണെന്ന് ബോദ്ധ്യം വന്ന ഒരാൾ അതു സ്വീകരിക്കും. അതായത് മുസ്‌ലിം ആകും. അത് മഹത്തായ ഒരു കാര്യമായി മുസ്‌ലിംകൾ വിശ്വസിക്കുന്നു. അതേപോലെ മറ്റു മതസ്ഥർ വിശിഷ്യാ ക്രിസ്ത്യാനികൾ അവരുടെ പ്രബോധനം വഴി അവരുടെ മതത്തെ വ്യാപിപ്പിക്കാൻ ശ്രമിക്കുന്നവരാണ്. ഒരു മുസ്‌ലിം അവരുടെ പ്രഭാഷണത്തിൽ ആകൃഷ്ടരായി ക്രിസ്തുമതം സ്വീകരിച്ചാൽ അതു ഒരു മുസ്‌ലിം വകവെച്ചു കൊടുക്കണം. അതാണ് നീതിയും ന്യായവും ആവശ്യപ്പെടുന്നത് വിശുദ്ധ ഖുർആനിൽ അല്ലാഹുവിന്റെ വിശേഷണം തന്നെ വിധി

കർത്താക്കളിൽ ഏറ്റവും ഉത്തമൻ എന്നുവരുമ്പോൾ ആ വിധികർത്താവ് മനുഷ്യർക്കായി ഇറക്കിയ വിശുദ്ധ ഖുർആനിൽ നീതിക്കെതിരായി ഇസ്‌ലാം മതത്തിൽ നിന്ന് ഒരാൾ മറ്റു വല്ല മതവും ആശ്ലേഷിച്ചാൽ അവനെ വക വരുത്തണമെന്ന ഒരു കല്പന ഉണ്ടാകാൻ പാടില്ലെന്നു മനസ്സാക്ഷി ആവശ്യപ്പെടുന്നു. വാസ്തവത്തിൽ അങ്ങനെ ഒരു കല്പന ഇല്ലതന്നെ. സൂറ: ആലുഇംറാൻ 91-ാം വചനത്തിൽ *ഇങ്ങനെ പറയുന്നു."സത്യവിശ്വാസം കൈകൊണ്ടതിന് ശേഷം അവിശ്വസിക്കുകയും പിന്നെ അവിശ്വാസത്തിൽ മുന്നേറുകയും ചെയ്തവർ. അവരുടെ പശ്ചാത്താപം ഒരിക്കലും സ്വീകരിക്കപ്പെടുകയില്ല. അവർ വഴി പിഴച്ചവർ തന്നെയാണ്"* (3:91) ഇവിടെ അവിശ്വാസം സ്വീകരിച്ചാൽ ഉടനെ കൊല്ലുകയാണെങ്കിൽ പിന്നെ പശ്ചാത്താപത്തിന്റെ പ്രശ്നമേ ഉദിക്കുന്നില്ല. അപ്പോൾ മതത്തിൽ നിന്ന് പുറത്തുപോയവരെ കൊല്ലാനുള്ള കല്പന വിശുദ്ധ ഖുർആനിലില്ല. സൂറ: അന്നിസാഅ് 138 ൽ ഇങ്ങനെ വായിക്കാം *"വിശ്വസിക്കുകയും പിന്നീട് അവിശ്വസിക്കുകയും പിന്നെയും വിശ്വസിക്കുകയും പിന്നെയും അവിശ്വസിക്കുകയും പിന്നീട് അവിശ്വാസം വർദ്ധിക്കുകയും ചെയ്തവരാരോ അവർക്ക് അല്ലാഹു ഒരിക്കലും പൊറുത്തു കൊടുക്കുകയില്ല. അവർക്ക് അവൻ മോക്ഷമാർഗം കാണിച്ചുകൊടുക്കുകയുമില്ല."* ഈ വചനത്തിൽ നിന്നും മതപരിത്യാഗിയെ കൊല്ലാനുള്ള കല്പന വിശുദ്ധഖുർആനിൽ ഇല്ലെന്ന് തെളിയുന്നു. മതപരിത്യാഗം ചെയ്ത ഒരാളെ കൊന്നുകളഞ്ഞാൽ അദ്ദേഹത്തിന് രണ്ടാമത് വിശ്വസിക്കാനുള്ള അവസരം എവിടെ? ഇവിടെയാണെങ്കിൽ വിശ്വസിക്കുകയും അവിശ്വസിക്കുകയും പിന്നേയും വിശ്വസിക്കുകയും പിന്നേയും അവിശ്വസിക്കുകയും ചെയ്താലുള്ള ദൈവിക ശിക്ഷയെക്കുറിച്ചാണ് പറയുന്നത്. ഇതുകൂടാതെ വിശുദ്ധ ഖുർആന്റെ പ്രകടമായ തത്വം" ലാ ഇക് റാഅ ഫിദ്ദീൻ മതത്തിൽ യാതൊരു ബലാൽക്കാരവുമില്ല എന്നുവരുമ്പോൾ വിശ്വാസം നഷ്ടപ്പെട്ട ഒരാളെ കൊല്ലുമെന്ന് പറഞ്ഞ് പിന്തിരിപ്പിക്കാൻ ആർക്കാണ് അധികാരമുള്ളത്. ഇസ്‌ലാമിൽ നിന്ന് ഒരാൾ അന്യ മതം സ്വീകരിച്ചാൽ അദ്ദേഹത്തെ കൊല്ലുമെങ്കിൽ ഇതേ തത്വം മറ്റു മതസ്ഥർക്കും ഇസ്‌ലാമിനെതിരിലും പ്രയോഗിക്കാമായിരുന്നു. മിഷനറി പ്രവർത്തനത്തെ അംഗീകരിക്കുന്ന ഒരു മതത്തിനും ഇത്തരം ജുഗുപ്സാഹമായ ഒരു തത്വം അംഗീകരിക്കാൻ സാദ്ധ്യമല്ല. ഇത്തരം കാര്യങ്ങളിൽ മുസ്‌ലിം രാഷ്ട്രങ്ങൾ എല്ലാം തന്നെ കാടൻ നിയമങ്ങളാണ് വെച്ചു പുലർത്തുന്നത്. മിക്ക മുസ്‌ലിം രാഷ്ട്രങ്ങളിലും മത പ്രചാരണത്തിനുള്ള സ്വാതന്ത്ര്യമില്ല. എന്നാൽ ക്രിസ്തീയ നാടുകളിൽ ഏതു ജാതി മതക്കാർക്കും പ്രബോധിക്കാനും അവരവരുടെ വിശ്വാസപ്രകാരം ജീവിക്കാനുമുള്ള സ്വാതന്ത്ര്യവുമുണ്ട്. വാസ്തവത്തിൽ ഇതു ഒരു വിധി വൈപരീത്യമാണ്. വിശ്വാസ കാര്യങ്ങളിലും മറ്റു മത പ്രബോധന കാര്യങ്ങളിലും അഭിപ്രായ പ്രകടന സ്വാതന്ത്ര്യം പരമ പ്രധാനമായി കാണുന്ന ഇസ്‌ലാം ഒരു ഭാഗത്തും ഈ മുസ്‌ലിം രാഷ്ട്രങ്ങളുടെ അനിസ്‌ലാമിക പ്രവണത മറ്റൊരു വശത്തും. ഈ അടുത്ത് അഫ്ഗാനിസ്ഥാനിൽ നടന്ന സംഭവം വളരെ അധികം ചിന്തിക്കേണ്ട ഒരു കാര്യമാണ്. ഇസ്‌ലാമിനെ ആഗോളാടിസ്ഥാനത്തിൽ തൊലിയുരിച്ചു കാണിക്കാൻ ശ്രമിക്കുന്ന സാമ്രാജ്യ ശക്തികൾക്ക് ഇത്തരം സംഭവങ്ങൾ ഒരു നിധി വീണ് കിട്ടിയ മാതിരിയാണ്. 16 കൊല്ലം മുമ്പു ക്രിസ്തുമതം സ്വീകരിച്ച അബ്ദുറഹ്മാൻ സ്വദേശമായ അഫ്ഗാനിസ്ഥാനിൽ എത്തിയപ്പോൾ ഇസ്‌ലാം പരിത്യാഗി എന്ന നിലക്ക് അയാളെ കൊല്ലണം എന്ന നിയമമാണ് അദ്ദേഹത്തെ വരവേറ്റത്. അദ്ദേഹത്തെ മുല്ലമാരുടെ ശരീഅത്ത് കോടതി ജയിലിൽ അടച്ചു കൊല്ലുമെന്ന് കണ്ടപ്പോൾ ഭരണകൂടം ഇടപെട്ടു മതപരിവർത്തനം ചെയ്ത ആൾ മനോരോഗിയാണെന്ന് പറഞ്ഞു വെറുതെ വിടുകയാണുണ്ടായത്. അങ്ങനെ ഇസ്‌ലാമിന്റെ വിധി ബുഷിൽ നിന്നും അവർക്ക് സ്വീകരിക്കേണ്ടിവന്നു. വിശുദ്ധ ഖുർആൻ മറ്റൊരു സ്ഥലത്ത് ശത്രുക്കൾ കൂട്ടത്തോടെ രാവിലെ ഇസ്‌ലാമിൽ പ്രവേശിക്കുകയും നേരം ഇരുട്ടിയാൽ കൂട്ടത്തോടെ രാജി സമർപ്പിച്ചു തിരിഞ്ഞ് അവരുടെ പൂർവ്വമതങ്ങളിലേക്ക് പോവുകയും ചെയ്തിരുന്ന സംഭവം വിവരിക്കുന്നുണ്ട്. അവരെയാരേയും കൊല്ലാൻ ഖുർആൻ എവിടെയും പറഞ്ഞിട്ടില്ല.

ഇത് മറ്റൊരു കോണിൽ കൂടി നാം പരിശോധിക്കുമ്പോൾ വിശുദ്ധ ഖുർആൻ 26 ഓളം പ്രവാചകന്മാരുടെ വൃത്താന്തങ്ങൾ നമുക്ക് പറഞ്ഞു തരുന്നുണ്ട്. ഈ പ്രവാചകന്മാരെല്ലാം തന്നെ അന്ന് നിലവിലുള്ളവരുടെ വിശ്വാസത്തെ തിരുത്തി യഥാർത്ഥമായ വിശ്വാസം അവരിൽ പ്രബോധിക്കാൻ വന്നവരാണ്. തങ്ങളുടെ വിശ്വാസത്തിന്നെതിരിലുള്ള പ്രബോധനത്തെ അവർ സഹിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ പ്രവാചകന്മാരെയും അനുയായികളെയും കൊല്ലാൻ ശ്രമിക്കുകയും പലവിധ പീഡനങ്ങൾക്ക് വിധേയമാക്കുകയും ചെയ്തു. അപ്പോൾ നമ്മുടെ ഇന്നത്തെ മുസ്‌ലിം പണ്ഡിതന്മാരുടെ നിലവെച്ചു നോക്കുമ്പോൾ പ്രവാചക ശത്രുക്കളെ നമുക്ക് ന്യായത്തിന്റെ അടിസ്ഥാനത്തിൽ എങ്ങിനെ കുറ്റപ്പെടുത്താനാകും?

ശിക്ഷ നൽകുന്ന കാര്യത്തിൽ തിരുമേനി (സ.അ) തന്നെയും വളരെ മാനുഷിക പരിഗണന കാണിച്ചതായി ചരിത്രത്തിൽ നിന്നും മനസ്സിലാകുന്നു. ചില കർമ്മാനുഷ്ഠാനങ്ങളിൽ വരുന്ന വീഴ്ചകൾക്ക് ഇസ്‌ലാം ജനസേവനപരമായ ശിക്ഷയാണ് നൽകാറുള്ളത്. ചിലപ്പോൾ ഒരടിമയെ മോചിപ്പിക്കാനോ അല്ലെങ്കിൽ അഗതികൾക്ക് ആഹാരം നൽകാനും മറ്റുമായിരുന്നു ശിക്ഷ. ഒരവസരത്തിൽ ഒരു ഗ്രാമീണവാസി നോമ്പുനാളിൽ സ്വഭാ

ര്യയുമായി പകൽ സമയത്ത് വേഴ്ച നടത്തി. നോമ്പുകാലങ്ങളിൽ നോമ്പ് ഉള്ള അവസരത്തിൽ അത് പാടില്ലാത്ത കാര്യമാണ്. രാത്രി കാലങ്ങളിൽ അനുവദനീയവുമാണ്. താൻ ചെയ്ത തെറ്റിനെക്കുറിച്ച് കുറ്റബോധം തോന്നിയ ആ ഗ്രാമീണൻ വിവരം തിരുനബി (സ.അ) മിന്റെ തിരുസന്നിധിയിൽ ബോധിപ്പിച്ചു. അപ്പോൾ അവിടുന്ന് പ്രതിവചിച്ചു. നോമ്പു മാസം കഴിഞ്ഞാൽ രണ്ടു മാസം തുടർച്ചയായി നോമ്പനുഷ്ഠിക്കുക. ഇതു കേട്ടപ്പോൾ വളരെ വിഷമത്തോടെ ആ അറബി പറഞ്ഞു. ഹുസൂർ ഫറള് നോമ്പ് തന്നെ വളരെ കഷ്ടപ്പെട്ടാണ് ഞാൻ നിർവ്വഹിക്കുന്നത്. അതുകൊണ്ട് എനിക്കതിന് സാദ്ധ്യമല്ല. അപ്പോൾ തിരുമേനി പറഞ്ഞു. 15 അഗതികൾക്ക് ഭക്ഷണം നൽകണം. അപ്പോൾ അദ്ദേഹം പറഞ്ഞു. ഞാൻ തന്നെ വളരെ വിഷമിച്ചാണ് ജീവിക്കുന്നത്. അതും എനിക്ക് സാദ്ധ്യമല്ല. അപ്പോൾ തിരുമേനി (സ.അ) പറഞ്ഞു. അവിടെ അതാ 'കാരക്ക' അതിൽ ഒരു കുട്ട കാരക്ക കൊണ്ടുപോയി നിന്റെ സ്ഥലത്തുള്ള നിർദ്ധനായവർക്ക് ദാനം ചെയ്യുക. അപ്പോൾ അറബി പറഞ്ഞു. യാ റസുലല്ലാഹ്! ആ കാണുന്ന മലയിടുക്കിൽ എന്റെ അത്ര നിർദ്ധനനായി മറ്റാരും ഇല്ല. ഇതു കേട്ടപ്പോൾ തിരുമേനി (സ.അ) അണപ്പല്ലു പുറത്തു കാൺകെ ചിരിച്ചുകൊണ്ടു പറഞ്ഞു. എന്നാൽ അതുകൊണ്ടു പോയി നീയും ഭാര്യയും കുട്ടികളും തിന്നുകൊള്ളുക. ഈ രൂപത്തിലായിരുന്നു തിരുമേനിയുടെ ശിക്ഷണ സമ്പ്രദായം അത്രമാത്രം ആർദ്രത ഉള്ള മനുഷ്യനായിരുന്നു ആ മഹാത്മാവ്. റസൂൽ തിരുമേനി(സ)യുടെ ചരിത്രത്തിൽ യഹൂദികളുമായി മദീനായിൽ വെച്ചു ഒരു കരാർ ഉണ്ടായിരുന്നു. ഇബ്നു ഹിഷാമിന്റെ രിവായത്തിൽ ഈ മദീനാ കരാറിനെ പറ്റി വളരെ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അതിൽ പ്രധാനമായും എഴുതപ്പെട്ടത്. മദീന ജനങ്ങളെല്ലാം ഒരു സമൂഹമാണ്. ഇത് രാഷ്ട്രീയമായ വീക്ഷണമാണ്. അതിൽ എല്ലാവരും തുല്യപങ്കാളികളാണ്. മതത്തിന്റെ കാര്യത്തിൽ ഓരോരുത്തർക്കും അവരുടെ മതത്തിന്റെ വക്താക്കളാകാനും, അനുഷ്ഠാന കർമ്മങ്ങൾ നിർവ്വഹിക്കാനും അനുവാദമുണ്ടാകും. പുറമെ നിന്നു വല്ല അക്രമികളും അക്രമത്തിന് വരുകയാണെങ്കിൽ എല്ലാവരും ചേർന്നു അവരെ പ്രതിരോധിക്കേണ്ടതാണ്. ഇസ്ലാമിലെ ശരീഅത്ത് മറ്റു മതസ്ഥരുടെ മേൽ അടിച്ചേൽപിക്കുകയില്ല. അവർക്ക് അവരുടെ മതത്തിന്റെ അടിസ്ഥാനത്തിൽ തീർപ്പ് കല്പിക്കാവുന്നതാണ്. വ്യത്യസ്ത മത സമൂഹങ്ങളുള്ള ഒരു രാഷ്ട്രത്തിൽ ഇതേ സമ്പ്രദായമാണ് നീതിയുക്തമായിട്ടുള്ളത് എന്ന് മനസാക്ഷിയുള്ള എല്ലാവരും സമ്മതിക്കും. മറ്റു മതസ്ഥരെ നാം പൗരന്മാരായി കണക്കാക്കുകയില്ല. ഈ വ്യവസ്ഥ പ്രകാരം മറ്റു മുസ്ലിംകളെ പോലെ അവരും ആ നാട്ടിലെ പൗരന്മാർ തന്നെയാണ്. അവരുടെയെല്ലാം സ്വത്തിനും ശരീരങ്ങൾക്കും ആരാധനാലയങ്ങൾക്കും എല്ലാവിധ പരിരക്ഷയും നൽകുന്നു. ഇത് തന്നെയാണ് ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ ചാർട്ടറിലും ഉള്ളത്. ഇസ്ലാമിൽ നിന്നും അത് ഭിന്നമല്ല. യൂറോപ്യൻ രാജ്യങ്ങളിൽ അധികവും ഈ വ്യവസ്ഥ പാലിക്കുന്നവരാണ്.

ചുരുക്കത്തിൽ മദീന വ്യവസ്ഥ അനുസരിച്ച് മുസ്ലിംകളും അമുസ്ലിംകളും മതപരമായി രണ്ടാണെങ്കിലും രാഷ്ട്രീയമായി അവർ ഒരേ ജനതയാകുന്നു. ഇബ്നു ഹിഷാം ഇങ്ങിനെ രേഖപ്പെടുത്തുന്നു. ബനീ ഔഫിലെ യഹൂദികൾ മുസ്ലിംകളുടെ കൂടെ ഒരു ജനതയാകുന്നു. യഹൂദികൾക്ക് അവരുടെ മതം മുസ്ലിംകൾക്ക് അവരുടെ മതവും ഇതു മുഖേന ഒരു രാഷ്ട്രത്തിലെ മുസ്ലിംകളും അമുസ്ലിംകളും മതപരമായി രണ്ടുജനതയാണെങ്കിലും രാഷ്ട്രീയമായി അവർ ഒരു ജനതയാണ്. ഈ അടിസ്ഥാനത്തിൽ ഇസ്ലാമിന്റെ ശരീഅത്ത് നിയമങ്ങൾ മറ്റു മതസ്ഥരുടെ മേൽ യാതൊരു പ്രകാരത്തിലും അടിച്ചേൽപ്പിക്കാൻ പാടില്ലാത്തതാണ്.

ഈ അടുത്ത് ഇന്ത്യ ഒട്ടാകെ പ്രകമ്പനം കൊള്ളിച്ച വാദ കോലാഹലങ്ങൾ നടക്കുകയും പ്രതിപക്ഷ നേതാവ് ശ്രീ ലാൽ കൃഷ്ണ അദ്വാനി ബി. ജെ. പി പ്രസിഡണ്ട് സ്ഥാനം രാജിവെക്കുകയും ചെയ്ത വിവാദ വിഷയം പത്രത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടതാണല്ലോ. അദ്വാനി തന്റെ പാകിസ്താൻ സന്ദർശനവേളയിൽ ഖായിദെ അഅ്സം ജിന്നാ സാഹിബ് ഒരു മതേതരചിന്താഗതിക്കാരനാണെന്ന് പറഞ്ഞതായിരുന്നു വിഷയം. അദ്ദേഹത്തിന്റെ അഭിപ്രായം ശരിയാണെന്ന് ചരിത്രം സാക്ഷിയാക്കുന്നു.

പാകിസ്താന്റെ പിറവിക്ക് മുമ്പായി ഖായിദെ അഅ്സം ജിന്നാ സാഹിബിനോട് ചോദിക്കപ്പെട്ടു. നിങ്ങൾ ഏത് തരത്തിലുള്ള ഒരു ഭരണഘടനയാണ് പാകിസ്താന് വേണ്ടി വിഭാവനം ചെയ്യുന്നത്? അദ്ദേഹം അപ്പോൾ "മദീന വ്യവസ്ഥ" യിലധിഷ്ഠിതമായ ഭരണഘടനയായിരിക്കുമെന്ന് മറുപടി നൽകി. തുടർന്ന് 'നിങ്ങൾ സ്വതന്ത്രരാണ്. നിങ്ങൾക്ക് നിങ്ങളുടെ ക്ഷേത്രങ്ങളിലേക്ക് പോകാം, നിങ്ങൾക്ക് പള്ളികളിലേക്ക് പോകാം. പാകിസ്താനിലെ ഏതു മതസ്ഥരുടെയും ആരാധനാലയങ്ങളിൽ വളരെ സ്വാതന്ത്ര്യത്തോടെ നിങ്ങൾക്ക് പോകാം. നിങ്ങൾ ഏതു മതത്തിലോ ജാതിയിലോ പെട്ടവരായാലും അതു ഈ രാജ്യ കാര്യങ്ങളിൽ പെട്ടതല്ല. ഈയൊരു അടിസ്ഥാനതത്വത്തിൽ നാം ആരംഭിക്കുന്നു. നാമെല്ലാം ഒരേ രാജ്യത്തെ ഒരേ പൗരന്മാരാണ്. ഇത് നാം നമ്മുടെ അടിസ്ഥാന ശിലയായി കണ്ടുകൊണ്ടു പുരോഗമിക്കണം. ഭാവിയിൽ രാഷ്ട്രീയമായി ഇവിടെ യുള്ള ഹിന്ദുക്കൾ ഹിന്ദുക്കളല്ലാതായിത്തീരും. മുസ്ലിംകൾ മുസ്ലിംകളല്ലാതായി ത്തീരും. ഇതു മതപരമായല്ല. മതം ഒരാളുടെ വ്യക്തിപരമായ കാര്യമാണ്. രാഷ്ട്രീയമായി നിങ്ങൾ ഒരു രാഷ്ട്രത്തിന്റെ ജനതയാണ്.' ഈ അടിസ്ഥാനത്തിൽ അധ്വാനി പറഞ്ഞതു സത്യ

മാണ്. ജിന്നാ സാഹിബിന്റെ വിയോഗത്തിന് ശേഷമാണ് അതായത് സപ്തംബർ 11 1948. ശേഷം സെക്കുലർ പാകിസ്താന്റെ സ്ഥാനം വിനഷ്ടമായി. പിന്നീട് മത തീവ്രവാദികളുടെ മുഷ്ടിയിൽ അമർന്ന പാകിസ്താൻ ഒരു മതരാഷ്ട്രമായിത്തീരുകയാണുണ്ടായത്. ലിയാക്കത്ത് അലീഖാന്റെ കാലത്താണ് ജിന്നാസാഹിബിന്റെ കാലശേഷം 6 മാസം കൊണ്ടു പാകിസ്താന്റെ സെക്കുലർ പ്രതിഛായ അപ്രത്യക്ഷമായത്. (Islam in history. By Muhammed Muneer, Formerly cheif Justice of Pakistan - Kitab Bhavan Delhi P. 78) ഈ അടുത്താണ് അഹ്മദി മുസ്‌ലിംകളെ പാകിസ്തൻ ഗവർമ്മെണ്ട് അമുസ്‌ലിംകളായി പ്രഖ്യാപിക്കുകയും അഹ്മദികൾ ഇസ്‌ലാം മതം ആചരിച്ചാൽ ശിക്ഷിക്കണമെന്ന വ്യവസ്ഥ എഴുതിച്ചേർക്കുകയും ചെയ്തത്. അങ്ങനെ ഇസ്‌ലാമിക നിയമങ്ങൾ അറിയാത്ത ജാഹിലീങ്ങളായ പണ്ഡിതന്മാരുടെ വിധികളാണ് അവിടെ അരങ്ങ് തകർക്കുന്നത്. പരിശുദ്ധമായ ഇസ്‌ലാം എവിടെ? ഇവർ ആചരിക്കുന്ന ഇസ്‌ലാം എവിടെ? ബുദ്ധിയുള്ളവർ ചിന്തിക്കേണ്ടതാണ് ഇസ്‌ലാം നൽകുന്ന മത സ്വാതന്ത്ര്യം മറ്റൊരു മതവും പ്രത്യയ ശാസ്ത്രവും നൽകുന്നില്ല എന്നതാണ് വാസ്തവം. ഈ തത്ത്വം ഇസ്‌ലാമിന്റെ അഹ്മദിയ്യാ ഖിലാഫത്ത് മുഖേന ലോകത്ത് അറിയുന്ന കാലം വിദൂരമല്ലെന്ന് എന്ന് പ്രത്യാശിക്കാം.

---

*(28 -ാം പേജിൽ നിന്ന് തുടർച്ച)*

നിർമ്മിതിയാണ് ഈ ആഗോള ചലനങ്ങളിൽ ദൃശ്യമാവുന്നത്. അല്ലാഹു പറയുന്നു:

*'നിശ്ചയമായും ഇത് നിങ്ങളുടെ സമുദായമാകുന്നു. ഒരേയൊരു സമുദായം (ഉമ്മത്തൻ വാഹിദ:) ഞാൻ നിങ്ങളുടെ നാഥനുമാകുന്നു. അതിനാൽ നിങ്ങൾ എന്നെ രക്ഷാ കേന്ദ്രമാക്കുവീൻ (23:53)*

### അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ആഗോള ഇസ്‌ലാമിക സമൂഹം

എല്ലാ അർത്ഥത്തിലും ആഗോള സമൂഹം രൂപപ്പെട്ടുവരുന്ന ആധുനിക കാലഘട്ടത്തിൽ 'ഖൈറുൽ ഉമ്മത്ത്' എന്ന് അല്ലാഹു വിശേഷിപ്പിച്ച റസൂൽ തിരുമേനി(സ)യുടെ മുസ്‌ലിം സമൂഹത്തിന്റെ പ്രാതിനിധ്യം വഹിച്ചുകൊണ്ട് ഒരു ആഗോള മുസ്‌ലിം സമൂഹമായി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തും വളരുകയാണ്. രാഷ്ട്രാതിർത്തികൾ ഭേദിച്ചു വളരുന്ന അഹ്മദിയ്യാ ഖിലാഫത്താണ് പ്രവചിതമായ ആഗോള മുസ്‌ലിം സമൂഹം. അഹ്മ ദിയ്യാ ജമാഅത്തിന്റെ സ്ഥാപകരായ ഹദ്റത്ത് അഹ്മദ് (അ) ന്റെ ആഗമനം റസൂൽ തിരുമേനി (സ) യുടെ പ്രവചന പ്രകാരം മഹ്ദിയും മസീഹുമായി കൊണ്ടുള്ള നിയോഗമായിരുന്നു. ഇസ്‌ലാമിന്റെ ആഗോള വിജയവുമായി ബന്ധപ്പെട്ടതാണ് ആ നിയോഗം. അദ്ദേഹത്താൽ പുനസ്ഥാപിക്കപ്പെട്ട ഇസ്‌ലാമിക ഖിലാഫത്ത് ഒരു രാഷ്ട്രഭരണ നേതൃത്വമോ, മറ്റു ഭൗതിക ലക്ഷ്യങ്ങളുള്ള നേതൃത്വ സംവിധാനമോ അല്ല. പ്രകൃതി ശക്തികൾ വളർത്തിക്കൊണ്ട് വരികയും ഇസ്‌ലാം മത സംസ്കാരിക ഭാവങ്ങൾ വർണ്ണം നൽകുകയും ആധുനിക ലോകത്ത് ഭൗതിക സങ്കേതങ്ങളാൽ സംയോജിപ്പിക്കപ്പെടുകയും ചെയ്ത അന്തർദേശീയ സമൂഹത്തിന്റെ ആത്മീയ നേതൃത്വമാണത്. റസൂൽ തിരുമേനിയുടെ വിനീത ശിഷ്യനായി അല്ലാഹു നിയോഗിച്ച അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകർ ഹദ്റത്ത് അഹ്മദ് പറയുകയുണ്ടായി.

*'ഈ പ്രസ്ഥാനം ശക്തിമത്തായ നിലയിൽ വളരുകയും കായ്ക്കുകയും ചെയ്യും അങ്ങനെ ഭൂമിയിൽ മുഴുവൻ അത് പടർന്നു വരും... ദൈവം എ ന്നെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞിരിക്കുന്നു. രാജാക്കന്മാർ പോലും നിന്റെ വസ്ത്രങ്ങളിൽ നിന്ന് അനുഗ്രഹം തേടുമാറ് ഞാൻ നിനക്ക് അനുഗ്രഹത്തിനുമേൽ അനുഗ്രഹം നൽകും. (തജല്ലിയാത്തെ ഇലാഹിയ്യ)*

## ആരാണ് മോക്ഷാർഹർ?

*റസൂൽ തിരുമേനി അരുളി: ബനൂ ഇസ്രായിൽ സമുദായം 72 കക്ഷികളായി പിരിഞ്ഞു. എന്റെ സമുദായം 73 കക്ഷികളായി പിരിയും. അവരിൽ ഒന്നൊഴികെ മറ്റെല്ലാവരും നരകത്തിലായിരിക്കും. അപ്പോൾ സഹാബാക്കൾ ചോദിച്ചു: 'അല്ലയോ ദൈവദൂതരേ ആ കക്ഷി ഏതാണ്? തിരുമേനി (സ) പറഞ്ഞു: **'ഞാനും എന്റെ സഹാബിമാരുമുള്ള നിലയിൽ സ്ഥിതി ചെയ്യുന്നവർ' (മിശ്കാത്ത്)***

ഈ ഹദീസിനെ വ്യഖ്യാനിച്ച് ഓരോ മുസ്‌ലിം കക്ഷിയും അവകാശപ്പെടുന്നത്, റസൂൽ തിരുമേനിയെ ശരിയാം വിധം പിന്തുടരുന്നവർ ആയതുകൊണ്ട് ഞങ്ങളാണ് മോക്ഷാർഹർ എന്നാണ്. എന്നാൽ, ഇവിടെ സത്യകക്ഷിയെ തിരിച്ചറിയാൻ റസൂൽ തിരുമേനി (സ) പറഞ്ഞ പ്രത്യേക അടയാളം ***'ഞാനും എന്റെ സഹാബിമാരുമുള്ള നിലയിൽ സ്ഥിതി ചെയ്യുന്നവർ'*** എന്നാണ്. ഈ പ്രവചനം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിലാണ് പൂർത്തിയാവുന്നത്. റസൂൽ തിരുമേനി (സ) പ്രതിനിധീകരിക്കുന്നത് അവിടുത്തെ അനുസാരിത്വം കൊണ്ട് നുബുവ്വത്ത് പദവി ലഭിച്ച ഹദ്റത്ത് അഹ്മദ് (അ) ഉം സഹാബികളെ പ്രതിനിധീകരിക്കുന്നത് അദ്ദേഹത്തെ ബൈഅത്ത് ചെയ്ത അഹ്മദികളുമാണ്.

# അഹ്മദികളും പാകിസ്താൻ സമൂഹവും

ബി. അബ്ദുല്ലാഹ് എഛ്. എ.

**മൗദൂദി സാഹിബിന് വധശിക്ഷ വിധിച്ചത് അദ്ദേഹം നടത്തിയ കലാപ പ്രവർത്തനങ്ങളുടെ ഫലമായാണ് എന്നത് കൊണ്ട് പാകിസ്താനിൽ നീതി നടപ്പായി എന്ന് ധരിക്കരുത്**

ഞാനിത്രയും പറഞ്ഞതിൽനിന്ന് പാകിസ്താൻ അന്യൂനമായ ഒരു സ്വർഗ്ഗീയഭരണമാണെന്നും അവിടത്തെ ഭരണാധിപർ ദേവന്മാരെപ്പോലുള്ളവരാണെന്നും അഹ്മദികൾ അവിടെ സർവ്വതന്ത്രസ്വതന്ത്രരായി ജീവിക്കയാണെന്നും ഈ കലാപകാലത്ത് അവരിലാരുംതന്നെ ശിക്ഷിക്കപ്പെട്ടിട്ടില്ലെന്നും ആരുമാരും ധരിച്ചു പോകരുത്. മററു സ്ഥലങ്ങളിൽ കാണപ്പെടുന്നതിനേക്കാൾ ഒട്ടും കുറയാത്ത നിലയിൽ കരിഞ്ചന്ത, കൈക്കൂലി, ബന്ധുജനപക്ഷപാതം തുടങ്ങിയ നാനാതരം അഴിമതികളും അവിടെ നടമാടുന്നുണ്ട്. ഈ വസ്തുത അവിടത്തെ ഭരണാധികാരികൾ തന്നെയും സമ്മതിച്ചു പറഞ്ഞിട്ടുള്ളതുമാണ്. ഇന്ത്യയിൽ നടക്കുന്നതിനേക്കാൾ കൂടുതൽ കടുത്ത നിലയിലാണ് അവിടത്തെ അഴിമതികൾ എന്നു പറഞ്ഞാൽ അതൊട്ടും അതിശയോക്തിയാകില്ല. പ്രവിശ്യമനോഭാവവും മതസ്പർദ്ധയും തീർച്ചയായും ഇവിടത്തെക്കാൾ അധികമാണ് പാകിസ്താനിൽ. അവിടുത്തെ ഉദ്യോഗസ്ഥവർഗ്ഗത്തിൽ സ്വാർത്ഥപൂരണത്തിനും വൈരനിര്യാതനത്തിന്നും എന്തും ചെയ്യാൻ മടിക്കാത്തവർ ധാരാളമുണ്ട്. ഇക്കഴിഞ്ഞ കലാപകാലത്ത് തന്നെ ഉദ്യോഗസ്ഥന്മാരിൽ ചിലർ മർദ്ദിതരായ അഹ്മദികളുടേയും അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെയും നേരെ അനുവർത്തിച്ച ക്രൂരവും ബീഭത്സവുമായ നയംതന്നെ അതിലേയ്ക്ക് ദൃഷ്ടാന്തമാണ്. 'പ്രസ് ട്രസ്റ്റ് ഓഫ് ഇന്ത്യ' നൽകിയ ഒരു വാർത്തയിൽ ഇങ്ങനെ പറയുന്നു. "ഇയ്യിടെ നടന്ന അഹ്മദിയ്യാവിരുദ്ധപ്രക്ഷോഭത്തെകുറിച്ച് അന്വേഷണം നടത്താൻ നിയമിതമായ കമീഷൻ, വയോജന വിദ്യാഭ്യാസത്തിന്ന് പാകിസ്താൻ പഞ്ചാബ് ഗവർമ്മേണ്ട് നീക്കിവെച്ച പണത്തിൽനിന്ന് രണ്ടു ലക്ഷത്തി മുപ്പതിനായിരം ഉറുപ്പിക നാലു ഉർദു ദിനപത്രങ്ങൾക്കായി നൽകിയിരിക്കുന്നുവെന്നു കണ്ടുപിടിച്ചിരിക്കുന്നു. ഈ പത്രങ്ങളെല്ലാം തന്നെ അഹ്മദിയ്യാവിരുദ്ധപ്രക്ഷോഭത്തിന്നു വേണ്ടി ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ സജീവമായ പങ്കു വഹിച്ചിട്ടുണ്ടെന്നു കമീഷൻ റിപോർട്ട് ചെയ്തു ............ വയോജന വിദ്യാഭ്യാസത്തിന് നീക്കിവെച്ച ഗവർമ്മേണ്ട് മുതൽ ഇങ്ങനെ കൈകാര്യം ചെയ്തതു അപ്പോഴത്തെ പ്രസിദ്ധീകരണ ഡയരക്ടർ ആയ നൂർ മുഹമ്മദ് (നൂർ അഹ്മദ്) ആണ്. മി. നൂർ മുഹമ്മദിന്റെ മകൻ മാനേജിങ്ങ് ഡയരക്ടറായി, 1951 ജൂണിൽ തുടങ്ങിയ, 'ആഫാഖ്' എന്ന പത്രത്തിന്നു അദ്ദേഹം ഒരു ലക്ഷം ക. നൽകിയത്രെ. 'അസാൻ' (ഇഹ്സാൻ) 'സമിന്ദാർ', 'മഗ്രിബി പാകിസ്താൻ' എന്നീ പത്രങ്ങൾക്ക് യഥാക്രമം 58,000, 30,000, 15,000 ക. യുടെ തോതിലും പ്രസ്തുത ഉദ്യോഗസ്ഥൻ ദാനം ചെയ്തു. 'ആഫാഖി'ൽ പ്രസിദ്ധീകരിച്ച ചില അഹ്മദിയ്യാവിരുദ്ധ ലേഖനങ്ങളെഴുതിയതു മി. നൂർമുഹമ്മദ് തന്നെയായിരുന്നുവെന്നു ഇപ്പോൾ തെളിഞ്ഞിരിക്കുന്നു............. പ്രസ്തുത വകുപ്പിന്റെ ഉപദേശക ബോർഡിലുണ്ടായിരുന്ന അംഗങ്ങളിൽ നാല് പേർ അഹ്മദിയ്യാവിരുദ്ധ പ്രവർത്തകരായിരുന്നു. ഇസ്ലാമിയത്തി (വകുപ്പ്)ൽനിന്ന് പ്രതിഫലം മേടിക്കുന്ന 18 ലക്ചറർമാരിൽ 11 പേർ അഹ്മദിയ്യാവിരുദ്ധപ്രക്ഷോഭത്തിൽ സാരമായ പങ്കെടുത്തു. ഇവരിൽ ഏഴു പേർ അറസ്റ്റ് ചെയ്യപ്പെട്ടു. 8 പേർ പ്രക്ഷോഭം സംഘടിപ്പിച്ച കൗൺസിലിലെ അംഗങ്ങളായിരുന്നു'' (പൗരശക്തി, 9-8-'53). 'ആഫാഖ് ' പത്രം ദൗലത്താനയുടെ പ്രത്യേക പത്രവും അന്നത്തെ പഞ്ചാബ് ഗവർമ്മേണ്ടിന്റെ അർദ്ധഔദ്യോഗികജിഹ്വയും ആയിരുന്നു എന്നതു പ്രസ്താവ്യമാണ്. ഇതിൽ നിന്ന് അവിടത്തെ ജനങ്ങളുടേയും ഉദ്യോഗസ്ഥന്മാരിൽ ചിലരുടേയും മനോഭാവം എത്രമാത്രം അധ:പതിച്ചിട്ടുണ്ടെന്നു ആർക്കും ഊഹിച്ചെടുക്കാം. ചുരുക്കത്തിൽ, പാകിസ്താൻ ഗവർമ്മേണ്ട് മൗദൂദി സാഹിബിനെ ശിക്ഷിച്ചതന്യായമാണെന്നുള്ള മാഹിറുൽ ഖാദിരി സാഹിബിന്റെ ആക്ഷേപത്തെക്കുറിച്ചിത്രയും ഞാൻ പറഞ്ഞതു, പാകിസ്താൻ ഗവർമ്മേണ്ട് നീതിയുടെയും ന്യായത്തിന്റേയും

കൊടിക്കൂറ ഉയർത്തിപ്പിടിച്ചതു കൊണ്ടോ പാകിസ്താനെ വെള്ളപൂശിക്കാണിക്കാനോ അല്ല. നേരെമറിച്ച്, മൗദൂദി സാഹിബ് അവിടെ നടന്ന പ്രക്ഷോഭത്തിൽ സജീവമായി പങ്കെടുക്കുകയും അതിന്നു നേതൃത്വം നൽകുകയും അക്രമപ്രേരകമായ പ്രസംഗങ്ങൾ ചെയ്കയും ചെയ്തിരിക്കുന്ന സ്ഥിതിയ്ക്ക് അദ്ദേഹത്തെ ശിക്ഷിച്ചതു അന്യായമല്ലെന്നും പാക് ഗവർമ്മേണ്ടിന്റെ ഈ നടപടി ശരിയും നീതി പൂർവ്വകവും ആണെന്നുമുള്ള യാഥാർത്ഥ്യത്തെ വെളിപ്പെടുത്തുന്നതിന്നുവേണ്ടി മാത്രമാണ്. തീർച്ചയായും അഹ്മദികളെ സംബന്ധിച്ചേടത്തോളം പാകിസ്താനേക്കാൾ അവർ മതസ്വാതന്ത്ര്യത്തോടുകൂടിയും ഭൂരിപക്ഷത്തിന്റെ അക്രമങ്ങൾക്ക് ലക്ഷീഭവിക്കാതെയും ഇപ്പോൾ ജീവിച്ചുവരുന്നതു ഇന്ത്യയിലാണ്. അഹ്മദികൾ ദുർബ്ബലരായ ന്യൂനപക്ഷമായതുകൊണ്ട് ഹിന്ദുക്കളായ ഭൂരിപക്ഷസമൂദായം അഹ്മദികളുടെ മേൽ കുതിരകയറുകയോ അവർക്ക് ജീവിതം ദുസ്സഹവും ദുർഭരവും ആക്കിത്തീർക്കുകയോ ചെയ്യുന്നില്ല.

പഞ്ചാബിൽ നടന്ന അഹ്മദിയ്യാ വിരുദ്ധപ്രക്ഷോഭകാലത്ത് അഹ്മദികളാരും ശിക്ഷിക്കപ്പെട്ടിട്ടില്ലെന്നു ആരും ധരിച്ചുപോകരുത്. ദ്രോഹിതരും അതിദയനീയമാംവണ്ണം മർദ്ദിക്കപ്പെട്ടവരും ഭൂരിപക്ഷത്തിന്റെ പലതരം വിക്രിയകൾക്കും കടുംകൈകൾക്കും പാത്രീഭൂതരുമായ അഹ്മദികളിൽ ചിലരേയും കോടതി ശിക്ഷിക്കുകയുണ്ടായിട്ടുണ്ട്. അവരുടെ മേൽ ചുമത്തപ്പെട്ട കുററങ്ങൾ വാസ്തവത്തിൽ കുററങ്ങളായിരുന്നില്ല. തെററിധാരണകൊണ്ടോ മറ്റോ അവരെ ശിക്ഷിച്ചു. അങ്ങനെ ശിക്ഷിക്കപ്പെട്ടവരിൽ അഹ്മദിയ്യാജമാഅത്തിന്റെ ഇപ്പോഴത്തെ ഇമാമിന്റെ രണ്ടാമത്തെ അനുജനും മൂത്ത പുത്രനും ഉൾപെടും. ഇവരിൽ ഒന്നാമത്തെയാൾ അഹ്മദിയ്യത്തിന്റെ സ്ഥാപകരുടെ പുത്രനെന്ന നിലയിൽ ലോകത്തെങ്ങുമുള്ള അഹ്മദികളുടെ സ്നേഹാദരങ്ങൾക്ക് പാത്രീഭൂതനും ആദ്ധ്യാത്മികമായും ഭൗതികമായും സമുന്നതമായ സ്ഥാനം അലങ്കരിക്കുന്ന ദേഹ വും ആണ്. രണ്ടാമത്തെയാൾ ലക്ഷക്കണക്കിലുള്ള അഹ്മദികളുടെ കണ്ണിലുണ്ണി ആയിരിക്കുന്നതിന്നു പുറമെ ലാഹോറിലെ ഒരു ഒന്നാം ഗ്രേഡ് കോളേജായ 'തഅ്ലീമുൽ ഇസ്‌ലാം' കോളേജിന്റെ പ്രിൻസിപ്പാളും ആണ്. അപ്പീലിൽ അവർ നിരപരാധികളാണെന്നു തെളിഞ്ഞപ്പോൾ വിട്ടയക്കപ്പെട്ടു.

അപ്രകാരംതന്നെ പാകിസ്താനിലുള്ള അഹ്മദികൾ യാതൊരല്ലലും അലട്ടും കൂടാതെ സർവ്വതന്ത്രസ്വതന്ത്രരായിട്ടാണ് അവിടെ കഴിഞ്ഞുകൂടുന്നതെന്നും ആരും തെറ്റിധരിക്കരുത്. അഹ്മദികൾ പാകിസ്താനിൽ ഒരു ദുർബ്ബല ന്യൂനപക്ഷമായിരിക്കുന്നതിന്നു പുറമെ അവിടത്തെ ഭൂരിപക്ഷം അവരുടെ വിശ്വാസത്തെ വെറുക്കുകയും അവരെ എതിർക്കുകയും ചെയ്യുന്നു. മതപരമായ അഭിപ്രായവ്യത്യാസങ്ങളെ സഹിഷ്ണുതയോടും സമചിത്തതയോടുംകൂടി വീക്ഷിക്കുന്നവരല്ല മുസ്‌ലിംബഹുജനങ്ങൾ. അതിന്റെ മാതൃക കേരളക്കരയിൽതന്നെ നമുക്ക് കാണ്മാൻ കഴിയും, ആ നിലയ്ക്ക് ഭരണം തങ്ങളുടെ കയ്യിലാണെന്നു കരുതുന്ന പാകിസ്താനിലെ ഭൂരിപക്ഷമുസ്‌ലിംകളുടെ മനോഭാവം ഊഹ്യമാണല്ലൊ. അല്പം ചിലരൊഴികെ പാകിസ്താനിലെ ഉദ്യോഗസ്ഥന്മാർ - കോടതിശിപായി മുതൽ ഗവർണ്ണർജനറൽ വരേയും, പോലീസ്കൺസ്റ്റബിൾ മുതൽ നിയമകാര്യമന്ത്രി വരേയും — അഹ്മദികളല്ലാത്തവരാണ്. സ്വാഭാവികമായി ഇതിന്റെ പ്രതികരണം എന്തായിരിക്കുമെന്നത് പറയേണ്ടതില്ലല്ലൊ. അഹ്മദിയ്യാജമാഅത്തിന്റെ നേതാവ് യാതൊരുതരത്തിലുള്ള പ്രസ്താവനയും പുറപ്പെടുവിച്ചുപോകരുതെന്ന് ഈ കലാപകാലത്ത് പഞ്ചാബ് ഗവർമ്മേണ്ട് ആജ്ഞ പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. പാകിസ്താനിൽ എല്ലാ കക്ഷികൾക്കും യഥേഷ്ടം തങ്ങളുടെ അഭിപ്രായങ്ങളും വിശ്വാസങ്ങളും പ്രചരിപ്പിക്കാം. പക്ഷെ, അഹ്മദികളെ സംബന്ധിച്ചേടത്തോളം ഈ അവകാശസ്വാതന്ത്ര്യങ്ങൾ പലപ്പോഴും 'ഏട്ടിലെ പശു' മാത്രമായിട്ടാണനുഭവപ്പെടാറ് ! മററുള്ളവർക്ക് പട്ടാളക്കാർക്കിടയിൽപോലും മതപ്രചാരവേല ചെയ്യാം. അവരുടെനേരെ അധികൃതന്മാർ കണ്ണുചിമ്മുന്നു. മുഹമ്മദ്മുസ്തഫാ(സ) തിരുമേനിയ്ക്ക് ഒരു സാധാരണ മനുഷ്യന്നുള്ള സ്ഥാനമേയുള്ളൂവെന്ന് പറയുന്ന 'അഹ്‌ലുൽ ഖുർആൻ' സംഘക്കാർക്കുപോലും പാകിസ്താനിൽ പ്രചാരണസ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്നില്ല. മനുഷ്യനെ ദൈവമാക്കി വാഴിക്കുന്ന 'ബഹായീമത'ക്കാർക്കുപോലും അവിടെ പ്രചാരണസ്വാതന്ത്ര്യമുണ്ട്. പാകിസ്താനിലെ ഒരു പ്രസിദ്ധ പത്രം ഇയ്യിടെ മാത്രമാണ് ബഹാഉല്ലയെകുറിച്ചു ഒരു മുഖപ്രസംഗപരമ്പര പ്രസിദ്ധംചെയ്തത്. എന്നാൽ, അഹ്മദികൾ സമാധാനപരമായും നിയമത്തിന്റെ വൃത്തത്തിൽ ഒതുങ്ങിക്കൊണ്ടും തങ്ങളുടെ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കാൻ ശ്രമിക്കുമ്പോഴേക്കും അതാ ഉദ്യോഗസ്ഥവൃന്ദം കണ്ണുമിഴിക്കുകയായി, ബഹുജനങ്ങൾ ബഹളം കൂട്ടുകയായി! ഈ സ്ഥിതിവിശേഷം അഹ്മദികൾ എത്രയും കരുതലോടും സൂക്ഷ്മതയോടും കൂടി നേരിടേണ്ടതാണെന്നും അധികൃതന്മാരെ പ്രകോപിപ്പിക്കുന്ന യാതൊന്നും തന്നെ പറയുകയും ചെയ്യുകയോ അരുതെന്നും അഹ്മദിയ്യാജമാഅത്തിന്റെ ഇമാം, ഇക്കഴിഞ്ഞ ജൂലായി 10-ാംനു ഹൃദയമുരുക്കുമാറുള്ള ഒരു പ്രസ്താവന ചെയ്കയുണ്ടായെന്നതു സ്മരണീയമാണ്. പാകിസ്താനിൽ നടന്നതും നടക്കുന്നതുമായ സംഭവങ്ങളെ എണ്ണിയെണ്ണിപ്പറയാൻ ഞാനേതായാലും ഒരുക്കമില്ല. പക്ഷേ, ഒരു സംഗതി മാത്രം ഞാൻ പറയാം. പാകിസ്താൻ വിദേശകാര്യമന്ത്രി സഫറുല്ലാഖാനോടുപോലും ഈ പ്രക്ഷോഭക്കാർ അനുവർത്തിച്ച നയമെന്തെന്ന് ലോകം അറിയാത്തതല്ല. പാകിസ്താന്നും മുസ്‌ലിംലോകത്തിന്നും

വേണ്ടി അദ്ദേഹം ചെയ്ത സേവനം ലോകമിന്നും മറന്നുകഴിഞ്ഞിട്ടില്ല. അങ്ങനെ പാകിസ്താന്റെയും മുസ്‌ലിംലോകത്തിന്റെയും ഉന്നമനത്തിന്നായി അത്യദ്ധ്വാനം ചെയ്ത സഫറുല്ലാഹ്ഖാനെ, അഹ്മദിയ്യാവിരുദ്ധപ്രക്ഷോഭത്തിന്റെ പേരിൽ ഏതെല്ലാംതരത്തിൽ അപമാനിക്കാനും അവഹേളിക്കാനും ആണ് ഈ കലാപക്കാർ ശ്രമിച്ചതെന്നു നോക്കുന്നതയാൽ മൗദൂദി സാഹിബിന്റേയും അനുയായികളുടേയും സഹകാരികളുടേയും ഭയങ്കരമായ മനഃസ്ഥിതിയോർത്തു നീതിതല്പരന്മാർ നടുങ്ങിപ്പോകാതിരിക്കയില്ല. കറാച്ചിയിലും ലാഹോറിലും നടന്ന ഘോഷയാത്രകളിൽ അദ്ദേഹത്തിന്നെതിരായി പ്രക്ഷോഭക്കാർ അപഹാസ്യങ്ങളായ മുദ്രാവാക്യങ്ങൾ മുഴക്കി. അദ്ദേഹത്തിന്റെ ഒരു പ്രതിമയുണ്ടാക്കി അതിനോടു മനുഷ്യത്വമില്ലാത്ത തരത്തിൽ പെരുമാറി. ഒരു പട്ടിക്ക് സഫറുല്ല എന്നു പേരിട്ടുകൊണ്ട് ആ പട്ടിയോട് എന്തെല്ലാമോ കാട്ടിക്കൂട്ടി. മഹാനും സമർത്ഥനുമായ ടിപ്പുസുൽത്താനോടുള്ള കടുത്ത വൈരംനിമിത്തം ഇംഗ്ലീഷുകാർ പട്ടിക്ക് ടിപ്പു എന്നു പേരിടാറുണ്ടായിരുന്നു. ഇംഗ്ലീഷുകാരെ അനുകരിച്ചുകൊണ്ട് മറ്റു ചിലരും പട്ടിക്ക് ടിപ്പു എന്നു പേർ നൽകാറുണ്ട്. എന്നാൽ പട്ടി എന്നും പട്ടിതന്നെ. അതൊരിക്കലും ടിപ്പു (വ്യാഘ്രം) ആവുകയില്ല. സഫറുല്ലാഹ് (അല്ലാഹുവിന്റെ ജയം) എന്നു ഒരു പട്ടിക്കു പേരിടുന്നതുകൊണ്ട് പട്ടി ഒരിക്കലും സഫറുല്ല ആകയില്ല. സഫറുല്ല സഫറുള്ള അല്ലാതെപോകയുമില്ല. ഇക്കഴിഞ്ഞ പ്രക്ഷോഭകാലത്ത് തന്നെ, ലാഹോറിൽവച്ച് രണ്ടു വ്യക്തികളെ ഒരുകൂട്ടം അക്രമികൾ ജീവനോടെ എണ്ണയൊഴിച്ചു ദഹിപ്പിച്ചുകളകയുണ്ടായി. ഈ സംഭവം ഇവിടുത്തെ പത്രങ്ങൾതന്നെ റിപോർട്ട് ചെയ്തിട്ടുണ്ട് (പൗരശക്തി, മാർച്ച് 13). എന്നാൽ, അഹ്മദികളാണെന്ന് ധരിച്ചുകൊണ്ടാണ് സാധുക്കളായ ആ നിർദ്ദോഷികളെ കരിച്ചുകളഞ്ഞതെങ്കിലും യഥാർത്ഥത്തിൽ അവർ രണ്ടുപേരും അഹ്മദികളായിരുന്നില്ല; ഒരു അഹ്മദിയുടെ കടയിൽ വേലചെയ്യുന്ന രണ്ടു അനഹ്മദി മുസ്‌ലിംകളായിരുന്നു. ഇത്രയും വിവരിച്ചതിൽനിന്നു, അഹ്മദിയ്യാവിരുദ്ധപ്രസ്ഥാനക്കാരുടെ മനഃസ്ഥിതി എത്രമേൽ ഭയങ്കരമായിരുന്നുവെന്നും അഹ്മദികൾ അവിടെ അനുഭവിച്ചുവന്ന യാതനകൾ എത്രമാത്രം കഠിനമാണെന്നും തെല്ലൊന്നു അനുമാനിക്കാൻ കഴിയും.

(അവസാനിച്ചു)

---

*(21 -ാം പേജിൽ നിന്ന് തുടർച്ച)*

ഫത്ത് ഇസ്‌ലാമിന്റെ ആത്മീയ സ്തൂപമല്ലാതാവുകയും അത് വെറുമൊരു സാമൂഹ്യമായ ഭൗതിക സ്ഥാപനമായിത്തീരുകയും ചെയ്തതിനാൽ ഇസ്‌ലാമിക സംസ്കാരത്തിന്റെ ഈ ആലസ്യം സ്വയം തന്നെ അടങ്ങിയപ്പോൾ വാഗ്ദത്ത മസീഹി (അ) മാത്രമാണ് ദൈവേച്ഛയിൽ നിന്നും അതിന്റെ പ്രതാപം വീണ്ടെടുക്കാൻ സാധിച്ചത്.

ഖിലാഫത്തെ റാശിദയുടെ അവസാനത്തിനുശേഷം മുസ്‌ലിംകൾക്കുണ്ടായ മറ്റൊരു ദുരിതം പുരോഹിത വർഗ്ഗത്തിന്റെ പ്രാദുർഭാവമായിരുന്നു. ദൈവിക മാർഗ്ഗദർശനം ലഭിച്ച ഖലീഫമാരുടെ അഭാവത്തിൽ ഈ പുരോഹിതന്മാർ ഇസ്‌ലാമിന്റെ അനുഗൃഹീതമായ അദ്ധ്യാപനങ്ങൾ ഭൗമികമായ ലക്ഷ്യങ്ങൾക്ക് വേണ്ടി വിനിയോഗിച്ചു. മുല്ലമാരുടെ ഭരണം കാരണം പൊതുജനങ്ങളിൽ അസഹിഷ്ണുതയും ഇതര മത നിന്ദയും മതഭ്രാന്തും അജ്ഞതയും ഉണ്ടായി. ഇസ്‌ലാമിന്റെ പ്രവചിക്കപ്പെട്ട അവസാന നാളിനെ അടുപ്പിക്കുന്ന വിധം മുല്ലമാർ തങ്ങളുടെ സ്വാർത്ഥപരമായ പ്രവൃത്തികളിൽ ആമഗ്നരായി.

## ഖിലാഫത്തിന്റെ പുനർജനനം

അങ്ങനെ നബി (സ) തിരുമേനി പ്രവചിച്ച ആ അവസാനകാലം ആഗതായി. ഇസ്‌ലാമിക ലോകത്ത് അന്തഃച്ഛിദ്രങ്ങൾ ഉണ്ടാവുകയും അവർ അന്ധകാരത്തിൽ മുഴുകുകയും ചെയ്തു. അനൈക്യത്തിന്റെ ഇരുളിൽ മുങ്ങിയ അവരെ ദൈവിക ഹസ്തത്തിനു മാത്രമേ രക്ഷിക്കാൻ സാധിക്കുമായിരുന്നുള്ളൂ. അങ്ങനെ വാഗ്ദത്ത മഹ്ദീ മസീഹായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദി (അ)ന്റെ ആഗമനത്തോടെ ഖിലാഫത്തെ റാശിദയാടെ രണ്ടാമത്തെ യുഗം ഉദയം ചെയ്തു.

ഈ രണ്ടാമത്തെ ഖിലാഫത്തെ റാശിദ അഥവാ അവസാന കാലത്തെ ഖിലാഫത്ത്, ഇൻശാ അല്ലാഹ്, എന്നെന്നും നിലനിൽക്കും. നബി (സ) തിരുമേനി അതിന്റെ ആസന്നമായ ആഗമനത്തെക്കുറിച്ച് പ്രവചിച്ചിരുന്നെങ്കിലും അതിന്റെ അന്ത്യത്തെക്കുറിച്ച് ഒന്നും പറഞ്ഞിരുന്നില്ല. ഇസ്‌ലാമിന്റെ പരിശുദ്ധിയും പ്രതാപവും വീണ്ടെടുക്കാൻ നിയുക്തരായ വാഗ്ദത്ത മസീഹി (അ) ന്റെ ആഗനോദ്ദേശ്യത്തെക്കുറിച്ച് ചിന്തിച്ചാൽ അന്ത്യനാളിലെ ഖിലാഫത്തിന്റെ ദൈവികമായ ശാശ്വതത്വം വളരെ വ്യക്തമാകും. താൻ മുഖേന പുനഃ സ്ഥാപിക്കപ്പെടുന്ന നബി (സ) തിരുമേനിയുടെ ഖിലാഫത്തിന്റെ ശാശ്വത സ്വഭാവത്തെക്കുറിച്ച് വാഗ്ദത്ത മസീഹ് (അ) തന്നെ സുവിശേഷമറിയിച്ചിട്ടുണ്ട്.

അദ്ദേഹം തന്റെ 'അൽവസിയ്യത്തി'ൽ ഇങ്ങനെ പറയുന്നു.

"ഞാൻ നിങ്ങളോട് പറഞ്ഞ കാര്യത്തെക്കുറിച്ചോർത്ത് ദുഃഖിക്കണ്ട, നിങ്ങളുടെ ഹൃദയങ്ങളിൽ ആശങ്കയുണ്ടാകുകയും വേണ്ട; എന്തെന്നാൽ ദൈവിക ശക്തിയുടെ രണ്ടാമത്തെ പ്രകടനം (ഖുദ്റത്തെ സാനിയ) നിങ്ങൾ കാണേണ്ടതുണ്ട്. അതിന്റെ ആഗമനം നിങ്ങൾക്ക് നല്ലതാണ്. എന്തെന്നാൽ അത് സ്ഥിരവും വിധിന്യായ ദിവസം വരെ മുറിക്കപ്പെടാത്തതുമാണ്. ഞാൻ പോകാതെ ഈ രണ്ടാം പ്രകടനം ഉണ്ടാകില്ല."

*(തുടരും)*

## കുറിപ്പുകൾ

മുസാഫിർ

# മുത്വലാഖും സുപ്രീംകോടതി വിധിയും വിശുദ്ധഖുർആനും

മൂന്നു ത്വലാഖും ചൊല്ലപ്പെട്ട ദമ്പതിമാരെ ഒന്നിച്ചു ജീവിക്കാനനുവദിച്ചുകൊണ്ട് 2006 ഏപ്രിൽ 21ന് പുറത്തുവന്ന സുപ്രീംകോടതി വിധി വിവാദമാവുകയാണ്. ഒറീസയിലെ ഭദ്റക് ജില്ലയിലെ ശൈഖ്ശേർ മുഹമ്മദ് തന്റെ ഭാര്യ നസ്മാ ബീവിയെ ഒറ്റയടിക്ക് മൂന്നു മൊഴിയും ചെല്ലിപ്പിരിഞ്ഞതായിരുന്നു. നസ്മാ ബീവിയോടുള്ള ഇശ്ക്ക് വിട്ടുമാറാത്ത ശൈഖ് ശേർ മുഹമ്മദിന് പിന്നീട് മാനസാന്തരമുണ്ടായി. ത്വലാഖ് റദ്ദാക്കി തങ്ങളെ ഭാര്യാഭർത്താക്കന്മാരായി ഒന്നിച്ചു ജീവിക്കാൻ മതപരമായ അനുവാദം തരണമെന്നാവശ്യപ്പെട്ട് പ്രാദേശിക മുഫ്തിയെ സമീപിച്ചപ്പോൾ അദ്ദേഹം അതിന്നനുവദിച്ചില്ലെന്ന് മാത്രമല്ല ഒന്നിച്ചു ജീവിച്ചാൽ ഭ്രഷ്ട് കല്പിച്ച് പന്തി വിരോധമേർപ്പെടുത്തുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തതായി പറയപ്പെടുന്നു. ശേർ മുഹമ്മദ് നേരെ കോടതിയെ സമീപിച്ചു. മൂന്നു ത്വലാഖും ചൊല്ലിയതിനാൽ ദാമ്പത്യജീവിതം പുനസ്ഥാപിക്കാൻ നിയമ ദൃഷ്ട്യാ സാധ്യമല്ലെന്ന് വിധിച്ച ഹൈക്കോടതി വിധിക്കെതിരെ അദ്ദേഹം സുപ്രിംകോടതിയെ സമീപിക്കുകയുണ്ടായി. താൻ മദ്യലഹരി ബാധിച്ച അവസരത്തിലാണ് മൂന്നു തലാഖും ചൊല്ലിയതെന്നും അതുകൊണ്ട് തന്റെ ദാമ്പത്യം തുടരാനനുവദിക്കണമെന്നുമുള്ള അദ്ദേഹത്തിന്റെ ഹരജി ജസ്റ്റിസ് എം. കട്ജുവിന്റെ നേതൃത്വത്തിലുള്ള മൂന്നംഗ ഡിവിഷൻ ബഞ്ച് അംഗീകരിക്കുകയും ഇത്തരം സന്ദർഭങ്ങളിൽ നിയമപരമായി വേർപ്പെടുത്തപ്പെട്ടാലും ദമ്പതികൾ ഒന്നിച്ചു കഴിയാൻ വിരോധമില്ലെന്ന് വിധി പറയുകയുണ്ടായി. കൂടെ ഇന്ത്യ ഒരു മതേതര രാഷ്ട്രമാണെന്നും പരിഷ്കൃത സമൂഹത്തിന് യോജിച്ച രീതിയിലെ ഒരോ സമൂഹവും പെരുമാറാൻ പാടുള്ളൂവെന്നുമുള്ള കോടതിയുടെ പരാമർശം ഇന്ത്യയിലെ ഉലമാക്കന്മാരെ പ്രകോപിതരാക്കിയിരിക്കുകയാണ്.

ലോകത്തിലെ ഏറ്റവും സംസ്കൃതവും പരിഷ്കൃതവും പുരോഗമനപരവുമായ ഒരു ദാമ്പത്യ മാർഗ്ഗരേഖയാണ് ഇസ്‌ലാം നിർദ്ദേശിച്ചിട്ടുള്ളത്. കുടുംബത്തെ അത് ഭൂമിയിലെ സ്വർഗ്ഗമാക്കി മാറ്റുന്നു. നിർഭാഗ്യകരമെന്ന് പറയട്ടെ, ഏറ്റവും കൂടുതൽ വിമർശങ്ങൾക്ക് വിധേയമാവുന്നതും ഇസ്‌ലാമിലെ വിവാഹനിയമങ്ങളും അതോടനുബന്ധിച്ചുള്ള ജീവിത പ്രശ്നങ്ങളുമാണ്. ഒരു പരിധിവരെ ഇതിന് കാരണം. ഇസ്‌ലാമിന്റെ ധാർമ്മികവും മാനവീയവുമായ ലക്ഷ്യങ്ങളെ അവഗണിച്ചുകൊണ്ട് മുസ്‌ലിം കർമ്മശാസ്ത്ര പണ്ഡിതന്മാർ പടച്ചുവച്ച നിയമക്കുരുക്കുകളാണ്. നിയമത്തിന്റെ നൂലാമാലകൾ സൃഷ്ടിച്ചും തലനാരിയ കീറിവ്യാഖ്യാനിച്ചും മനുഷ്യജീവിതത്തെ അവർ ദുസ്സഹമാക്കുന്നു. മനുഷ്യന്റെ ധാർമ്മികവുമായ ജീവിതത്തെ പരിരക്ഷിക്കേണ്ടുന്ന നിയമം തന്നെ മനുഷ്യനെ തിന്മയിലേക്കും അധാർമ്മികതയിലേക്കും പ്രേരിപ്പിക്കുന്ന വിധമാക്കി അവർ മാറ്റുന്നു.

മനുഷ്യൻ അഭിമുഖീകരിക്കുന്ന എല്ലാ ജീവിത പ്രശ്നങ്ങൾക്കും നിയമം നിർമ്മിച്ച ഫുഖഹാക്കൾ അങ്ങേയറ്റം വിചിത്രവും അസംഭവ്യവുമായ കാര്യങ്ങൾ വരെ ഭാവനയിൽ കണ്ടുകൊണ്ട് നിയമമുണ്ടാക്കിവെച്ചിരിക്കുന്നു. ഉദാഹരണത്തിന് സുന്നികളുടെ പ്രസിദ്ധ ഫിഖ്ഹ് കിതാബും ദർസുകളിലെ പാഠപുസ്തകവുമായ 'ഫത്ഉൽ മുഈനിലെ' ഒരു മസ്അല മനുഷ്യസ്ത്രീയിൽ നായക്കോ, പന്നിക്കോ ഒരു സന്താനം ജനിച്ചാൽ അയാളെ നിസ്കാരത്തിൽ ഇമാമായി നിർത്താൻ പാടുണ്ടോ ഇല്ലയോ എന്നതാണ്. നമസ്കാരത്തിൽ ഇമാമായി നിർത്താമെന്നും അയാൾ നജസല്ലെന്നും തൊട്ടാൽ വുളുമുറിയില്ലെന്നും ശരീരം നനയാതെ പള്ളിയിൽ പ്രവേശിക്കണമെന്നുമാണ് ശൈഖ് സൈനുദ്ദീൻ മഖ്തൂമിന്റെ ഫത്‌വ, മറ്റൊന്ന് ഒരാളുടെ ഉള്ളം കൈയിൽ ഒരാൽ മരം മുളച്ചാൽ ആ ആൽമരവുമായി അയാൾ പള്ളിയിൽ പ്രവേശിച്ചുവെന്നിരിക്കട്ടെ അപ്പോൾ ആ ആൽമരത്തിലിരുന്ന് മറ്റൊരു സഹോദരൻ നിസ്കരിച്ചാൽ പള്ളിയിൽ വെച്ച് നിസ്കരിച്ചതിന്റെ കൂലി കിട്ടുമോ? ഇങ്ങിനെ നിയമം കൊണ്ട് ആകാശക്കോട്ട കെട്ടുന്ന ഉലമാക്കന്മാരുടെ കൈയിൽ ലക്ഷ്യങ്ങളോട് നീതി പുലർത്താത്ത അതിശുഷ്ക്കവും യുക്തിരഹിതവുമായ നിയമങ്ങ

ളായി മാറുന്നു.

## ത്വലാഖ് പുരോഗമനപരം

അനന്ത വൈവിധ്യങ്ങളും വൈരുദ്ധ്യങ്ങളും അഭിരുചികളുമുള്ള രണ്ട് വ്യക്തികൾ വിവാഹിതരായി മുന്നോട്ട് പോകുമ്പോൾ ചുഴിയും മലരുമുള്ള പ്രക്ഷുബ്ധമായ ജീവിതത്തോട് പ്രതിജനഭിന്നമായ രീതിയിൽ പ്രതികരിക്കുക സ്വാഭാവികമാണ്. പൊരുത്തമില്ലായ്മകളേയും സ്വരഭംഗങ്ങളേയും ഏകോപിപ്പിച്ച് ഇണക്കത്തോടും പൊരുത്തത്തോടും കൂടി മുന്നോട്ടു കൊണ്ടുപോകുന്ന കലയാണ് വാസ്തവത്തിൽ വൈവാഹിക ജീവിതം. വിവാഹ ബന്ധം ഏതവസരത്തിലും ഉലയാതെ നിലനിർത്തണമെന്നാണ് ഇസ്‌ലാമിന്റെ താല്പര്യം. റസൂൽ തിരുമേനി (സ) പറഞ്ഞത് *'വിവാഹമോചനത്തേക്കാൾ അല്ലാഹുവിന് കൂടുതൽ വെറുപ്പുള്ള ഒരു കാര്യവും അവൻ അനുവദനീയമാക്കിയിട്ടില്ല'* (അബൂദാവൂദ്) എന്നാണ്. അത് കേട്ട് അല്ലാഹുവിന്റെ സിംഹാസനം വരെ കുലുങ്ങിപ്പോവുമെന്നും മറ്റൊരു നിവേദനത്തിൽ പറയുന്നു.

മനുഷ്യപ്രകൃതിക്കും യാഥാർത്ഥ്യങ്ങൾക്കും യോജിച്ച വിധത്തിലാണ് ഇസ്‌ലാമിക നിയമങ്ങൾ നിർണ്ണയിച്ചിട്ടുള്ളത്. അയുക്തികതയിലധിഷ്ഠിതമായ പൊങ്ങച്ചത്തിന്റെ ആദർശങ്ങളോ മനുഷ്യന്റെ സ്വാഭാവിക നീതിക്ക് വിരുദ്ധമായ നിയമനിർദ്ദേശങ്ങളോ ഇസ്‌ലാമിലില്ല. ഇസ്‌ലാമിൽ വിവാഹം സ്ത്രീയും പുരുഷനും തമ്മിലുള്ള ഒരു സിവിൽ കരാറാണ്. അത് കേവലം ഒരു കരാറല്ല. മനുഷ്യന് ദൈവം നൽകിയ ഉദാത്തമായ മാനവീയ ഗുണങ്ങൾകൊണ്ട് ആ കരാർ കുടുംബജീവിതത്തിന്റെ അടിസ്ഥാനമാക്കാനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. അതിനുതകുന്നവിധം നിരവധി ഉപദേശങ്ങളും ഉൽബോധനങ്ങളും വിശുദ്ധഖുർആനിലും റസൂൽ തിരുമേനി(സ)യുടെ മാതൃകകളിലും വചനത്തിലും കാണാം. ദമ്പതിമാർക്കിടയിൽ സ്വരചേർച്ചയില്ലായ്മയും പൊരുത്തക്കേടും ഉടലെടുക്കുക എന്നത് ഒരു യാഥാർത്ഥ്യമാണ്. പ്രത്യേകിച്ചും ആധുനിക കാലത്ത്. അങ്ങിനെ മാനസികമായ അകൽച്ചയിൽ നീറിപ്പുകയുന്ന ദമ്പതിമാർ ജീവിതത്തെ ഒരു നരക കുണ്ടാക്കി മാറ്റണമോ, അതല്ല അവർ ദാമ്പത്യം വേർപിരിഞ്ഞ് സ്വതന്ത്രരാകണോ? പരാജിതമായ ദാമ്പത്യ ജീവിതത്തിന് നീതി പൂർവ്വമായ പരിഹാരം എന്ന നിലക്ക് ത്വലാഖ് അഥവാ വിവാഹ മോചനം അനിവാര്യവും പുരോഗമനപരമാണ്. ദൈവം കൂട്ടിയോജിപ്പിച്ചതിനെ മനുഷ്യന് വേർപ്പെടുത്താൻ അധികാരമില്ല എന്ന ബൈബിൾ സുവിശേഷത്തിലെ ആപ്തവാക്യങ്ങൾ ഇവിടെ ജീവിത യാഥാർത്ഥ്യങ്ങൾക്ക് മുമ്പിൽ അന്തഃസ്സാര ശൂന്യമായ പൊയ്‌വാക്കുകളുമായി മാറുന്നു എന്നത് നമ്മുടെ അനുഭവ യാഥാർത്ഥ്യങ്ങളാണ്. ത്വലാഖിന്റെ പേരിൽ ഇസ്‌ലാമിനെ വിമർ ശിക്കുന്ന പുരോഗമനവാദികൾ ഇത്തരം പരാജയപ്പെട്ട ദാമ്പത്യങ്ങൾക്ക് പരിഹാരം പറയാറില്ല. കാരണം മൊഴി ചൊല്ലൽ അഥവാ ത്വലാഖ് ഒരു മുസ്‌ലിം സംജ്ഞയാണല്ലോ. അത് പുരോഗമനപരമാണെന്ന് പറഞ്ഞാൽ പിന്നെ പുരോഗമനം എന്നതിന് പുതിയ നിർവ്വചനം കണ്ടെത്തേണ്ടിവരും എന്നായിരിക്കും പുരോഗമനക്കാരുടെ പേടി.

ദാമ്പത്യം ഭൂമിയിലെ നരകമായി ത്തീർന്നാലും ക്രിസ്തീയ നിയമ പ്രകാരം വിവാഹമോചനം പാപമാണ്. മത നിയമത്തിൽ വിവാഹമോചനം ലഭിക്കുവാൻ ഒന്നുകിൽ ഭാര്യ വ്യഭിചാരിയാവണം അല്ലാത്തപക്ഷം ഭാര്യ ഇല്ലാതാവണം. അത്രയും കർക്കശ സ്വരത്തിലാണ് യേശു വിവാഹമോചനത്തെ അപലപിച്ചത്. *'ചാരിത്ര്യലംഘനം എന്ന കാരണത്താലല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവൻ അവളെ വ്യഭിചാരിണിയാക്കുകയാണ് അങ്ങിനെ ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം ചെയ്യുന്നവനും വ്യഭിചരിക്കുന്നു.* (മത്താ 5:32). 1960 വരെ അമേരിക്കയിലെ ന്യൂയോർക്ക് സ്റ്റേറ്റിൽ വ്യഭിചാര കുറ്റം ചെയ്താലല്ലാതെ വിവാഹമോചനം അനുവദിച്ചിരുന്നില്ല.1995 ലാണ് കത്തോലിക്കർക്ക് പ്രാമുഖ്യമുള്ള അയർലണ്ടിൽ വിവാഹ മോചന നിയമം നിലവിൽ വന്നത്. ജീവിത യാഥാർത്ഥ്യങ്ങളെ അവഗണിച്ച് വിവാഹമോചനം വ്യഭിചാരത്തിന് വഴിവെക്കലാണെന്ന് ക്രിസ്തു പറഞ്ഞത് കൊണ്ടാകാം. ക്രിസ്ത്യൻ ഭൂരിപക്ഷമുള്ള യൂറോപ്പിലെ പെർമിസീവ് സൊസൈറ്റിയിൽ വ്യഭിചാരവും വിവാഹമോചനവും സാർവ്വത്രികമായ ഒരു വിനോദമായി മാറിയത്. ജീവിത യാഥാർത്ഥ്യങ്ങളുടെ സമ്മർദ്ദം മൂലമാണ് വിവാഹമോചനം അവിടെ നിയമമായി മാറിയത്. 1970 ൽ കാന്റർ ബറി ആർച്ച് ബിഷപ്പിന്റെ നേതൃത്വ ത്തിൽ വിവാഹമോചന നിയമ പരിഷ്കരണ പ്രസ്ഥാനത്തിന്റെ പ്രക്ഷോഭം മൂലം വിവാഹ മോചനനിയമങ്ങൾ ഇംഗ്ലണ്ടിലും അമേരിക്കയിലും കൂടുതൽ ഉദാരമാക്കിയിരിക്കുകയാണ്. അതിനെ തുടർന്ന് യൂറോപ്പിൽ വിവാഹമോചനത്തിന്റെ വസന്തകാലം വന്നിരിക്കുകയാണ്. 1980 ലെ ഒരു പഠന പ്രകാരം 3ൽ ഒരു വിവാഹം അവിടെ മൊഴി ചൊല്ലപ്പെടുന്നു. ഇപ്പോൾ വിവാഹ മോചനത്തിന്റെ പൊല്ലാപ്പ് ഇല്ലാതാക്കാൻ നിയമം ഒന്നുക്കൂടിപരിഷ്ക്കരിച്ചിട്ടുണ്ട്. വിവാഹം കഴിച്ചെങ്കിലല്ലേ വിവാഹമോചനമുള്ളൂ! ആണും പെണ്ണും തമ്മിൽ വിവാഹം കഴിക്കാതെയുള്ള സഹജീവനം അഥവാ കോഹെബിറ്റേഷന് അവിടെ നിയമാനുവാദമുണ്ട്. ഇത് വിവാഹ പൂർവ്വ സൗഹൃദമായ ഡേറ്റിംഗിന്റെ കൂടുതൽ കാലദൈർഘ്യമുള്ള ഒരു നൂതന പ്രതിഭാസമാണ്. അമേരിക്കയിലെ ദമ്പതിമാരിൽ പുതുതായി വിവാഹം ചെയ്ത പകുതിയിലധികം പേരും ഇങ്ങിനെ സഹജീവനജോഡികളാണ്. എന്നിട്ടും വിവാഹമോചനത്തിന് യാതൊരു കുറവുമില്ല. റസൂൽ തിരുമേനി (സ) യെ കാർട്ടൂണിലൂടെ അപകീർത്തിപ്പെടുത്തിയ ഡെന്മാർക്കിലും നതർലാന്റ്സിലും വിവാഹം എന്ന പഴഞ്ചൻ സമ്പ്രദായത്തിന്

പകരം ഒരു ബദൽ രീതി രംഗപ്രവേശനം ചെയ്തിട്ടുണ്ട്. അതിന് ആണുങ്ങൾക്ക് വിവാഹത്തിന് സ്ത്രീയുടെ ആവശ്യമേ ഇല്ല. സ്വവർഗ്ഗവിവാഹമാണത്. അതിന് അവിടെ നിയമപ്രാബല്യമുണ്ട്. സഹസ്രാബ്ദങ്ങളായി മതങ്ങളും മനുഷ്യസംസ്കൃതിയും പവിത്രമായി സംരക്ഷിച്ചുവരുന്ന വിവാഹസമ്പ്രദായത്തെ കേവലം ശാരീരികാനുഭൂതികൾക്ക് വേണ്ടി മാത്രം അവർ അട്ടിമറിക്കുകയാണ്. അങ്ങിനെ അസ്ഥിരവും അരക്ഷിതവുമായ സ്ത്രീ പുരുഷബന്ധത്തിനു മേലാണ് കുടുംബ ജീവിതം കെട്ടിപടുക്കുന്നത്. ഉത്തരവാദിത്തങ്ങളില്ലാത്ത ഈ അസ്തിര ബന്ധങ്ങൾ സൃഷ്ടിക്കുന്ന മാനസിക സംഘർഷങ്ങൾ, ഏകാന്തത, സംരക്ഷണമില്ലായ്മ, അതിലുണ്ടാകുന്ന സന്താനങ്ങളുടെ വാത്സല്യ രാഹിത്യം, മുതലായ വ്യഥകളും പ്രശ്നങ്ങളും കണ്ണഞ്ചിപ്പിക്കുന്ന യൂറോപ്യൻ സമൂഹത്തിന്റെ അപ്രകാശിതമായ മഹാദുഃഖങ്ങളാണ്. ഇസ്ലാം അതുകൊണ്ടാണ് വിവാഹജീവിതത്തെ ശക്തമായ രീതിയിൽ അരക്കിട്ടുറപ്പിച്ച നിർത്തുകയും പ്രശ്നങ്ങൾക്ക് വ്യക്തമായ പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുന്നത്.

## ഇസ്ലാമിലെ ത്വലാഖ്

അല്ലാഹു ഖുർആനിൽ പറയുന്നു. *'നിങ്ങൾ അവരോട് (ഭാര്യ)മാരോട് നല്ല നിലയിൽ വർത്തിക്കുവിൻ. ഇനി നിങ്ങൾ അവരെ വെറുക്കുന്നുവെങ്കിൽ. നിങ്ങൾ വെറുക്കുന്ന ഒന്നിൽ തന്നെ അല്ലാഹു ധാരാളം നന്മ വെച്ചിരിക്കുന്നു എന്നു വരാം.* (4:20). ദൈവം ഏറ്റവും വെറുക്കപ്പെട്ട ഒരു പരിമിത അനുവാദമാണെന്നതിനാൽ ത്വലാഖിന് നിരവധി ഉപാധികളും നിയന്ത്രണങ്ങളും ഇസ്ലാം നിഷ്കർഷിക്കുന്നുണ്ട്. മുറിഞ്ഞുപോയാൽ തന്നെ അത് വിളക്കിചേർക്കാൻ ഏറ്റവും മാന്യവും മനശാസ്ത്രപരവും യുക്തിബദ്ധവുമായ മാർഗ്ഗനിർദ്ദേശകതത്ത്വങ്ങളാണ് ഖുർആൻ നിർദ്ദേശിച്ചത്. ഖുർആന്റെ മാനവീയമായ ഈ ചൈതന്യം ഉൾക്കൊള്ളാതെ, അത് സിവിൽ നിയമ ഭാഷയിലേക്ക് പരിഭാഷപ്പെടുത്തിയ നിയമവത്ക്കരണ പ്രവണതയുള്ള ഫുഖഹാക്കളാണ് രമണീയമായ ഇസ്ലാമിക ദാമ്പത്യത്തെ രാവണൻ കോട്ടയാക്കി മാറ്റിയത്. ഭർത്താവിന് നൽകപ്പെട്ട അധികാരമുപയോഗിച്ച് ഭാര്യയുമായുള്ള വിവാഹബന്ധം വേർപ്പെടുത്തുന്നതിനെയാണ് 'ത്വലാഖ്' എന്ന് പറയുന്നത്. ത്വലാഖ് തന്നെ രണ്ട് വിധമുണ്ട്. 'ത്വലാഖ് റജ്ഈ' (Revocable Divorce - തിരിച്ചെടുക്കാവുന്ന അഥവാ റദ്ദാക്കാവുന്ന ത്വലാഖ്) മറ്റേത് 'ത്വലാഖ് ബാഇൻ' (Irrivocable Divorce - തിരിച്ചെടുക്കാൻ പറ്റാത്ത അഥവാ റദ്ദാക്കാൻ പറ്റാത്ത ത്വലാഖ്) ഇസ്ലാമിൽ വിവാഹമോചനം ചെയ്യാൻ പുരുഷനെ പോലെ തന്നെ സ്ത്രീക്കും അവകാശമുണ്ട്. അതിന് സാങ്കേതികമായി 'ഖുൽഅ്', 'ഫസ്ക്ക്' എന്നീ സംജ്ഞകളാണ് ഉപയോഗിക്കുന്നത്.

ഗുജറാത്തിലെ ശേർ മുഹമ്മദിന്റെ കാര്യത്തിൽ സംഭവിച്ചത് മുത്വലാഖാണ്. അതായത് മൂന്നുഘട്ടത്തിൽ ചൊല്ലി പ്രാബല്യത്തിൽ വരേണ്ട ബാഇനി ത്വലാഖ് (തിരിച്ചെടുക്കാൻ പറ്റാത്ത ത്വലാഖ്) ഒരു സന്ദർഭത്തിൽ തന്നെ മൂന്ന് വട്ടം ചൊല്ലി വിവാഹമുക്തയെ പുനർ വിവാഹം ചെയ്യാൻ പറ്റാത്തതായി തീർക്കുന്ന രീതിയാണിത്. ഖുർആന് വിരുദ്ധമാണിത്. ഉലമാക്കന്മാരുണ്ടാക്കിയ ഈ ശരീഅത്ത് നിയമത്തെ മറികടക്കാൻ അവർ തന്നെയുണ്ടാക്കിയ നിയമമാണ് കുപ്രസിദ്ധമായ 'ചടങ്ങിനിരിക്കൽ' അഥവാ 'ഹലാല': അതായത് ഒരേ സന്ദർഭത്തിൽ മൂന്ന് മൊഴിയും ചൊല്ലപ്പെട്ടവളെ പുനർ വിവാഹം ചെയ്യണമെങ്കിൽ അവളെ മറ്റൊരാളെകൊണ്ട് വിവാഹം കഴിപ്പിച്ച് ലൈംഗിക വേഴ്ച ഉറപ്പുവരുത്തി അയാളോട് ഉടൻ മൊഴി വാങ്ങി ആദ്യത്തെയാൾക്ക് തന്നെ അവളെ വിവാഹം കഴിപ്പിച്ചുകൊടുക്കുന്ന രീതിയാണിത്.

ത്വലാഖ് ചൊല്ലിയാൽ തന്നെ അയാളെ ത്വലാഖിൽ നിന്നും പിന്തിരിപ്പിക്കാനുള്ള ഖുർആന്റെ സൂക്ഷ്മമായ നിയമക്രമീകരണങ്ങളാണ് റജ്ഈ, ബാഇൻ ത്വലാഖുകളിൽ ഉള്ളടങ്ങിയിരിക്കുന്നത്. വിവാഹമുക്തയെ തിരിച്ചെടുക്കാൻ പറ്റാത്ത ത്വലാഖ് ആവണമെങ്കിൽ അത് സുദീർഘമായ ഒരു സമയ ബന്ധിത പ്രക്രിയയാണ്. ഇതു സംബന്ധമായ ഖുർആനിക വചനങ്ങൾ നമുക്ക് പരിശോധിക്കാം.

*"നിങ്ങൾ സ്ത്രീകളെ വിവാഹമോചനം ചെയ്യുകയാണെങ്കിൽ ഇദ്ദയിൽ നിശ്ചിത കാലാവധിയുടെ സമയമനുസരിച്ച് വിവാഹമോചനം ചെയ്യുക. ഇദ്ദയുടെ ദിനങ്ങൾ കണക്കാക്കുകയും ചെയ്യുക. നിങ്ങളുടെ നാഥനായ അല്ലാഹുവിനെ സൂക്ഷിക്കുക അവരുടെ വീടുകളിൽ നിന്ന് നിങ്ങളവരെ പുറത്താക്കരുത്. അവർ സ്വയം പുറത്ത് പോകുകയുമരുത്. (65:2)*

*"വിവാഹമോചിതരായ സ്ത്രീകൾ മൂന്നു ആർത്തവ കാലം വരെ സ്വയം നിയന്ത്രിച്ച് കാത്തിരിക്കേണ്ടതാണ്. അവർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അവർ അറിഞ്ഞിരിക്കട്ടെ) അവരുടെ ഗർഭാശയങ്ങളിൽ അല്ലാഹു സൃഷ്ടിച്ചിട്ടുള്ളതിനെ മറച്ചുവെക്കുന്നത് അവർക്ക് അനുവദനീയമല്ല. അവരുടെ ഭർത്താക്കന്മാർ രഞ്ജിപ്പാണ് ആഗ്രഹിക്കുന്നതെങ്കിൽ അതിൽ (ആ കാലയളവിൽ അവരെ തിരിച്ചെടുക്കുന്നതിൽ കൂടുതൽ അവകാശമുള്ളത് അവർക്കാണ് (ഭർത്താക്കന്മാർക്കാണ്). ........(റദ്ദാക്കാവുന്ന) വിവാഹമോചനം രണ്ട് പ്രാവശ്യമാണ്. പിന്നീട് ന്യായമായ നിലയിൽ (ഭാര്യയെ) കൂടെ നിർത്തുകയോ ഔദാര്യപൂർവ്വം വിട്ടയക്കുകയോ ചെയ്യാം. നിങ്ങൾ അവർക്ക് നൽകിയിട്ടുള്ളതിൽ നിന്ന് യാതൊന്നും (തിരികെ) വാങ്ങുന്നത് നിങ്ങൾക്ക് അനുവദനീയമല്ല...... പിന്നീട് (മൂന്നാം പ്രാവശ്യം) അവൻ അവളുമായുള്ള വിവാഹബന്ധം വേർപെടുത്തിയെങ്കിൽ അതിനുശേഷം അവനല്ലാത്ത മറ്റൊരു ഭർത്താവിനെ അവൾ വിവാഹം ചെയ്യുകയും ആ ബന്ധം വേർപ്പെടു*

*ത്തുകയും ചെയ്യുന്നത് വരെ അവൾ അവനു അനുവദനീയമാവുകയില്ല. പിന്നെ ആ രണ്ടാമത്തെ ആൾ അവളെ വിവാഹമോചനം ചെയ്തുകഴിഞ്ഞാൽ വിവാഹബന്ധത്തിലേക്ക് അവരന്യോന്യം തിരിച്ചു വരുന്നതിൽ അവർക്ക് കുറ്റമൊന്നുമില്ല. (2:229-231)*

ഈ വചനങ്ങളിൽ ത്വലാക്കിനെ നിരുത്സാഹപ്പെടുത്തി തിരിച്ചെടുക്കാനുള്ള രീതിയിൽ ത്വലാഖിനെ മാറ്റിത്തീർക്കാൻ ചില നിയന്ത്രണങ്ങളും ഉപാധികളുമാണ് ഖുർആൻ നിർദ്ദേശിക്കുന്നത് അത് എന്തൊക്കെയാണെന്ന് നോക്കാം.

• ത്വലാഖ് ആർത്തവമില്ലാത്ത ശുദ്ധികാലത്തെ പാടുള്ളൂ. ആർത്തവ സമയത്ത് ത്വലാഖ് പാടില്ല. ഇതിന്റെ താല്പര്യം ആ സന്ദർഭത്തിൽ അവർ തമ്മിൽ സമ്പർക്കമില്ലാത്ത കാലമാണ് ഈ ഘട്ടത്തിൽ സ്ത്രീകൾക്ക് മാനസിക പിരിമുറുക്കവും അസ്വസ്ഥതയും സ്വാഭാവികമാണ് സമ്പർക്കമില്ലാത്തതിനാൽ ആർത്തവ കാലത്ത് ഭർത്താവിന് സ്ത്രീയോട് ആഭിമുഖ്യം കുറയാനും അവരുടെ സംഘർഷങ്ങൾക്ക് ലൈംഗിക വേഴ്ചകളിലൂടെ ലഘൂകരിക്കാനും മയപ്പെടാനുമുള്ള സന്ദർഭം കുറവാണ്. അതുകൊണ്ടാണ് ശാരീരികമായി കൂടുതൽ അടുപ്പമുണ്ടാവുന്ന ശുദ്ധികാലത്ത് ത്വലാഖിനുള്ള പ്രവണത കുറയുന്നത് കൊണ്ട് ആ സമയത്ത് ത്വലാഖ് ചൊല്ലാൻ നിർദ്ദേശിച്ചത്.

• ത്വലാഖ് പ്രഖ്യാപനത്തിന് ശേഷം മൂന്ന് ആർത്തവ കാലങ്ങളിൽ (ഇദ്ദ:കാലത്ത്) ഭാര്യ മറ്റൊരു വിവാഹത്തിന് ശ്രമിക്കാൻ പാടില്ല. കാത്തിരിപ്പിന്റെ ഈ സമയത്ത് ഭർത്താവിന് അവളെ തിരിച്ചെടുക്കാം.

• ഈ കാലഘട്ടത്തിൽ ഭർത്താവിന്റെ വീട്ടിൽ തന്നെയാണ് വിവാഹമുക്ത താമസിക്കേണ്ടത് ഈ സന്ദർഭത്തിലും വിവാഹമോചനം റദ്ദ് ചെയ്ത് തിരിച്ചെടുക്കാനുള്ള മനശാസ്ത്രപരവമായ ഏറ്റവും നല്ല സന്ദർഭവും സാഹചര്യവും ലഭിക്കുന്നു.

• വിവാഹമുക്ത ഗർഭിണിയാണെങ്കിൽ പ്രസവിക്കുന്നത് വരെയാണ് അവളുടെ ഇദ്ദ: ഭർത്താവിന്റെ ചിലവിലും വീട്ടിലും പ്രസവം നടക്കുമ്പോൾ വിവാഹമുക്തയോടുള്ള വിരോധവും വിപ്രതിപത്തിയും ഇല്ലാതാവുന്ന ഏറ്റവും അനുകൂലമായ സാഹചര്യമായി ആ സന്ദർഭം മാറുന്നു. അപ്പോഴും അവളെ തിരിച്ചെടുക്കാം.

• ത്വലാഖ് ചൊല്ലിയ വളിൽ നിന്നും യാതൊന്നും തിരികെ വാങ്ങാൻ പാടില്ല. തിരികെ കിട്ടുമെന്ന സാമ്പത്തികമോഹത്താൽ ത്വലാഖിനുള്ള സാധ്യത ഇല്ലാതാവുന്നു.

• തിരിച്ചെടുക്കാൻ കഴിയാത്ത വിധത്തിലുള്ള ത്വലാക്ക് നിലവിൽ വരണമെങ്കിൽ അത് രണ്ടുതവണ തിരിച്ചെടുക്കാവുന്ന ഘട്ടവും കഴിഞ്ഞ് മൂന്നാമത്തെ ഘട്ടത്തിൽ പ്രഖ്യാപനം ആവർത്തിക്കുമ്പോഴാണ്. 2:230 ൽ പറയുന്നത് 'അത്ത്വലാഖു മർറത്താൽ' എന്നതിന്റെ അർത്ഥം (റദ്ദാക്കാവുന്ന) ത്വലാഖ് രണ്ട് പ്രാവശ്യമാണ്" എന്നാകുന്നു മർറത്താൻ എന്നാൽ രണ്ട് സന്ദർഭങ്ങളിലായുള്ള രണ്ട് എണ്ണത്തെയാണ് കുറിക്കുന്നത്. അതിനിടയിലുള്ളതാകട്ടെ മൂന്ന് ആർത്തവ ഘട്ടവും (മൂന്ന് ശുദ്ധികാലവും എന്നത് അർത്ഥവുമുണ്ട്) അതായത് ഒരിക്കൽ വിവാഹമോചനം ചെയ്യപ്പെട്ട ഭാര്യയെ ഇദ്ദകാലത്ത് (മൂന്ന് ആർത്തവകാലത്ത്) തിരിച്ചെടുക്കുകയോ ഇദ്ദ: കാലം കഴിഞ്ഞതിന് ശേഷമാണെങ്കിൽ നിയമപ്രകാരം നിക്കാഹ് ചെയ്യുകയോ ചെയ്യാം. പിന്നെയും ഭിന്നിച്ച് ഭാര്യയെ ത്വലാഖ് ചൊല്ലിയാലും ഇദ്ദകാലത്ത് തിരിച്ചെടുക്കുകയോ ഇദ്ദ:കഴിഞ്ഞതാണെങ്കിൽ നിയമപ്രകാരം വിവാഹം ചെയ്യുകയോ ചെയ്യാം. മൂന്നാം തവണയും ത്വലാഖ് ചൊല്ലിയാലാണ് അത് തിരിച്ചെടുക്കാൻ പറ്റാത്ത അഥവാ റദ്ദാക്കാൻ പറ്റാത്ത ത്വലാഖായി (ത്വലാഖ് ബാഇൻ) മാറുന്നത്. വിവാഹമുക്തയെ തിരിച്ചെടുക്കാവുന്ന റജ്ഇ ത്വലാഖ് രണ്ടാണെന്നും അത് ഇടവേളകളുള്ള രണ്ട് സമയങ്ങളിലുള്ളതാണെന്നും ഖുർആനിൽ നിന്നും വ്യക്തമാണ്.


ഇനി മൂന്ന് ത്വലാക്കും ഒരു സന്ദർഭത്തിൽ ഒന്നിച്ചു ചൊല്ലിയാൽ അത് തിരിച്ചെടുക്കാൻ പറ്റാത്ത ബാഇൻ ത്വലാക്ക് ആയിത്തീരുമോ എന്നതാണ് പ്രശ്നത്തിന്റെ കാതൽ. റസൂൽതിരുമേനി (സ) യുടെ വ്യക്തമായ മാതൃകയിൽ നിന്നും അത് തെറ്റാണെന്നും അങ്ങിനെ ചെയ്തെങ്കിൽ അത് ഒരു തലാഖ് മാത്രമായിട്ടാണ് ഗണിക്കപ്പെടുക എന്നും കാണാം. ഇബ്നു അബ്ബാസ് (റ) നിവേദനം: *'റുകാനത് തന്റെ ഭാര്യയെ ഒറ്റയിരുപ്പിൽ മൂന്ന് തവണ ത്വലാഖ് ഒന്നിച്ചുചൊല്ലി കഠിനമായി ദു:ഖിച്ചു. അപ്പോൾ താങ്കൾ എങ്ങിനെയാണ് ത്വലാഖ് ചൊല്ലിയതെന്ന് നബി (സ) ചോദിച്ചു. അദ്ദേഹം പറഞ്ഞു. ഒറ്റയിരുപ്പിൽ തന്നെ മൂന്നും ചൊല്ലി . അപ്പോൾ നബി (സ) അരുളി. അതൊന്ന് മാത്രമാണ്. ആകയാൽ നീ ഉദ്ദേശിക്കുന്നുവെങ്കിൽ അവളെ മടക്കിയെടുക്കുക.* (അബൂദാവൂദ്, അഹ്മദ്)

ഇസ്ലാം നിർദ്ദേശിക്കുന്ന പ്രകാരം മൂന്ന് മൊഴിയും ചൊല്ലി തിരിച്ചെടുക്കാൻ പറ്റാത്ത വിധം ത്വലാഖ് ചെയ്യപ്പെട്ടാൽ പിന്നെ ത്വലാഖ് ചെയ്തയാൾക്ക് അവളെ വിവാഹം ചെയ്യണമെങ്കിൽ അവളെ മറ്റൊരാൾ വിവാഹം ചെയ്യണം. അത് ചടങ്ങിനിരിക്കലല്ല. അവളെ പിന്നീടാരെങ്കിലും വിവാഹം ചെയ്യുകയും എന്നിട്ട് സ്വാഭാവികമായ രീതിയിൽ അവൾ രണ്ടാമത്തെ ഭർത്താവിനാലും ത്വലാഖ് ചൊല്ലി ഉപേക്ഷിക്കപ്പെടുകയാണെങ്കിലോ (ഇതിൽ യാതൊരു നിർബന്ധവും പാടില്ല) അയാൾ മരണപ്പെടുകയാണെങ്കിലോ ആദ്യത്തെ ഭർത്താവിന് വീണ്ടും അവളെ വിവാഹം ചെയ്യാൻ ഇസ്ലാം അനുവദിക്കുന്നു.

• ഇങ്ങിനെയൊരു നിയന്ത്രണം വെച്ചത് വിവാഹജീവിതം തോന്നിയതുപോലെ അവസാനിപ്പിക്കാനും വീണ്ടും ആരംഭിക്കുന്നതുമായ ഒരു

## വാർത്തകൾ

### മൗലാന മുഹമ്മദ് ഉമർ
### കോ-ഓർഡിനേറ്റിംഗ് ഓഫീസർ



കേരളത്തിലെ ആറു മേഖലകളുടെ അമീർമാർക്കിടയിലെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ആവ ശ്യം വരുമ്പോൾ അവരുടെ യോഗം വിളിച്ചുകൂട്ടുന്നതിനും ജമാഅത്ത് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും പരസ്പരം അഭിപ്രായ വിനിമയം നടത്തുന്നതിനും തബ്ലീഗ് തർബിയത്ത് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ആയി 2-4- 2006 ന് സദർ അഞ്ചുമൻ അഹ്മദിയ്യ എടുത്ത തീരുമാനമനുസരിച്ച് മൗലാനാ മുഹമ്മ് ഉമർ സാഹിബിനെ കോഓർഡിനേറ്റിംഗ് ഓഫീസറായി നിയമനം നടത്തിയിരിക്കുന്നു. കേരളത്തിലെ ചീഫ് മിഷനറി (ഇൻ ചാർജ്ജ്) ആയ അദ്ദേഹം ഇന്ത്യയിലെ സമുന്നതരായ അഹ്മദി പണ്ഡിതന്മാരിലൊരാളും ഖുർആൻ പരിഭാഷകനും ബഹുഭാഷപണ്ഡിതനുമാണ്. ഫലസ്തീൻ, തമിഴ്നാട്, ആന്ധ്ര എന്നിവിടങ്ങളിൽ മിഷനറിയായി പ്രവർത്തിച്ച മൗലാനാ മുഹമ്മദ് ഉമർ സാഹിബ് - ഖാദിയാനിലെ അഹ്മദിയ്യാ കേന്ദ്രത്തിൽ കുറച്ച് കാലം അദ്ധ്യാപകനുമായിരുന്ന അദ്ദേഹം നിരവധി വിദേശരാജ്യങ്ങൾ സന്ദർശനം നടത്തിയിട്ടുമുണ്ട്.

സദർ അഞ്ചുമാൻ അഹ്മദിയയുടെ ഈ തീരുമാനമനുസരിച്ച് അദ്ദേഹം മേഖലാ അമീർമാരോടു അഭിപ്രായം ആരായുകയും ആവശ്യാനുസരണം അമീർമാരുടെ മീറ്റിംഗ് വിളിച്ചുകൂട്ടുകയും ചെയ്യാവുന്നതാണ്. ഈ തീരുമാനത്തിന്റെ പകർപ്പുകൾ കേരളത്തിലെ ആറു മേഖലാ അമീർ സാഹിബുമാരെയും ബന്ധപ്പെട്ട നാസിർ സാഹിബുമാരെയും അറിയിച്ചു കൊടുത്തിരിക്കുന്നുവെന്നു നാസിർ അഅ്ലാ സാഹിബിന്റെ ഓഫീസിൽ നിന്നും അറിയിച്ചിരിക്കുന്നു.

---

അസ്ഥിരബന്ധമാക്കിമാറ്റാതിരിക്കാനാണ്. ഇസ്ലാമിന്റെ മനോഹരവും നീതിയുക്തവുമായ നിയമത്തിൽ ആർക്കും ഒരപാകതയും ചൂണ്ടിക്കാണിക്കാൻ സാധ്യമല്ല, മുത്വലാഖ്, ഹലാല: പോലെയുള്ള ഇസ്ലാമിക വിരുദ്ധമായ നിയമങ്ങൾ ശരീഅത്തിൽ കുത്തിത്തിരുകി ഇസ്ലാമിക വൈവാഹിക നിയമങ്ങളുടെ ഉദ്ദേശത്തെയും പവിത്രതയേയും കളങ്കപ്പെടുത്തിയത് കൊണ്ടാണ് സുപ്രീംകോടതിപോലെയുള്ള പരമോന്നത നീതിപീഠങ്ങളുടെ വിമർശനങ്ങൾ മുസ്ലിംകൾ ഏറ്റുവാങ്ങേണ്ടിവരുന്നത് എന്ന കാര്യം ഉണർത്തിക്കൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കുന്നു.

### തിരുത്ത്

കഴിഞ്ഞ ലക്കം സത്യദൂതനിൽ (ഏപ്രിൽ 2006) പേജ് 12 ൽ മുഹമ്മദ് ഉമർ ചീഫ് മുബല്ലിഗ്, കേരള എഴുതിയ ലേഖനത്തിന്റെ തലവാചകം 'അഹ്മദിയ്യാ ജമാഅത്തിന്റെ ശതാബ്ദി ജൂബിലി' എന്നത് **'അഹ്മദിയ്യാ ഖിലാഫത്തിന്റെ ശതാബ്ദി ജൂബിലി'** എന്ന് തിരുത്തി വായിക്കാനപേക്ഷ.



## അനുസ്മരണം

# ബിലാവിനകത്ത് ഖദീജസാഹിബ

പഴയങ്ങാടി: റിട്ട. റെയിൽവെ ചീഫ് പാർസൽ ക്ലർക്ക് മർഹും കെ. പി. അബ്ദുർറഹീം സാഹിബിന്റെ സഹധർമ്മിണിയും ഖാദിയാനിലെ 313 ദർവേശ്മാരിൽ ഒരാളായിരുന്ന മർഹും ഫഖ്റുദ്ദീൻസാഹിബ് മലബാരിയുടെ ഇളയമകളുമായ ബിലാവിനകത്ത് ഖദീജസാഹിബ (82) ഏപ്രിൽ 7, വെള്ളിയാഴ്ച രാത്രി 7.30 മണിക്ക് സ്വവസതിയിൽ നിര്യാതയായി. ഇന്നാലില്ലാഹി വഇന്നാ ഇലയ്ഹിറാജിഊൻ. മർഹും മൗലാനാ അബ്ദുല്ലാ സാഹിബ് എച്ച്. എ. യുടെ സഹോദരി പുത്രിയാണ് പരേത. മദ്രാസ് ക്വീൻ മേരീസ് കോളേജിൽ (Queen Mary's College) നിന്ന് ഉന്നത വിദ്യാഭ്യാസം നേടിയ കേരളത്തിലെ ആദ്യത്തെ അഹ്മദി വനിത കൂടിയാണ് ഖദീജ സാഹിബ.

അബ്ദുൽ ഹലീം, അബ്ദുൽ ഖയ്യൂം, അബ്ദുൽഹഖീം, റഹ്മത്തുന്നിസ, നുസ്റത്ത് ഇസ്മത്ത് എന്നിവർ മക്കളും പി. ബി. അബ്ദുർറഹീം, അബ്ദുൽ മജീദ്, റശീദ് അഹ്മദ്, ശരീഫാ അബ്ദുൽ ഹരീം, ശക്കീലാ അബ്ദുൽ ഖയ്യൂം, മെഹറുന്നിസ അബ്ദുൽ ഹക്കീം എന്നിവർ മരുമക്കളുമാണ്.

അല്ലാഹു പരേതാത്മാവിന് മഗ്ഫിറത്ത് നൽകട്ടെ. ആമീൻ.

**ബി. അബ്ദുൽ ഖയ്യും**
പഴയങ്ങാടി